/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 ജൂൺ പുസ്തകം 11 ലക്കം 11




# പൊൻവെളിച്ചമായി വിദ്യാകേരളം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ജൂൺ 1 • പുസ്തകം 11 • ലക്കം 11

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ്കുമാർ
**ഡപ്യൂട്ടി എഡിറ്റർ** കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം എച്ച് **സർക്കുലേഷൻ ഓഫീസർ** സി എഫ് ദിലീപ് കുമാർ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ചിത്രങ്ങൾ** ഐപിആർഡി ഫോട്ടോഗ്രഫി
**ടൈപ്പ് സെറ്റിങ്** വിനിത വി എസ് **കവർ ചിത്രം** ശരത് കൽപാത്തി

എഡിറ്റോറിയൽ »

# പുതുപഠനവർഷം പുതുമകളോടെ



ആഹ്ലാദഭരിതമായ അന്തരീക്ഷത്തിൽ പുതിയൊരു വിദ്യാലയകാലത്തിനു കൂടി തുടക്കമായിരിക്കുന്നു. കുട്ടികൾ പൊതുവിദ്യാലയങ്ങൾ ഉപേക്ഷിച്ചുപോയിരുന്ന ഒരു ഘട്ടത്തിൽനിന്ന്, അവർ സർക്കാർ സ്കൂളുകൾ തേടിയെത്തുന്ന തരത്തിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ മുഖച്ഛായ മാറിയ പശ്ചാത്തലത്തിലാണ് നാടെങ്ങും പ്രവേശനോത്സവങ്ങൾ നടന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനത്തിലും ആധുനികവൽക്കരണത്തിലും വലിയ മുന്നേറ്റമാണ് സൃഷ്ടിച്ചത്. ഒപ്പം സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്ര ഗുണമേന്മ ഉറപ്പാക്കുന്നതിലും ചിട്ടയായ പ്രവർത്തനങ്ങൾ സംസ്ഥാനം ആവിഷ്കരിച്ചു നടപ്പാക്കി വരികയാണ്.

കേവലം പഠനത്തിനപ്പുറം കുട്ടികളുടെ മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനവും സർക്കാർ ലക്ഷ്യമിടുന്നു. വ്യക്തിശുചിത്വം, മാലിന്യസംസ്കരണം, മാനസികാരോഗ്യം, ലഹരിവിരുദ്ധ മനോഭാവം വളർത്തൽ ഇവയൊക്കെ സ്കൂൾ വർഷത്തിന്റെ ആദ്യദിനങ്ങളിൽ കുട്ടികളിലെത്തിക്കും. ജനകീയാഭിപ്രായം കൂടി തേടി പാഠ്യപദ്ധതി പരിഷ്കരിക്കാനും ഇതുപ്രകാരം പുതുക്കിയ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നേരത്തെതന്നെ എത്തിക്കാനും കഴിഞ്ഞത് ശ്രദ്ധേയമായ നേട്ടമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തും കാലാനുസൃതമായ മാറ്റങ്ങൾ നടപ്പാക്കിവരികയാണ് സംസ്ഥാനം. നമ്മുടെ അക്കാദമിക് രംഗത്തെ ഏറെ മുന്നോട്ടുനയിക്കാൻ കഴിയുന്നവിധം ആവിഷ്കരിച്ച നാലുവർഷ ബിരുദം രണ്ടാം വർഷത്തിലേക്ക് കടക്കുന്നു. പരീക്ഷ മുതൽ ഫലപ്രഖ്യാപനം വരെ എല്ലാ സർവകലാശാലകളിലും ഏകീകൃതമാക്കിയതും വിദ്യാർഥികൾക്ക് ഗുണകരമാണ്. പുതിയ പഠനവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന വേളയിൽ, കേരളത്തിന്റെ മാറുന്ന വിദ്യാഭ്യാസരംഗമാണ് ഈ ലക്കം ചർച്ച ചെയ്യുന്നത്.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 JUNE 1 VOLUME 11 ISSUE 11 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/






6 ലക്ഷ്യം വിദ്യാർഥികളുടെ സമഗ്രവികാസം
പിണറായി വിജയൻ

10 പൊൻവെളിച്ചമായി വിദ്യാകേരളം
വി. ശിവൻകുട്ടി

14 കൂടുതൽ മികവോടെ ബിരുദപഠനം
ഡോ. ആർ ബിന്ദു

18 അറിവുത്സവത്തിന്റെ അക്ഷരമുറ്റങ്ങൾ
ഡോ. സി രാമകൃഷ്ണൻ

29 ക്ലാസ്മുറികളിൽ ഡിജിറ്റൽ വിപ്ലവം
കെ അൻവർ സാദത്ത്

32 പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ നവകേരളത്തിലേക്ക്
ഡോ. ജയപ്രകാശ് ആർ കെ

35 'എങ്കക്കൂട്ട'ത്തിന് പഠിപ്പിന്റെ തേൻരുചി
സിന്ധു എസ് എസ്

38 അറിവ് പൂക്കുന്ന കാടകങ്ങൾ
ബിജോ വേലിക്കകത്ത്

40 നിരക്ഷരതയുടെ തുരുത്തുകൾ ഇല്ലാതാകുമ്പോൾ
എ ജി ഒലീന

43 കിഫ്ബിയുടെ ചിറകിലേറി ഉയരങ്ങളിലേക്ക്

46 കേരളത്തിൽ പഠിക്കാനെത്തുന്ന ഇന്ത്യ
പി ടി രാഹേഷ്

49 തുടരും ഈ നേട്ടങ്ങൾ...

അറിയാം ഭാവിയുടെ പഠനമേഖലകൾ
ഡോ. ടി പി സേതുമാധവൻ

ഇൻഫോ ഗൈഡ്
പേജ് 23 - 28

പിണറായി വിജയൻ
മുഖ്യമന്ത്രി



ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങി ഭരണഘടനാ മൂല്യങ്ങളും പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ട് വെച്ച സാമൂഹിക മൂല്യങ്ങളും പൗരബോധവും കുട്ടികളിൽ ഉറപ്പിക്കുന്ന തരത്തിൽ പഠനപ്രക്രിയകളെ വികസിപ്പിക്കാനുള്ള പ്രായോഗിക നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്

# മൂല്യബോധം പകരുന്ന പൊതുവിദ്യാലയം

സന്തോഷത്തോടെയും ആഹ്ലാദത്തോടെയും സ്കൂളുകളിലേക്ക് എത്തിച്ചേർന്ന കേരളത്തിലെ മുഴുവൻ കുഞ്ഞുങ്ങളെയും സ്വാഗതം ചെയ്യുന്നു. ജീവിതത്തിൽ ആദ്യമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നവരും ഇവരിൽ ഉണ്ട്. സന്തോഷത്തോടൊപ്പം ആശങ്കയും ആകാംക്ഷയും ഒക്കെ അവർക്കുണ്ടാകും. അതൊക്കെ മാറ്റിയെടുത്ത് കൗതുകത്തിന്റെയും ജിജ്ഞാസയുടെയും അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കുക എന്നത് നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. നമുക്ക് കൂട്ടായി അത് നിർവഹിക്കാം.



ആലപ്പുഴ കലവൂർ ഗവ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സംസ്ഥാനതല പ്രവേശനോത്സവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു

മധ്യവേനലവധിക്ക് ശേഷം സ്കൂൾ തുറക്കുന്ന ഘട്ടത്തിലാണ് കാലവർഷം പതിവായി എത്താറുള്ളത്. പതിവ് തെറ്റിച്ച് ഇത്തവണ കാലവർഷം മെയ് മാസം തന്നെ ആരംഭിച്ചു. പലയിടങ്ങളിലും കഠിനമഴയാണ് പെയ്തത്. മഴയോടൊപ്പം ആഞ്ഞടിച്ച കാറ്റും ഒട്ടേറെ പ്രശ്നങ്ങൾ നാട്ടിൽ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്കൂളിലേക്ക് വരുന്നതും പോകുന്നതും ശ്രദ്ധയോടുകൂടി ആയിരിക്കണം.

പുതിയ ഒരു അധ്യയനവർഷത്തിന് ഇന്ന് തുടക്കമിടുകയാണ്. പതിവുപോലെ ഉത്സവഛായയിലാണ് ഇക്കുറിയും നാം വിദ്യാലയവർഷത്തിന് ആരംഭം കുറിക്കുന്നത്. പ്രവേശനോത്സവം എന്നത് അക്ഷരാർത്ഥത്തിൽ ഉത്സവഛായയിലാവുന്ന കാഴ്ചയാണ് കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം കാണുന്നത്.

അധ്യയന വർഷം അവസാനിക്കുമ്പോൾ തന്നെ അടുത്ത അധ്യയനവർഷത്തേക്കുള്ള പുസ്തകങ്ങൾ കുട്ടികളുടെ കൈകളിലേക്ക്എത്തുന്നു.കുട്ടികൾക്കെല്ലാംയൂണിഫോം ലഭിക്കുന്നു. ക്ലാസ്സ് മുറികൾ കൂടുതൽ മികവിലേക്കുയരുന്നു. ഇതൊക്കെ പോരേ കുട്ടികൾക്കും അധ്യാപകർക്കും ഉത്സവസമാനമായ സന്തോഷം ലഭിക്കാൻ? മതി എന്നു തോന്നാം. എന്നാൽ അതിനപ്പുറവും ചിലതുണ്ട്. പരസ്പരം സ്നേഹമുണ്ടാവുക, കരുതലുണ്ടാവുക തുടങ്ങിയവയാണവ.

അറിവ് നേടുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ലോകത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം തന്നെ അറിവാണ്. പുതിയ കാര്യം അറിയുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന സന്തോഷം അളവറ്റതാണ്. അറിവ് ആർജിച്ച് ആത്മവിശ്വാസത്തോടെ വളരുന്നതിന്റെ ആനന്ദമാണ് ആധുനിക കാലത്ത് വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത്. അതിലേക്കാണ് ഇന്ന് നമ്മുടെ കുരുന്നുകൾ ചുവടുവയ്ക്കുന്നത്. എന്നാൽ അവരുടെ വിദ്യാലയ ജീവിതം അറിവ് ലഭിക്കുന്നതിലേക്കു മാത്രമായി ചുരുങ്ങാമോ? അതുപോര.

ഇവിടെ എന്താണ് അറിവ് എന്ന ചോദ്യം വളരെപ്രസക്തമാണ്.ഗണിതപാഠങ്ങളോ പൊതുവിജ്ഞാനമോ ശാസ്ത്ര ജ്ഞാനമോ ഭാഷാപ്രാവീണ്യമോ ആർജിക്കുന്നത് മാത്രമാണോ അറിവ്? പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റേയും വിമർശനാത്മക ചിന്തയുടേയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം.

മുൻപൊക്കെ 'എന്തിനാണ് പഠിക്കുന്നത്?' എന്ന ചോദ്യമുയർന്നാൽ ഭൂരിഭാഗം കുട്ടികളും ജോലി കിട്ടാൻ എന്ന മറുപടിയാണ് പറഞ്ഞിരുന്നത്. എന്നാൽ പുതിയ കാലത്ത് 'വർക്ക് ലൈഫ് ബാലൻസ്' എന്ന ആശയത്തിന് കൂടുതൽ മേൽക്കൈയുണ്ടാവുകയാണ്. ഈയൊരു ഘട്ടത്തിൽ ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം. അതിന് അറിവ് മാത്രം മതിയാവില്ല. വിവേകവും വിവേചനബുദ്ധിയും സഹജീവിസ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാം കൈമുതലായിവേണം. ആ നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനുതകുംവിധം സർക്കാർ നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റിത്തീർക്കുകയാണ്.



മാനവികതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷ ചിന്തയുടെയും ജനാധിപത്യ ബോധത്തിന്റെയും പ്രകാശത്തിലേക്കാണ് കുട്ടി വളരേണ്ടത്. വിദ്യാഭ്യാസം അതിനു വേണ്ടിയുള്ളതാണ്. അറിവ് മാത്രമുണ്ടായാൽ പോര. തിരിച്ചറിവു കൂടി ഉണ്ടാകണം. അറിവുണ്ടാകുകയും തിരിച്ചറിവ് ഉണ്ടാകാതെ പോവുകയും ചെയ്യുന്നു എന്നതാണ് സത്യത്തിൽ നമ്മുടെ പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ദോഷങ്ങളിലൊന്ന്.

ഔചിത്യബോധം, വിവേകം, വകതിരിവ്, കാര്യകാരണ ബന്ധപരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി തുടങ്ങിയവ ഒക്കെക്കൂടി ഉണ്ടാകുമ്പോൾ മാത്രമേ അറിവ് സാഫല്യത്തിലെത്തൂ. ഇവയുടെ അഭാവത്തിൽ ചില ഘട്ടങ്ങളിലെങ്കിലും അറിവ് അറിവില്ലായ്മയുടെ ഫലം ചെയ്യും.

ഈ ചിന്ത വിദ്യാഭ്യാസ പദ്ധതികളിൽ ഉൾച്ചേർക്കുക എന്നത് വളരെ പ്രധാനമാണ്. അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കണം. സമൂഹവുമായി ബന്ധിപ്പിക്കണം. അതാകട്ടെ അറിവുള്ളവരായി മാത്രമല്ല, അറിവ് ജീവിതത്തിൽ പ്രയോഗിക്കാൻ സാമർത്ഥ്യമുള്ളവരായിക്കൂടി കുട്ടികളെ മാറ്റും. ആ വഴിക്കുള്ള ശ്രമങ്ങളാണ് സർക്കാർ കേരളത്തിൽ നടത്തുന്നത്. ഉന്നതമായ അക്കാദമിക് നിലവാരമാണ് നമ്മൾ ലക്ഷ്യംവെക്കുന്നത്.

അതിന്റെ ഭാഗമായാണ് സ്കൂൾ തുറന്ന ആദ്യത്തെ രണ്ടാഴ്ച ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും പൊതുവായ കാര്യങ്ങൾ കുട്ടികളുമായി പങ്കിടണമെന്ന് സർക്കാർ തീരുമാനിച്ചത്. കാലവർഷം എന്നത് പകർച്ചവ്യാധികളുടെ കൂടി കാലമാണ്. ഈ കാലത്ത് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികൾ

**മാനവികതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷ ചിന്തയുടെയും ജനാധിപത്യ ബോധത്തിന്റെയും പ്രകാശത്തിലേക്കാണ് കുട്ടി വളരേണ്ടത്. വിദ്യാഭ്യാസം അതിനു വേണ്ടിയുള്ളതാണ്.**

അറിയേണ്ടതുണ്ട്. നാം കൂട്ടായി അഭിമുഖീകരിക്കുന്ന മയക്കമരുന്ന് / ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിയേണ്ട കാര്യങ്ങൾ, വ്യക്തിശുചിത്വവും പരിസരശുചിത്വവും ഹരിതക്യാമ്പസും എല്ലാം കുട്ടിയുടെ അറിവിന്റെയും ധാരണയുടെയും ഭാഗമാക്കണം. അതോടൊപ്പം ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം, ഇവയെല്ലാം കുട്ടികളുടെ പരിഗണനാവിഷയങ്ങൾ ആക്കി മാറ്റണം.

പൊതുമുതൽസംരക്ഷണം, നിയമാവബോധം, കാലാവസ്ഥാമുൻകരുതൽ തുടങ്ങിയവയും ചർച്ച ചെയ്യണം. ചിലയിടങ്ങളിലെങ്കിലും കുട്ടികൾ സംഘം ചേർന്ന് ശരിയല്ലാത്ത നിലയിൽ പെരുമാറുന്നത് കാണുന്നുണ്ട്. പരസ്പര സഹകരണത്തിന്റെ ഇടങ്ങളായി പൊതുവിദ്യാലയങ്ങൾ എങ്ങനെ മാറ്റാം എന്നതും കൂട്ടായി ആലോചിക്കേണ്ടതുണ്ട്. സാരോപദേശ രീതിയിൽ മാത്രമല്ല ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ആകണം ഇതിലെ നല്ല അംശങ്ങൾ കുട്ടികളുടെ ബോധ്യമാക്കി മാറ്റേണ്ടത്.

നമ്മുടെ സമൂഹത്തിൽ പൊതുവിദ്യാലയങ്ങൾക്ക് സവിശേഷമായ പങ്കാണുള്ളത്. മതേതരവീക്ഷണവും ജനാധിപത്യബോധവും മുമ്പത്തേക്കാൾ ഏറെ നമ്മുടെ രാജ്യത്തിന് ആവശ്യമായ സന്ദർഭമാണിത്. ഈ മൂല്യങ്ങൾ സിലബസിനൊപ്പം കുട്ടികളുടെ മനസ്സിലേക്ക പകർന്നുകൊടുക്കുന്ന പൊതുവിടങ്ങളാണ് ഇവിടുത്തെ പൊതുവിദ്യാലയങ്ങൾ. ഈ തിരിച്ചറിവ് ഇടയ്ക്കൊരിക്കൽ കേരള സമൂഹത്തിന് കൈമോശം വന്നു. പൊതുവിദ്യാലയങ്ങൾ സാമ്പത്തികമായി ലാഭകരമല്ല എന്നുപറഞ്ഞ് അടച്ചുപൂട്ടാനാണ് അന്നു ചിലർ തീരുമാനിച്ചത്. സാമ്പത്തിക ലാഭമാണോ അവിടെ കണക്കുകൂട്ടേണ്ടത്? ഞാൻ നേരത്തെ സൂചിപ്പിച്ച മതേതര വീക്ഷണവും ജനാധിപത്യബോധവും മാനുഷിക മൂല്യങ്ങളും കോടിക്കണക്കിന് രൂപയുടെ ലാഭത്തെക്കാൾ എത്രയോ വിലമതിക്കുന്നതാണ്. ആ കാഴ്ചപ്പാടോടെയാണ് പൊതു വിദ്യാഭ്യാസ രംഗത്തെ സർക്കാർ കാണുന്നത്.

ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കേണ്ട നാലു മേഖലകളിൽ ഒന്നായി പൊതുവിദ്യാഭ്യാസത്തെ സർക്കാർ പരിഗണിച്ചു. പ്രത്യേക മിഷൻ അതിനായി രൂപീകരിച്ചു. ജനകീയമായ ഒരു മഹാസംരംഭം കൂടിയായി അതിനെ വളർത്തിയെടുക്കാൻ കഴിഞ്ഞതു കൊണ്ടുകൂടിയാണ് തകർച്ചയിലായിരുന്ന ഈ മേഖലയിൽ ഇപ്പോൾ പുതുവസന്തത്തിന്റെഉത്സാഹമുണ്ടായത്.പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി രൂപം കൊടുത്ത മാസ്റ്റർ പ്ലാനുകളിൽ ആദ്യത്തേത് നടപ്പാക്കിയ സ്കൂളുകളിൽ ഒന്നാണ് കലവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. ഒമ്പത് വർഷങ്ങൾക്കിപ്പുറം ഈ സ്കൂളിൽ വെച്ച് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യപ്പെടുന്നതിൽ തികഞ്ഞ ഔചിത്യമുണ്ട്.


**ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠന നില അറിഞ്ഞ് അതത് അവസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി കുട്ടികളെ പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്**

കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി നിരവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. ഭൗതിക സൗകര്യ വികസനത്തിൽ മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിലുള്ള മുന്നേറ്റമാണ് കഴിഞ്ഞ ഒമ്പത് വർഷമായി ഉണ്ടായിട്ടുള്ളത്. കിഫ്ബിയുടെ ധനസഹായത്തോടെ 973 വിദ്യാലയങ്ങൾക്ക് ഭൗതിക സൗകര്യ വികസനം ആസൂത്രണം ചെയ്തിട്ടുണ്ട്. അതിൽ 750 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 539 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ പ്ലാൻ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് തുടങ്ങിയവയെല്ലാം വിനിയോഗിച്ച് നാട്ടിലെ പൊതുവിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. 5,000 കോടി രൂപയിലധികം ഈ ഇനത്തിൽ സർക്കാർ വിനിയോഗിച്ചിട്ടുണ്ട്. 15-20 വർഷങ്ങൾക്ക് മുമ്പ് പഠിച്ചവർ കണ്ട സ്കൂൾ അല്ല ഇന്നത്തെ സർക്കാർ സ്കൂളുകൾ. കാഴ്ചയിലും സൗകര്യത്തിലും എല്ലാം വളരെയധികം മാറി.

ഭൗതിക സൗകര്യ വികസന കാര്യങ്ങളിലുള്ള മുന്നേറ്റം കൊണ്ടു മാത്രം തൃപ്തരാകാൻ നമുക്ക് കഴിയില്ല. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം 'സമഗ്ര ഗുണമേന്മാവർഷ'മായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ നേടിത്തന്നെ മുന്നേറണം. ഇക്കാര്യത്തിൽ അധ്യാപകർക്ക് അതിപ്രധാനമായ ഉത്തരവാദിത്വമുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വം വളരെ പ്രധാനമാണ്. സർക്കാർ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ക്യാമ്പസ് സജ്ജമാക്കൽ തുടങ്ങിയവയെല്ലാം പൂർത്തീകരിച്ചു. ക്യാമ്പസ് സജ്ജമാക്കുന്നതിന് ജനകീയ പങ്കാളിത്തം ഒരു പ്രധാന ഘടകമായി തന്നു. പെരുമഴ ചിലയിടങ്ങളിലെങ്കിലും പരിമിതികളുണ്ടാക്കിയിട്ടുണ്ടാകാം. അവ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയണം.





സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നിരവധി മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് വിഭാവനം ചെയ്യുന്നു. അതിൽ ഏറ്റവും പ്രധാനം അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുക എന്നതാണ്. എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങളാണ് ക്ലാസ് മുറികളിൽ നടപ്പാക്കേണ്ടത്. വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കണമെങ്കിൽ അതിനുള്ള അക്കാദമിക ആസൂത്രണം സ്കൂളുകളിൽ നടക്കണം.

ഫലപ്രദമായ ആസൂത്രണത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാ വിദ്യാലയങ്ങളും ഉണ്ടാക്കണം എന്ന് നിർദ്ദേശിച്ചത്. പാഠ്യപദ്ധതിചട്ടക്കൂട് നാം ജനകീയ ചർച്ചകളിലൂടെ പരിഷ്കരിച്ചു. അതനുസരിച്ച് ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും മാറിയിട്ടുണ്ട്. നമ്മുടെ സ്കൂളുകളെല്ലാം സാങ്കേതികവിദ്യാ സൗഹൃദപരമായി. ഇതെല്ലാം ഉൾച്ചേർത്തുകൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കേണ്ടതുണ്ട്. ജൂൺ 15 നകം മുഴുവൻ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ ഉണ്ടാകണം.

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മൂല്യനിർണയ രീതിയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. കാണാപ്പാഠം പഠിച്ച് മാർക്ക് നേടിയതുകൊണ്ട് ജീവിതവിജയമുണ്ടാക്കാവുന്ന ഒരു അവസ്ഥയിലല്ല നിലവിലെ ലോകസാഹചര്യം. വിജ്ഞാന സമൂഹത്തിൽ പ്രശ്നനിർധാരണമാണ് പ്രധാനം. ഡാറ്റകളുടെ ശേഖരണവും വിശകലനവും അതിപ്രധാനമാണ്. ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയുന്നുണ്ടോ എന്നാണ് ഇന്ന് നോക്കുന്നത്. ആ തലത്തിലേക്ക് നമ്മുടെ മുഴുവൻ കുട്ടികളും ഉയരണം. അതനുസരിച്ച് മൂല്യനിർണയരീതി മാറണം. നിരന്തര മൂല്യനിർണയം പ്രധാനമാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

ഇങ്ങനെയുള്ള മാറ്റങ്ങൾ വരണമെങ്കിൽ ഭരണനിർവഹണ രംഗത്തും മാറ്റങ്ങൾ വേണം. സ്കൂൾ സംവിധാനങ്ങളെ ആകെ ഒരു കുടക്കീഴിൽ ഘടനാപരമായി കൊണ്ടു വരാനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുകയാണ്.

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ നവീകരണം വരണമെങ്കിൽ അധ്യാപകരുടെ അറിവിന്റെ തലത്തിലും മനോഭാവത്തിലും എല്ലാം മെച്ചപ്പെടലുകൾ ആവശ്യമാണ്. ഇതിന് സഹായകമായ വിധം അധ്യാപക പരിശീലനങ്ങൾ നൽകുന്നുണ്ട്. പ്രിയപ്പെട്ട കുട്ടികളേ, സ്കൂളുകൾ നിങ്ങൾക്ക് പാഠങ്ങൾ പറഞ്ഞുതരുന്ന ഇടം മാത്രമാണെന്ന ധാരണയോടെ അതിനെ കാണരുത്. വീടുവിട്ടാൽ മറ്റൊരു വീട് എന്ന രീതിയിൽവേണം സ്കൂളുകളെ കാണാൻ. അധ്യാപകരും സഹപാഠികളും എല്ലാം നിങ്ങളുടെ രക്ഷകർത്താക്കളും സഹോദരങ്ങളും കൂടിയാണ്. എന്തെങ്കിലുമൊരു ബുദ്ധിമുട്ട്, അത് മാനസികമായിക്കോട്ടെ ശാരീരികമായിക്കോട്ടെ, അതുണ്ടാകുന്നത് വീട്ടിൽ നിന്നായിക്കോട്ടെ പുറത്ത് എവിടെ നിന്നുമായിക്കോട്ടെ, നിങ്ങളെ സ്നേഹിക്കുന്നവരുമായി അത് പങ്കുവെക്കാൻ നിങ്ങൾ തയ്യാറാവണം.

ഒന്നും മനസ്സിലിട്ട് വലിയ വിഷമങ്ങളാക്കി കൊണ്ടു നടക്കരുത്. അത്തരത്തിൽ നിങ്ങൾ മാനസിക വിഷമം നേരിടുമ്പോൾ സഹായഹസ്തം നീട്ടാൻ ഞങ്ങളെല്ലാം ഇവിടെയുണ്ട്. ഒരു ചെറിയ പ്രതിസന്ധി വന്നാൽ ജീവിതം തന്നെ വഴിമുട്ടി എന്ന ധാരണയോടെ പ്രതിലോമ ചിന്തകൾക്ക് വഴിപ്പെട്ടുപോകരുത്. സർക്കാർ ഒപ്പമുണ്ട് എന്ന വാചകം വെറുതെ പറയുന്നതല്ല. നിങ്ങളുടെ പഠനനിലവാരം പോലെ തന്നെ ശാരീരികവും മാനസികവുമായ ആരോഗ്യവും ഞങ്ങൾക്ക് വളരെ പ്രധാനമാണ്.

അത്തരം പ്രവർത്തനങ്ങൾ പൂർണതയിലെത്താൻ പൊതുസമൂഹത്തിന്റെ പങ്കാളിത്തം വളരെ പ്രധാനമാണ്. കുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പാക്കാൻ നമുക്ക് ഒരുമിച്ച് നീങ്ങാം. ■

**വിദ്യാർഥികളുടെ സുരക്ഷിത പഠനവും വിദ്യാലയങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ നിർദേശങ്ങൾ ഇതിനകം തന്നെ നൽകിയിട്ടുണ്ട്**

സംസ്ഥാനതല പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്

**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസം, തൊഴിൽവകുപ്പ് മന്ത്രി

**നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ തുടർച്ചയായി എടുത്തിട്ടുള്ള തീരുമാനം, പ്രവർത്തനം, ഫലപ്രാപ്തി എന്നിവയൊക്കെ ദേശീയതലത്തിൽ മാതൃകാപരമാണ്**





# പൊൻവെളിച്ചമായി വിദ്യാകേരളം

2017-18 അധ്യയനവർഷത്തിൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണം മിഷനും കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. സർക്കാർ, അധ്യാപക സംഘടനകൾ, ജനപ്രതിനിധികൾ, പൊതുസമൂഹം എന്നിവയുടെ ഏകോപിത പരിശ്രമമാണ് ഇത്തരം കൃത്യമായ പുരോഗതിക്ക് അടിസ്ഥാനം.

## അടിസ്ഥാനസൗകര്യങ്ങളുടെ വിപുലീകരണം

കഴിഞ്ഞ ഒൻപത് വർഷത്തിനിടെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഭൗതികരീതിയിൽ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർന്നു.



കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) സഹായത്തോടെ 1,427 കോടി രൂപയുടെ നിക്ഷേപം ഈ രംഗത്ത് നടന്നു. ഇതിന്റെ ഭാഗമായി അഞ്ച് കോടി രൂപയുടെ 141 കെട്ടിടങ്ങളിൽ 139 എണ്ണം പൂർത്തിയായി.

മൂന്ന് കോടി രൂപയുടെ 386 കെട്ടിടങ്ങളിൽ 179 എണ്ണം പൂർത്തിയായി.

ഒരുകോടി രൂപയുടെ 446 കെട്ടിടങ്ങളിൽ 195 എണ്ണം പൂർത്തിയായി.

ആകെ 973 സ്കൂൾ കെട്ടിടങ്ങളിൽ 513 എണ്ണം പൂർത്തിയായത് പദ്ധതിയുടെ വിജയത്തെ ചൂണ്ടിക്കാണിക്കുന്നു. ഇതിനൊപ്പം പ്ലാൻ ഫണ്ടുകൾ, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടുകൾ, എസ്.എസ്.കെ. പദ്ധതികൾ എന്നിവയിലൂടെയും 5000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത് രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തും കാണാനാകാത്ത റെക്കോർഡാണ്. എയ്ഡഡ് സ്കൂളുകൾക്കായി പ്രത്യേകമായി ചലഞ്ച് ഫണ്ട് വഴി പിന്തുണയും നൽകിയിട്ടുണ്ട്.

## ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി സബ്ജക്ട് മിനിമം

ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്, എന്നാൽ യഥാർഥ പുരോഗതിക്ക് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അതിനായി സബ്ജക്ട് മിനിമം എന്ന ആശയം 2024-25 അധ്യയന വർഷത്തിൽ നടപ്പിലാക്കി. ഓരോ വിദ്യാർഥിയുടെയും അടിസ്ഥാന വിദ്യാഭ്യാസശേഷി ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം ലഭിക്കാത്ത എട്ടാം ക്ലാസിലെ 86,603 കുട്ടികൾക്ക് പരിശീലനം നൽകി, വിലയിരുത്തൽ നടപടികൾ പൂർത്തിയാക്കി. അടുത്ത അധ്യയനവർഷത്തിൽ 5, 6, 7, 9 ക്ലാസുകളിലും ഇത് നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. അതേസമയം, കേന്ദ്രസർക്കാർ വീണ്ടും തോൽവിയുടെ ആശയത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചിരിക്കുകയാണ്. കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ താൽപര്യം നഷ്ടപ്പെടാൻ ഇതിലൂടെ സാധ്യതയുണ്ടാകുന്നു.

## അധ്യാപകയോഗ്യതയും പരിശീലനവും വിദ്യാഭ്യാസത്തിന്റെ ആധാരം

K-TET പരീക്ഷയുടെ





അടിസ്ഥാനത്തിൽ കേരളം അധ്യാപകരെ യോഗ്യതയുള്ളവരായി തെരഞ്ഞെടുക്കുന്നു. പക്ഷേ, ഇപ്പോഴും 2,500 ലധികം അധ്യാപകർക്ക് K-TET യോഗ്യത ലഭിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ പരീക്ഷയിൽ തികഞ്ഞ വിജയം കിട്ടാത്തവർക്കായി ഈ വർഷവും പരീക്ഷ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ആസ്പദമാക്കിയുള്ള പരിശീലന പരിപാടികളും നടപ്പാക്കുന്നുണ്ട്.

### ഭിന്നശേഷി നിയമനത്തിലെ വ്യക്തത

സുപ്രീം കോടതി, ഹൈക്കോടതി വിധികളുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഭിന്നശേഷിയുള്ള അധ്യാപകരുടെ നിയമനത്തിൽ നിലവിൽ വ്യക്തതയുണ്ട്. ഇതുവരെ 2,350 നിയമനങ്ങൾ പൂർത്തിയായി.

### ഫയൽ അദാലത്ത് - നീണ്ടുനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

എറണാകുളം, കൊല്ലം, കോഴിക്കോട് മേഖലകളിൽ നടന്ന ഫയൽ അദാലത്തിൽ ലഭിച്ച 4,597 പരാതികളിൽ 2,648 എണ്ണം അദാലത്ത് ദിവസം തന്നെ തീർപ്പാക്കിയിട്ടുണ്ട്. തുടർന്ന് 79,140 ഫയലുകൾ ഓഫീസ് അദാലത്തിൽ തീർപ്പാക്കി, ഡയറക്ടറേറ്റ് തലത്തിലും നടപടികൾ പുരോഗമിക്കുന്നു.

## ലോകത്തിനൊപ്പം കേരളത്തിന്റെ നടക്കാവ്

ഒരു വിദ്യാലയം നാടിന്റെ തന്നെ മുഖച്ഛായ മാറ്റിയ കഥ പറയാനുണ്ട് നടക്കാവ് ഗവൺമെന്റ് ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്. 2008ലാണ് അന്ന് എംഎൽഎയായിരുന്ന എ പ്രദീപ്കുമാർ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിടുന്ന പ്രിസം (പ്രമോട്ടിങ് റീജിയണൽ സ്കൂൾ ടു ഇന്റനാഷണൽ സ്റ്റാൻഡേർഡ്സ് ത്രൂ മൾട്ടിപ്പ്ൾ ഇന്റർവെൻഷൻസ്)



# മാറ്റത്തിന്റെ തൊഴിൽപാഠശാലകൾ

നൈപുണ്യവികസനരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയായ കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐടിഐകളിൽ മാറ്റത്തിന്റെ തെളിച്ചമാണ് ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുള്ളത്. വകുപ്പിന് കീഴിൽ നിലവിൽ 108 ഐടിഐകളും ഒൻപത് റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകളും ഉൾപ്പെടെ 121 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. 108 ഐടിഐകളിൽ 14 വനിതാ ഐടിഐകളും ഉൾപ്പെടുന്നു. ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന്റെ കീഴിലുള്ള 21 സ്ഥാപനങ്ങളിൽ വിവിധ തരത്തിലുള്ള കെട്ടിട ഉദ്ഘാടനം നടന്നു. ആറ് സ്ഥാപനങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തറക്കല്ലിടൽ നടന്നു.

വകുപ്പിന് കീഴിലുള്ള 91 ഐടിഐകളിൽ നൈപുണ്യ കർമ്മസേനയും 19 ഐടിഐകളിൽ പ്രൊഡക്ഷൻ സെന്ററുകളും 33 ഐടിഐകളിൽ ഗ്രീൻ ക്യാമ്പസും നടപ്പിലാക്കി. 2022ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ സംസ്ഥാനത്ത് 157 കുട്ടികൾ ദേശീയതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. 2023 ൽ 55 കുട്ടികൾ ഒന്നാം സ്ഥാനം നേടി.

ഐടിഐ ട്രെയ്നികളുടെ പ്ലേസ്മെന്റ് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും ജില്ലാ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ ജോബ് മേളകൾ സംഘടിപ്പിക്കുന്നു. അതുവഴി നിരവധി കുട്ടികൾക്ക് മികച്ച വ്യവസായസ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കാനായി. 2021ൽ 9404 ട്രെയിനികൾക്കും 2022ൽ 5853 ട്രെയിനികൾക്കും 2023 ൽ 13,405 ട്രെയിനികൾക്കും ഇതുവഴി പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. എല്ലാ ഐടിഐകളിലുമുള്ള പ്ലേസ്മെൻറ് സെല്ലുകൾ വഴിയും നിരവധി കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

കളമശ്ശേരിയിൽ റീജിയണൽ സ്റ്റാഫ് ട്രെയിനിങ് സെന്റർ ഈ സർക്കാരിന്റെ കാലയളവിൽ സ്ഥാപിച്ചു. ആറ്റിങ്ങൽ, കൊട്ടാരക്കര, മയ്യനാട്, ചാത്തന്നൂർ ഐടിഐകളിൽ ഡ്രൈവർ കം മെക്കാനിക് ട്രേഡിന്റെ രണ്ട് യൂണിറ്റുകൾ വീതം പ്രവർത്തനം ആരംഭിച്ചു. അതിലേക്കായി എട്ട് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും സൃഷ്ടിച്ചു.

കെട്ടിടനിർമ്മാണത്തിനായി അഞ്ച് ഐടിഐകൾക്ക് ഭൂമി ലഭ്യമാക്കി. 2024ൽ പുതിയ നാല് ഐ.ടി.ഐകൾ കൂടി സർക്കാർ അനുവദിച്ചു. തിരുവനന്തപുരത്തെ നേമം, പാലക്കാട് തൃത്താല, മലപ്പുറം തവനൂർ, തൃശ്ശൂരെ ഒല്ലൂർ നിയോജകമണ്ഡലങ്ങളിലാണ് പുതിയ ഐടിഐകൾ അനുവദിച്ചത്.

ഐടിഐകളിൽ ട്രെയിനികൾക്കായി ന്യൂട്രീഷ്യൻ, ന്യൂൺ മീൽ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കി.

## പാഠപുസ്തക പരിഷ്കരണവും യൂണിഫോം വിതരണവും

16 വർഷങ്ങൾക്ക് ശേഷമാണ് ഒന്ന് മുതൽ 10 വരെ ക്ലാസുകളുടെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത്. 3.8 കോടി പുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുൻപ് വിതരണം ചെയ്തു. പ്രീപ്രൈമറി, ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളും ഈ അധ്യയനവർഷം പരിഷ്കരിക്കും. ഒൻപതാം ക്ലാസിലെ പരീക്ഷ കഴിയുന്നതിന് മുമ്പുതന്നെ പത്താം ക്ലാസിലെ പാഠപുസ്തകം വിതരണം ചെയ്യാനായി.

2025-26 അധ്യയന വർഷത്തേക്ക് കൈത്തറി യൂണിഫോം വിതരണം തുടങ്ങിയിട്ടുണ്ട്. 2024-25 വർഷത്തെ യൂണിഫോം അലവൻസ് മുഴുവനായും വിതരണം ചെയ്തു.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ തുടർച്ചയായി എടുത്തിട്ടുള്ള തീരുമാനം, പ്രവർത്തനം, ഫലപ്രാപ്തി എന്നിവയൊക്കെ ദേശീയതലത്തിൽ മാതൃകാപരമാണ്. അധ്യാപകരുടെയും ജനപ്രതിനിധികളുടെയും പൊതുസമൂഹത്തിന്റെ ആകെത്തന്നെയും സഹകരണത്തോടെ കേരളം പൊതുവിദ്യാഭ്യാസ മേഖലയെ മുന്നോട്ട് നയിക്കുന്നു.■

പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. 17 വർഷത്തിനിപ്പുറം ലോകത്തിന് മുന്നിലേക്ക് കേരളം മുന്നോട്ട് വയ്ക്കുന്ന മാതൃകയായി മാറി ഈ വിദ്യാലയം.

എ പ്രദീപ്കുമാറിന്റെ നേതൃത്വവും ചാരിറ്റബിൾസംഘടനയായ ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷന്റെ സഹായവുമാണ് വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത്.

ആദ്യഘട്ടത്തിൽ ഐഎസ്ആർഒ നാല് ലബോറട്ടറികൾ ആണ് സ്കൂളിനായി നൽകിയത്. സി വി രാമസ്വാമി സെന്റർ ഫോർ ബേസിക് അസ്ട്രോണമി വിദ്യാലയത്തിൽ ആരംഭിച്ചു. നൂറുവർഷം പഴക്കമുള്ള കെട്ടിടം ഹെറിറ്റേജ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ചു. ഇൻഫോസിസ്, ഐ ഐ എം തുടങ്ങിയവയുമായി സഹകരിച്ചാണ് വിശാലമായ ക്ലാസ് മുറികൾ ഒരുക്കിയത്.

ആസ്ട്രോ ടർഫ് ചെയ്ത കേരളത്തിലെ ആദ്യ ഹോക്കി -ഫുട്ബാൾ സ്റ്റേഡിയം, വലിയ ചുമർചിത്രം, വ്യത്യസ്തമായ യൂണിഫോം, 2500 കുട്ടികൾക്കിരിക്കാവുന്ന ഭക്ഷണമുറി, ആസ്ട്രേലിയൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് തറയൊരുക്കിയ ഇൻഡോർ സ്റ്റേഡിയം, കാൽ ലക്ഷത്തോളം പുസ്തകങ്ങൾ ഒരുക്കിയ ലൈബ്രറി, വായനാ ഉദ്യാനം, 60 ടോയ്ലറ്റുകൾ തുടങ്ങി അത്യാധുനിക സൗകര്യങ്ങളെല്ലാം സ്കൂളിലുണ്ട്. 15 കോടി രൂപ ചെലവിലാണ് പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പിലാക്കിയത്.

എജുക്കേഷൻ വേൾഡ് ഇന്ത്യ സ്കൂൾ റാങ്കിങ്സ് (ഇ.ഡബ്ല്യു ഐ.എസ്.ആർ) എന്ന സർക്കാർ അംഗീകൃത ഏജൻസി രാജ്യത്തെ 300 നഗരങ്ങളിൽ നടത്തിയ സർവേയിൽ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ റാങ്ക് പട്ടികയിൽ മൂന്നാം സ്ഥാനത്ത് ഇടംപിടിക്കാൻ നടക്കാവ് ജി വി എച്ച് എസ് എസ്സിന് സാധിച്ചു. 2024 ൽ റാങ്ക് പട്ടികയിൽ രണ്ടാം സ്ഥാനത്തേക്ക് വിദ്യാലയം എത്തി.

മികച്ച സൗകര്യങ്ങൾ ഒരുക്കിയാൽ ഏത് നഗരത്തിലും വിദ്യാർത്ഥികൾ സർക്കാർ വിദ്യാലയത്തിൽ തേടിയെത്തും എന്ന് തെളിയിക്കുകയാണ് കോഴിക്കോട് നടക്കാവ് സ്കൂൾ മോഡൽ. സർക്കാർ വിഭാവനം ചെയ്യുന്ന ഒരു പുത്തൻ വിദ്യാലയ സംസ്കാരത്തിന്റെ പരിച്ഛേദമാണ് നടക്കാവ് സ്കൂൾ.

**ഡോ.ആർ ബിന്ദു**
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി



നാലുവർഷ ബിരുദ പ്രോഗ്രാം ഒരു വർഷം വിജയകരമായി പൂർത്തീകരിച്ചതോടെ കൂടുതൽ മാറ്റങ്ങൾക്ക് തയ്യാറെടുക്കുകയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ്

# കൂടുതൽ മികവോടെ ബിരുദപഠനം



സംസ്ഥാനത്ത് നടപ്പിലാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാം അതിന്റെ ആദ്യ രണ്ടു സെമസ്റ്ററുകൾ പൂർത്തീകരിച്ച് രണ്ടാംവർഷത്തിലേക്ക് കടക്കുകയാണ്. പരീക്ഷ കഴിഞ്ഞ് അടുത്ത സെമസ്റ്റർ തുടങ്ങുന്നതിനു മുമ്പുതന്നെ ഫലപ്രഖ്യാപനം എന്ന നാളിതുവരെയില്ലാത്ത മാറ്റം യാഥാർഥ്യമാക്കിക്കൊണ്ടാണ് നാലു വർഷ ബിരുദം ആരംഭിച്ചതിൽ പിന്നെയുള്ള വിദ്യാഭ്യാസവർഷം പിറക്കുന്നത്.

വിദ്യാർഥികൾക്ക് മെച്ചപ്പെട്ട വഴക്കം ഉറപ്പുനൽകിയാണ് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ സ്വീകരിച്ച് കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ നാലുവർഷ ബിരുദം ആരംഭിച്ചത്. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നാലുവർഷ ബിരുദം നടപ്പിലാക്കാനുള്ള ആലോചനകളും തുടർന്നുള്ള തീരുമാനങ്ങളും പുതിയ കലാലയ വർഷത്തിനു മുന്നോടിയായി കൈക്കൊണ്ടുകഴിഞ്ഞു. ഒന്നാം സെമസ്റ്റർ പോലെത്തന്നെ രണ്ടാം സെമസ്റ്റർ പരീക്ഷാഫലവും സമയബന്ധിതമായി പ്രഖ്യാപിക്കാൻ സർവകലാശാലകൾക്ക് സാധിച്ചുവെന്നത് ആർജിച്ച സ്ഥിരതയുടെ പ്രഖ്യാപനമാണ്. ഇതിനുള്ള തുടർച്ചകൾ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ സ്ഥാപിച്ചെടുക്കാനുള്ള ആസൂത്രണങ്ങളോടെയാണ് നവ വിദ്യാഭ്യാസവർഷത്തിലേക്ക് കാൽവയ്ക്കുന്നതും പുതുതലമുറ വിദ്യാർഥികളെ നാലുവർഷ ബിരുദ പരിപാടിയിലേക്ക് സ്വാഗതം ചെയ്യാനൊരുങ്ങുന്നതും.




> **ആദ്യവർഷം പൂർത്തീകരിച്ച വിദ്യാർഥികൾക്ക് മേജർ വിഷയം മാറ്റാനും കോളേജ് മാറ്റത്തിനും അന്തർ സർവകലാശാല മാറ്റത്തിനും ആവശ്യമായ മാർഗനിർദേശങ്ങൾ അടങ്ങിയ SOP ആണ് (Standard Operating Procedure) ഇക്കാര്യത്തിലെടുത്ത സുപ്രധാന തീരുമാനങ്ങളിലൊന്ന്.**

2024 ജൂലൈ ഒന്നിനാണ് എട്ട് സർവകലാശാലാ ക്യാമ്പസുകളിലും തൊള്ളായിരത്തോളം കോളേജുകളിലും നാലുവർഷ ബിരുദം ആരംഭിച്ചത്. ഒരു വർഷം പിന്നിടുമ്പോൾ അക്കാദമിക് സമൂഹം വലിയ ആവേശത്തോടെ ഈ പദ്ധതിയെ സ്വീകരിച്ചതാണ് നമ്മുടെ അനുഭവം. കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തിനായി, കൂടുതലതിനെ വിപുലമാക്കുന്നതിനുള്ള ആസൂത്രണങ്ങളോടെയാണ് പുതിയ കലാലയ വർഷം ആരംഭിക്കുന്നത്. വിദ്യാർഥികൾക്കും അധ്യാപകർക്കും കൂടുതൽ മെച്ചപ്പെട്ടതും ഗുണപരമായതും വഴക്കം (flexibility) സാധ്യമായതുമായ ഉന്നതവിദ്യാഭ്യാസ വർഷമായി നാലുവർഷ ബിരുദ പ്രോഗ്രാമിനെ കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനാണ് സർക്കാർ തീരുമാനം.

വിദ്യാർഥികളുടെ അന്തർ സർവകലാശാലാ-കോളേജ് മാറ്റവും മേജർ-മൈനർ മാറ്റവും, നേരത്തെ പ്രഖ്യാപിച്ചതുപോലെ രണ്ടര വർഷം കൊണ്ട് ബിരുദം പൂർത്തിയാക്കുന്ന തരത്തിലുള്ള എൻ മൈനസ് വൺ സെമസ്റ്റർ സംവിധാനമടക്കമുള്ള പദ്ധതികൾ ഈ അക്കാദമിക് വർഷം പ്രാവർത്തികമാകും. ഇതിനായുള്ള തീരുമാനങ്ങൾക്ക് വിവിധ തലങ്ങളിൽ നടന്ന ആലോചന-ആസൂത്രണ യോഗങ്ങളിൽ സമഗ്രരൂപം നൽകിയിട്ടുണ്ട്.

## മേജർ മാറാം, കോളേജ് മാറാം, സർവകലാശാലയും മാറാം

ആദ്യവർഷം പൂർത്തീകരിച്ച വിദ്യാർഥികൾക്ക് മേജർ വിഷയം മാറ്റാനും കോളേജ് മാറ്റത്തിനും അന്തർ സർവകലാശാല മാറ്റത്തിനും ആവശ്യമായ മാർഗനിർദേശങ്ങൾ അടങ്ങിയ SOP ആണ് (Standard Operating Procedure) ഇക്കാര്യത്തിലെടുത്ത സുപ്രധാന തീരുമാനങ്ങളിലൊന്ന്. FYUGP സംസ്ഥാനതല മോണിറ്ററിങ് സമിതിയാണ് സ്റ്റാൻഡേഡ് ഓപ്പറേറ്റിങ് പ്രൊസീജ്യർ തയ്യാറാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലകൾ വിശദമായ മാർഗനിർദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

മേജർ മാറ്റത്തിനുള്ള അവസരം ഇതേപോലെ തന്നെ വിദ്യാർഥിക്ക് ഏറ്റവും ഉപകരിക്കുന്ന വിധത്തിൽ നാലുവർഷ ബിരുദപരിപാടിയിൽ നടപ്പാവുകയാണ്. മേജർ മാറ്റത്തിനായി അക്കാദമിക് വർഷത്തിന്റെ ആദ്യ പ്രവൃത്തിദിനംതന്നെ ഓരോ വിഷയങ്ങളിലുമുള്ള ഒഴിവുകൾ കോളേജുകൾ പ്രസിദ്ധീകരിക്കും. ആവശ്യമെങ്കിൽ പത്തു ശതമാനം അധികം സീറ്റ് കോളേജുകളിൽ ലഭ്യമാക്കും. മൈനറായോ മൾട്ടി ഡിസിപ്ലിനറി കോഴ്സിലോ പഠിക്കുന്ന വിഷയങ്ങളിലേക്കാണ് മേജർ മാറ്റാൻ സാധിക്കുക. ആദ്യ രണ്ട് സെമസ്റ്ററുകളിൽ മേജർ മാറ്റം ആഗ്രഹിക്കുന്ന വിഷയങ്ങളിൽ വിദ്യാർഥികളുടെ മാർക്ക് അടിസ്ഥാനപ്പെടുത്തി കോളേജുകളിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കും. ഒരു വിദ്യാർഥി മാറിപ്പോകുന്ന സീറ്റിലേക്കും പ്രവേശനം നടത്തും. ആദ്യത്തെ അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കും.

കോളേജ് മാറ്റത്തിനും ഇതേ പോലെ അവസരമൊരുക്കുകയാണ്. കോളേജ് തലത്തിൽ മേജർ വിഷയ മാറ്റങ്ങൾക്കു ശേഷം ഒഴിവുവരുന്ന സീറ്റുകൾ കോളേജുകൾ സർവകലാശാലയെ അറിയിക്കും. സർവകലാശാലകൾ ഈ ഒഴിവുകൾ പ്രസിദ്ധീകരിക്കും. തുടർന്ന് വിദ്യാർഥികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കി കോളേജുകൾക്ക് നല്കും. കോളേജുകൾ അതനുസരിച്ച് വിദ്യാർഥികളുടെ പ്രവേശന നടപടി പൂർത്തിയാക്കുകയും ചെയ്യും. നിലവിൽ പഠിക്കുന്ന സ്ഥാപനത്തിൽ റാഗിങ് അടക്കമുള്ള അച്ചടക്ക നടപടികൾ നേരിട്ടിട്ടില്ല എന്ന സാക്ഷ്യപത്രം വിദ്യാർഥി ഹാജരാക്കണമെന്നത് നിർബന്ധിത വ്യവസ്ഥയായി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

അന്തർ സർവകലാശാല മാറ്റത്തിന് അവസരം തുറക്കുന്ന സുപ്രധാനമായ തീരുമാനവും വിദ്യാർഥികേന്ദ്രിതമായ ആലോചനകളുടെ സാക്ഷാൽക്കാരമായി നാം കൈക്കൊണ്ടിരിക്കുകയാണ്. ആദ്യ രണ്ട് സെമസ്റ്ററുകളിൽ മുഴുവൻ കോഴ്സുകളും വിജയിച്ച വിദ്യാർഥികൾക്ക് അന്തർ സർവകലാശാലാ മാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കും. കേരളത്തിന് പുറത്തുനിന്നുള്ള സർവകലാശാലാ വിദ്യാർഥികൾക്കും കേരളത്തിലെ സർവകലാശാലകളിൽ മൂന്നാം സെമസ്റ്റർ മുതൽ പഠിക്കാൻ അപേക്ഷിക്കാൻ പറ്റും. ഇത്തരം അപേക്ഷകൾ സർവകലാശാല പഠനബോർഡ് പരിശോധിച്ച് വിദ്യാർഥി ആവശ്യമായ ക്രെഡിറ്റ് നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി ശിപാർശ ചെയ്യും. തുടർന്ന്, കോളേജ് തലത്തിൽ പ്രവേശന നടപടികൾ പൂർത്തീകരിക്കും.

> **ആദ്യ രണ്ട് സെമസ്റ്ററുകളിൽ മുഴുവൻ കോഴ്സുകളും വിജയിച്ച വിദ്യാർഥികൾക്ക് അന്തർ സർവകലാശാലാ മാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കും. കേരളത്തിന് പുറത്തുനിന്നുള്ള സർവകലാശാലാ വിദ്യാർഥികൾക്കും കേരളത്തിലെ സർവകലാശാലകളിൽ മൂന്നാം സെമസ്റ്റർ മുതൽ പഠിക്കാൻ അപേക്ഷിക്കാൻ പറ്റും**

## ഏകീകൃത അക്കാദമിക് കലണ്ടറിലേക്ക്; അധ്യാപകർക്ക് സമഗ്രപരിശീലനവും

കഴിഞ്ഞ വർഷം മുതൽ തന്നെ മാതൃകാ ഏകീകൃത അക്കാദമിക് കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് ഓരോ സർവകലാശാലകളും നാലുവർഷ ബിരുദം നടപ്പിലാക്കുന്നത്. ക്രെഡിറ്റ് മാറ്റവും വിദ്യാർഥികളുടെ അന്തർ സർവകലാശാലാ മാറ്റവുമടക്കം ഉള്ളതിനാൽ സർവകലാശാലകൾ തമ്മിൽ ഒരു ധാരണയുണ്ടാവൽ നിർബന്ധമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ എല്ലാ സർവകലാശാലകൾക്കും ബാധകമായ മാതൃകാ ഏകീകൃത അക്കാഡമിക് കലണ്ടർ രൂപവൽക്കരിച്ചു കഴിഞ്ഞിരിക്കുകയാണ്. വിവിധ സർവകലാശാലകളുടെ നേതൃത്വങ്ങളെ പങ്കെടുപ്പിച്ചു വിളിച്ച യോഗത്തിൽ ഏകീകൃത അക്കാഡമിക് കലണ്ടറിന് അംഗീകാരവും നൽകി. പരീക്ഷയും ഫലപ്രഖ്യാപനവുമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏകീകൃതസ്വഭാവം




**പിണറായി എഡ്യുക്കേഷൻ ഹബ്**

## നാലുവർഷ ബിരുദം മികച്ച വിദ്യാഭ്യാസ നയം

“നാലുവർഷ ബിരുദമെന്നത് മികച്ച വിദ്യാഭ്യാസ നയമാണ്. നമ്മൾ എടുക്കുന്ന കോഴ്സിന്റെ ഭാഗമായ വിഷയങ്ങൾ മാത്രമേ മുമ്പ് ഒരു വിദ്യാർഥിക്ക് പഠിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം (എഫ് വൈ യു ജി പി) വന്നതോടെ വിദ്യാർഥിക്ക് താല്പര്യമുണ്ടെങ്കിൽ മറ്റൊരു വകുപ്പിന്റെ കോഴ്സുകളുടെ ഭാഗം കൂടി സ്വായത്തമാക്കാനുള്ള സാധ്യതയാണ് തെളിയുന്നത്. ജേർണലിസം പ്രധാനവിഷയമായി എടുത്ത എനിക്ക് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഒരു കോഴ്സു കൂടി ചെയ്യാൻ സാധിച്ചത് ഈ വിദ്യാഭ്യാസ നയത്തിന്റെ പ്രത്യേകത കൊണ്ടാണ്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് എഫ് വൈ യു ജി പി മികച്ച സാധ്യതകളാണ് നല്കുന്നത്. ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയാൽ കൂടുതൽ കുട്ടികൾക്ക് ഇത് പ്രയോജനപ്രദമാകും.”



**സി.ബി. നിരഞ്ജൻ**
ഒന്നാം വർഷ ജേർണലിസം വിദ്യാർഥി

ഇതോടെ കൈവരുമ്പോൾ വിദ്യാർഥിസമൂഹത്തിന്റെ ദീർഘകാല ആവശ്യമാണ് നിറവേറപ്പെടുന്നത്. അതിനായി ഏറ്റവും വേഗത്തിലും ലളിതമായും പഠനവും പരീക്ഷയും മൂല്യനിർണ്ണയവും പരീക്ഷാഫലവും പ്രസിദ്ധീകരിക്കുന്ന വിധത്തിലാണ് കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്.

നിലവിലെ Teaching-Learning-Examination- Evaluation രീതികളിലുള്ള സമഗ്രമായ മാറ്റത്തോടെയും, തൊഴിലും നൈപുണിയും ഉറപ്പാക്കുന്ന വിധത്തിലും, അധ്യാപകർക്കും വിദ്യാർഥികൾക്കും അവകാശങ്ങൾ ഉറപ്പാക്കുന്ന തരത്തിലുമാണ് കേരളത്തിന്റെ നാലുവർഷ ബിരുദ പരിപാടി പുതുവർഷത്തിലേക്ക് കടക്കുക. ഇത് കൂടുതൽ ഫലപ്രദമാക്കാൻ സംസ്ഥാനത്തെ മുഴുവൻ കോളേജ് അധ്യാപകർക്കും പരിശീലനം നൽകുന്നുണ്ട്. ഇതിനുള്ള പദ്ധതി സർവകലാശാലാ നേതൃയോഗം അംഗീകരിച്ച് തുടർനടപടികളിലേക്ക് കടന്നിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ആരംഭിച്ച പുതിയ സെന്റർ ഓഫ് എക്സലൻസ് (Centre of excellence for Teaching, Learning and Training), കോളേജ് വിദ്യാഭ്യാസ വകുപ്പ്, സർവകലാശാലകൾ എന്നിവ സംയുക്തമായാണ് പരിശീലന പദ്ധതി നടപ്പിലാക്കുക. ആറ് മാസത്തിനുള്ളിൽ പരിശീലനം പൂർത്തിയാക്കും. സംസ്ഥാന തലത്തിൽ മാസ്റ്റർ ട്രെയിനർമാരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി അവർ വഴി കോളേജുകളിൽ അല്ലെങ്കിൽ ക്ലസ്റ്റർ ആയി മുഴുവൻ അധ്യാപകരിലേക്കും എത്തുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. രണ്ടു മാസത്തിലൊരിക്കൽ പരിശീലന പുരോഗതി വിലയിരുത്തും.




### കോഴ്സുകൾ നവീകരിക്കും; പരീക്ഷാ ഫീഡ്ബാക്കിന് പോർട്ടലുകൾ

പുതുപ്രവേശനത്തോടെ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട കോഴ്സുകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പുതിയ മൈനർ കോഴ്സുകൾ തയ്യാറാക്കുന്ന പ്രവൃത്തിയിലാണ് സർവകലാശാലകൾ. നൂതനവും, തൊഴിലും നൈപുണിയും ഉറപ്പുവരുത്തുന്നതും, മേജർ വിഷയ പഠനത്തെ ആഴത്തിലാക്കാൻ സഹായിക്കുന്ന തരത്തിലുമുള്ള പുതിയ കോഴ്സുകളാണ് തയ്യാറാക്കുന്നത്. രാജ്യത്തെ മികച്ച സ്ഥാപനങ്ങളിൽ ലഭിക്കുന്ന തരത്തിലുള്ള കോഴ്സുകൾ കേരളത്തിലെ കലാലയങ്ങളിലും ലഭ്യമാക്കുകയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്.

ഇങ്ങനെ, കരിക്കുലവും സിലബസും കൂടുതൽ വിദ്യാർഥി സൗഹൃദപരമാക്കുന്നതിനും ജ്ഞാനത്തോടൊപ്പം നൈപുണിയും അഭിരുചിയും ഉറപ്പുവരുത്തുന്ന തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾക്കുമുള്ള ഒരവസരമായിക്കൂടിയാണ് സർക്കാർ നാലുവർഷ ബിരുദപരിപാടിയുടെ രണ്ടാം അധ്യയനവർഷത്തെ കാണുന്നത്. സമയബന്ധിതമായി സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിനും വിദ്യാർഥികളിൽനിന്നും അധ്യാപകരിൽനിന്നും സിലബസിനെക്കുറിച്ചുള്ള ഫീഡ്ബാക്ക് ശേഖരിക്കുന്നതിനും വേണ്ടി ഒരു പോർട്ടൽ സംവിധാനം അടിയന്തരമായി ആരംഭിക്കുവാനുള്ള തീരുമാനം ഇതിന്റെ ഭാഗമാണ്. ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ കെൽട്രോണുമായി സഹകരിച്ചുകൊണ്ടുള്ള പോർട്ടലും തയ്യാറാവുകയാണ്.■

ഡോ. സി. രാമകൃഷ്ണൻ
വിദ്യാകിരണം സ്റ്റേറ്റ് ടീം അംഗം



**കഴിഞ്ഞ ഒൻപത് വർഷമായി പൊതുവിദ്യാഭ്യാസരംഗത്ത് അനന്യമായ പരിവർത്തനങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്**

പൊതുവിദ്യാലയങ്ങൾ സുശക്തമായി നിലനിൽക്കേണ്ടത് ഒരു ജനാധിപത്യസമൂഹത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയ അടിസ്ഥാന നിലപാടുകൾ, സഹവർത്തിത്വം, സഹകരണമനോഭാവം, അനുതാപം തുടങ്ങിയ മാനവിക മൂല്യങ്ങൾ സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് പൊതുവിദ്യാഭ്യാസമാണ്. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ടതല്ല, മറിച്ച് അവയെ ശക്തിപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കേണ്ടതാണ് എന്നതാണ് 2016ൽ അധികാരത്തിൽ എത്തുകയും ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്ന സർക്കാരുകൾ കൈക്കൊള്ളുന്ന നിലപാട്.

2017-18 മുതൽ ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണം മിഷനും പൊതുവിദ്യാഭ്യാസത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. കമ്പോളയുക്തിക്ക് പ്രാമുഖ്യം നൽകുകയും സ്വകാര്യസംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഘട്ടത്തിലാണ് കേരളത്തിന്റെ ഈ നേട്ടങ്ങൾ എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. പിഎംശ്രീ പദ്ധതി പോലുള്ള നിബന്ധനകൾ വച്ചുകൊണ്ട് സംസ്ഥാനത്തിന് അർഹമായ വിഹിതംപോലും നിഷേധിക്കുന്ന അവസ്ഥയുണ്ട്. ഇതെല്ലാം മറികടന്നാണ് സാധാരണക്കാരായ എല്ലാ കുട്ടികൾക്കും അവസരസമത്വം ഉറപ്പാക്കിയുള്ള പൊതുവിഭ്യാഭ്യാസം കേരളം വളർത്തിയെടുക്കുന്നത്.

സ്കൂളുകളും ക്ലാസ്മുറികളും പഠനസംവിധാനങ്ങളും വ്യാപകമായി ആധുനികവൽക്കരിച്ചു. സംസ്ഥാനരൂപവൽക്കരണത്തിന് ശേഷം ഭൗതികസൗകര്യവികസനത്തിലും അക്കാദമികകാര്യങ്ങളിലും ഇത്രയേറെ ശ്രദ്ധിച്ച കാലഘട്ടം ഉണ്ടായിട്ടില്ല. കിഫ്ബിയുടെ ധനസഹായത്തോടെ ഭൗതികസൗകര്യ

# അറിവുത്സവത്തിന്റെ അക്ഷരമുറ്റങ്ങൾ





വികസനം യാഥാർഥ്യമാക്കി. ക്ലാസ്മുറികളെല്ലാം ആധുനികവൽക്കരിച്ചു. ഇതെല്ലാം ചെയ്തത് അക്കാദമികമികവ് ലക്ഷ്യം വച്ചായിരുന്നു. വിദ്യാലയ മികവ്, അക്കാദമിക മികവ്, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ ആശയങ്ങളിലേക്ക് പൊതുവിദ്യാലയങ്ങളെ വളർത്തിയെടുക്കാനുള്ള പ്രവർത്തന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

പതിമൂവായിരത്തിനടുത്ത് വിദ്യാലയങ്ങൾ, 45 ലക്ഷം വിദ്യാർഥികൾ, 1.8 ലക്ഷം അധ്യാപകർ, 20,000-ൽ അധികം അധ്യാപകേതര ജീവനക്കാർ എല്ലാമടങ്ങുന്ന അതിബൃഹത്തായ ശൃംഖലയാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം. വീടിനടുത്ത് 12-ാം ക്ലാസ് വരെ പഠിക്കാനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. സ്കൂളുകളെ നാടിന്റെ ഭാഗമായാണ് പൊതുസമൂഹം പരിഗണിക്കുന്നത്.

## ആകർഷകമായ ക്യാമ്പസുകൾ

ക്യാമ്പസുകളെക്കുറിച്ചും അതിനുള്ളിലെ കെട്ടിടങ്ങളെക്കുറിച്ചും പുതിയ സങ്കല്പങ്ങളാണ് സമൂഹത്തിനുള്ളത്. കെട്ടിടങ്ങളെക്കുറിച്ച് മാറിവരുന്ന സങ്കല്പങ്ങൾ പൊതുവിദ്യാലയങ്ങളിലും പ്രതിഫലിക്കണം എന്ന് സമൂഹം സ്വാഭാവികമായും ആഗ്രഹിക്കും. സമൂഹത്തിന്റെ ഈ പ്രതീക്ഷകളോട് നീതിപുലർത്തുന്ന രീതിയിലാണ് ക്യാമ്പസുകളെയും മാറ്റിയെടുക്കാൻ ശ്രമിക്കുന്നത്. കിഫ്ബിയുടെ ധനസഹായത്തോടെയാണ് ഭൗതികസൗകര്യ വികസനകാര്യത്തിൽ വലിയ കുതിച്ചുചാട്ടം നടത്താൻ കഴിഞ്ഞത്. ഇതിന്റെ വിശദാംശം പട്ടിക ഒന്നിൽ നൽകിയിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടെ 973 വിദ്യാലയങ്ങൾക്കാണ് ഭൗതിക സൗകര്യ വികസനം വിഭാവനം ചെയ്യുന്നത്. ഇതിനായി ഏതാണ്ട് 2500 കോടി രൂപയിൽ അധികം മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ പ്ലാൻ, നബാർഡ്, തദ്ദേശഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തിവികസന പദ്ധതികൾ തുടങ്ങിയവയിലെ ഫണ്ടുകൾ ഉപയോഗിച്ച് പൊതുവിദ്യാഭ്യാസ മേഖലയിൽ 5000ത്തിൽ അധികം കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ പൊതുവിദ്യാഭ്യാസരംഗത്ത് ഭൗതികസൗകര്യവികസനത്തിനായി മാത്രം നടത്തിയിരിക്കുന്നത്. സർക്കാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം എയ്ഡഡ് മേഖലയിൽ ഭൗതിക സൗകര്യ വികസനത്തിനായി ചാലഞ്ച് ഫണ്ട് എന്ന പ്രത്യേക പദ്ധതിയും നടപ്പാക്കി.

## സാങ്കേതികവിദ്യ എല്ലാവർക്കും

ഡിജിറ്റൽ വിടവില്ലാതെ എല്ലാകുട്ടികൾക്കും സാങ്കേതികവിദ്യാസൗഹൃദമായ വിദ്യാഭ്യാസം ഒരുക്കുന്നതിൽ കേരളം ലോകത്തിന് തന്നെ മാതൃകയെന്ന് ഐക്യരാഷ്ട്രസംഘടന ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സാമ്പത്തിക-സാമൂഹിക-ലിംഗപരമായ വിവേചനങ്ങൾ ഇല്ലാതെ എല്ലാ കുട്ടികൾക്കും വിവരസാങ്കേതികവിദ്യയിൽ തുല്യ അവസരങ്ങൾ ലഭിക്കണമെന്ന സർക്കാർ നിലപാട് പ്രാവർത്തികമാക്കുന്നതിൽ കേരളം വിജയിച്ചു. വികസിത രാജ്യങ്ങളിൽ പോലും ആധുനികവൽക്കരണം ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നത് ഈ അവസരത്തിൽ കാണേണ്ടതുണ്ട്. സാങ്കേതികവിദ്യാ പ്രാപ്യത ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് ഒരു പ്രധാന പ്രതിസന്ധിയാണ്. ഇങ്ങനെയുള്ള പ്രതിസന്ധികൾ യാഥാർഥ്യമായ ഒരു ലോകസാഹചര്യത്തിലാണ് സാങ്കേതികവിദ്യയെ സാർവത്രികമാക്കുന്ന അനുഭവ മാതൃക കേരളം വികസിപ്പിച്ചത്. കേരളത്തിലെ എല്ലാ സ്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും നാം ഒരുക്കിയിട്ടുണ്ട്. സാങ്കേതികവിദ്യയെ പഠനപ്രവർത്തനങ്ങളിൽ എങ്ങനെ ഉൾച്ചേർക്കാം എന്നതിന് സഹായകമായ പരിശീലനങ്ങൾ അധ്യാപകർക്കും നൽകിയിട്ടുണ്ട്.

സ്കൂളുകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അമ്പതിനായിരത്തിൽ അധികം ക്ലാസ് മുറികൾ (എട്ടു മുതൽ 12 വരെ) സാങ്കേതികവിദ്യാസൗഹൃദമാക്കി.

> **സ്കൂളുകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അമ്പതിനായിരത്തിൽ അധികം ക്ലാസ് മുറികൾ സാങ്കേതികവിദ്യാസൗഹൃദമാക്കി. പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർലാബുകൾ സജ്ജമാക്കി.**

പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർലാബുകൾ സജ്ജമാക്കി. ഇവയെക്കൂടാതെ ടിങ്കറിങ് ലാബുകളും, റോബോട്ടിക് ലാബുകളും സ്കൂളുകളിൽ സജ്ജമാക്കി. അധ്യാപകർക്കും വിദ്യാർഥികൾക്കും നിർമ്മിതബുദ്ധിയിൽ പരിശീലനം നൽകി. എടുത്തുപറയാനുള്ള മറ്റൊരു പ്രവർത്തനം അമ്മമാർക്കുള്ള സൈബർ സുരക്ഷാപരിശീലനങ്ങളാണ്. സ്കൂളുകളിൽ കുട്ടികളുടെ നേതൃത്വത്തിൽ നടക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ വഴി മൂന്ന് ലക്ഷം അമ്മമാർക്ക് സാങ്കേതികവിദ്യകളെ പരിചയപ്പെടുത്തുന്ന പ്രത്യേക പരിശീലനമാണ് ഒരുക്കിയത്. വ്യാജവാർത്തകളെ കണ്ടെത്താനും തിരിച്ചറിയാനും പരിശോധിക്കുവാനും കഴിയുന്നതോടൊപ്പം അവയെ തടയാൻ കൂടി സഹായിക്കുന്ന 'വാർത്തകളുടെ കാണാലോകം' (ഫെയ്ക്ക് ന്യൂസ് തിരിച്ചറിയൽ-ഫാക്ട് ചെക്കിങ്), ഇൻറർനെറ്റിലെ ചതിക്കുഴികൾ തുടങ്ങിയ മേഖലകളിൽ ഓരോ സ്കൂളിലെയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികളും കൈറ്റ് മാസ്റ്റർമാരായ അധ്യാപകരും ചേർന്നാണ് പരിശീലനം ക്രമീകരിച്ചത്. 2200 നടുത്ത് യൂണിറ്റുകളിലായി രണ്ട് ലക്ഷത്തിനടുത്ത് കുട്ടികൾ അംഗങ്ങളായ സാങ്കേതികവിദ്യയിൽ നൂതനത്വം അന്വേഷിക്കുന്ന കുട്ടികളുടെ സംഘമാണ് ലിറ്റിൽ കൈറ്റ്സ്. വികസിത രാജ്യങ്ങളടക്കം ഇതിന്റെ പ്രവർത്തന രീതി ശ്രദ്ധിക്കുന്നുണ്ട്.

## ജനകീയമായി രൂപപ്പെടുത്തിയ പാഠ്യപദ്ധതി

2007ൽ കേരളപാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തകങ്ങളായിരുന്നു കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിരുന്നത്. 2013ൽ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. 10 വർഷമായി നിലനിന്നിരുന്ന പാഠപുസ്തകങ്ങളിൽ ആധുനികമായി വികസിച്ച അറിവുകളും സാങ്കേതിക വിദ്യാരംഗത്ത് വന്ന വികാസങ്ങളും ചേർത്തിരുന്നില്ല. ഈയൊരു പശ്ചാത്തലത്തിൽ കേരളപാഠ്യപദ്ധതി ചട്ടക്കൂട് സമഗ്രമായി 2023ൽ പരിഷ്കരിച്ചു. ജനങ്ങളുടെ അഭിപ്രായങ്ങളും മറ്റും ശേഖരിക്കുന്നതിനായി പതിനായിരത്തിലധികം കേന്ദ്രങ്ങളിൽ ചർച്ചകൾ നടത്തി. മൂന്നു ലക്ഷത്തിലധികം പേർ ജനകീയ ചർച്ചയുടെ ഭാഗമായി. പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളുടെ അഭിപ്രായം തേടുക എന്ന സാധാരണ കാണാത്ത ഒരു പ്രക്രിയയും കേരളം അവലംബിക്കുകയുണ്ടായി. ലക്ഷക്കണക്കിന് കുട്ടികളാണ് തങ്ങൾക്കിണങ്ങിയ ക്ലാസ് മുറികളും പാഠപുസ്തകങ്ങളും എങ്ങനെയാകണം എന്ന് അഭിപ്രായം പറഞ്ഞത്.

നിലവിലുള്ള അധ്യയന രീതി കാലാനുസൃതമായി പരിവർത്തിപ്പിക്കണമെന്ന അഭിപ്രായം കുട്ടികളുടെ ചർച്ചയിൽ ഉയർന്നുവന്നു. ചർച്ചകളിലൂടെ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ചേർത്തുകൊണ്ട് കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2023 വികസിപ്പിച്ചു. ഇതനുസരിച്ച് ഒന്നു മുതൽ 10 വരെയുള്ള മുഴുവൻ പാഠപുസ്തകങ്ങളും പുതുക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ പൂർണ്ണപിന്തുണ ഉറപ്പാക്കുന്നതിന് രക്ഷാകർത്താക്കൾക്കുള്ള പുസ്തകങ്ങളും ഈ പരിഷ്കരണത്തിന്റെ ഭാഗമായി വികസിപ്പിച്ചു.

## അക്കാദമിക മികവിന് മാസ്റ്റർ പ്ലാനുകൾ

മികച്ച ആസൂത്രണത്തോടെ വിദ്യാലയപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാനുകൾ രൂപവൽക്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്ന രീതിശാസ്ത്രം സ്കൂളുകളിൽ അവലംബിക്കുന്നുണ്ട്. സൂക്ഷ്മതല അക്കാദമിക ആസൂത്രണത്തിന് അക്കാദമിക പ്ലാനുകൾ സഹായകമാകും.



## പഠനപോഷണ പദ്ധതികൾ

മലയാളഭാഷാ പഠനത്തിൽ പരിമിതി നേരിടുന്ന കുട്ടികൾക്കായി 'മലയാളത്തിളക്കം' എന്ന പഠനപിന്തുണാ പദ്ധതി നടപ്പാക്കി. ഇംഗ്ലീഷ് ഭാഷാപഠനത്തിനായി 'ഹലോ ഇംഗ്ലീഷ്' പദ്ധതിയും ഹിന്ദി പഠനത്തിനായി 'സുരീലി ഹിന്ദി' പദ്ധതിയും നടപ്പാക്കി. ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയ്ക്കായി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കി. ഗണിത പഠനത്തിന് ഉല്ലാസ ഗണിതം, ഗണിത വിജയം, മേന്മ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ പഠനമുന്നേറ്റത്തിന് ഈ പഠനപരിപോഷണപദ്ധതികൾ പ്രയോജനപ്പെട്ടിട്ടുണ്ട്.

## മഞ്ചാടി പദ്ധതി

ഗണിതത്തെ ആസ്വദിച്ച് പഠിക്കാൻ സഹായിക്കുന്ന ആഴത്തിലുള്ള ഗണിതപഠന രീതിയാണ് മഞ്ചാടി പദ്ധതി. പ്രവർത്തനങ്ങളിലൂടെ കുട്ടികൾ വിവിധങ്ങളായ പ്രശ്നങ്ങളെ നിർധരിക്കാനുള്ള അറിവും കഴിവും നേടുക എന്നതാണ് ലക്ഷ്യം. പാഠപുസ്തകത്തിലെ ഗണിതാശയങ്ങൾ നൂതനങ്ങളായ പഠനോപകരണങ്ങൾ ഉപയോഗിച്ച് സമഗ്രതയോടെ ചെയ്തുപഠിക്കുക എന്നതാണ് പദ്ധതിയുടെ സമീപനം. കെ ഡിസ്കിന്റെ സഹകരണവും പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നു. സംസ്ഥാനത്തെ 100 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി 1400 സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. നടപ്പാക്കിയ സ്കൂളുകളിൽ കുട്ടികളും അധ്യാപകരും വളരെ താൽപര്യത്തോടെയാണ് ഈ പഠനരീതിയെ സമീപിക്കുന്നത്.

## മഴവില്ല്

ശാസ്ത്രത്തിന്റെ രീതി കുട്ടികൾ സ്വായത്തമാക്കാനും ശാസ്ത്രപഠനത്തിനായി പുതിയൊരു രീതിശാസ്ത്രം വികസിപ്പിക്കുന്നതിനുമുള്ള അന്വേഷണമാണ് മഴവില്ല് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ കേന്ദ്രീകരിച്ചാണ് പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്.

## കുട്ടിശാസ്ത്രജ്ഞർ

ഹയർസെക്കൻഡറി ക്ലാസുകളിലെ ശാസ്ത്രപ്രതിഭകളെ കണ്ടെത്തുകയും അവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് കുട്ടിശാസ്ത്രജ്ഞർ. കോളേജുകളിലെ അക്കാദമിക സൗകര്യങ്ങൾ ഉപയോഗ

## പത്താം ക്ലാസിനപ്പുറം സ്കൂൾ പ്രവർത്തനം വിപുലമായി

സ്കൂളിൽ നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സേവനം ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള ഇടപെടലാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്. പത്താം ക്ലാസ്സ് റിസൾട്ട് മാത്രം ശ്രദ്ധിച്ചായിരുന്നു മുമ്പ് സ്കൂൾ പ്രവർത്തനങ്ങളാകെയും നടന്നിരുന്നത്. പത്താം ക്ലാസ് പരീക്ഷയ്ക്കായി തയ്യാറെടുക്കലാണ് എല്ലാ ചെറിയ ക്ലാസുകളിലും നടന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി എല്ലാ ക്ലാസ്സിലും നേടേണ്ട ശേഷി ഉറപ്പുവരുത്താനുള്ള നടപടികൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തും.

പാഠപുസ്തകങ്ങളെല്ലാം കാലോചിതമായി പരിഷ്കരിച്ചു, അതും വിദ്യാർഥികളുടെ കൂടി അഭിപ്രായങ്ങൾ സ്വരൂപിച്ച്. ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉൾപ്പെടെ കുട്ടി സ്കൂളിൽനിന്നുതന്നെ പരിചയപ്പെടുന്നു. YIP പോലുള്ള പരിപാടികൾ കുട്ടികൾക്ക് ഗവേഷണത്തിനും സംരംഭകത്വത്തിനും അവസരം നൽകുന്നു. Skill develepment നുള്ള വിവിധ ശ്രമങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. അത് കുറച്ചു കൂടി തുടർച്ചയുള്ളതാവും എന്ന് പ്രതീക്ഷിക്കുന്നു.



**കെ അജില**
അധ്യാപിക, പിഎംജിഎച്ച്എസ്എസ്, പാലക്കാട്

പ്പെടുത്തി സംസ്ഥാനവ്യാപകമായി ഈ പദ്ധതി നടപ്പാക്കുന്നു. ഇതിൽ ഏറ്റവും മികവ് കാണിക്കുന്ന കുട്ടികളെ ഐസർ പോലുള്ള ഉന്നതഗവേഷണസ്ഥാപനങ്ങളിൽ വച്ച് സഹവാസ ക്യാമ്പുകളിലൂടെ വിജ്ഞാനത്തിന്റെ അനന്തമായ സാധ്യതകൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നുണ്ട്.

### വായന

മാറിയ കാലത്തെ പഠനത്തിന് കുട്ടികൾക്ക് വിപുലമായ വായനയും റഫറൻസും അനിവാര്യമാണ്. ഇതിന് സഹായകമായ വിധത്തിൽ ക്ലാസ് ലൈബ്രറികൾ രൂപപ്പെടുത്തുന്നതിനും സ്കൂൾ ലൈബ്രറികൾ വിപുലീകരിക്കുന്നതിനും പുസ്തകവായന ഉപയോഗപ്പെടുത്തിയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്കൂളുകൾ ശ്രദ്ധിക്കുന്നുണ്ട്.

### എഴുത്തുകാരാകുന്ന ഒന്നാംക്ലാസുകാർ

പൊതുവിദ്യാലയങ്ങളിലെ ഒന്നാംക്ലാസിലെ കുട്ടികളുടെ പഠനമികവ് അടയാളപ്പെടുത്തുന്നതിന്റെ നേർസാക്ഷ്യമായി മാറിയിരിക്കുകയാണ് കുട്ടികളുടെ ഡയറികൾ. ധാരാളം സ്കൂളുകൾ കുട്ടികളുടെ ഡയറികൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഒന്നാംക്ലാസിലെ കുട്ടികൾ എഴുതിയ ഡയറികളിൽ നിന്നും ഏതാനും കുറിപ്പുകൾ ഉൾക്കൊള്ളിച്ച് കേരളത്തിലെ വിദ്യാഭ്യാസമന്ത്രി തന്നെ എഡിറ്ററായി 'കുരുന്നെഴുത്തുകൾ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### വർണ്ണക്കൂടാരം

കുട്ടികളുടെ ബഹുമുഖ വികാസം സാധ്യമാകുന്ന പഠന പരിസരം പ്രീസ്കൂളിന്റെ കാലഘട്ടത്തിൽ അനിവാര്യമാണ്. ശിശുവികാസ ഘട്ടങ്ങളെ ശാസ്ത്രീയമായി മനസ്സിലാക്കി വേണം ഈ പ്രായഘട്ടത്തിനനുഗുണമായ ഭൗതികപരിസരം വികസിപ്പിക്കാൻ. സമഗ്രശിക്ഷാ കേരളം ഒരുക്കിയ വർണ്ണക്കൂടാരങ്ങൾ ഈ ദിശയിലേക്കുള്ള വിലപ്പെട്ട സംഭാവനയാണ്. സംസ്ഥാനത്തെ 1200 ഓളം സ്കൂളുകളിൽ വർണ്ണക്കൂടാരങ്ങൾ ഒരുക്കിയിട്ടുണ്ട്.



### ഭിന്നശേഷിക്കുട്ടികളെ ചേർത്തുപിടിച്ച്

പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി കുട്ടികൾക്കും സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികൾക്കും കായിക മികവ് പ്രകടിപ്പിക്കുന്നതിനും കായികമേളകളിൽ പങ്കെടുക്കുന്നതിനും ആയി സ്പോർട്സ് മാന്വൽ തയ്യാറാക്കി. അന്തർദേശീയ തലത്തിലെ പാരാലിമ്പിക്സ്, സ്വാർഫ് ഗെയിംസ് തുടങ്ങിയ മത്സരങ്ങളുടെ മാതൃക, സവിശേഷത, ഘടന എന്നിവയും കേരളത്തിന്റെ സാഹചര്യങ്ങളും പരിഗണിച്ചാണ് മാന്വൽ വികസിപ്പിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് ഈ വർഷം നടത്തിയ മത്സരങ്ങൾ സാമൂഹികശ്രദ്ധ പിടിച്ചുപറ്റി. ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുപിടിക്കുന്നതിന്റെ അനന്യമായ അനുഭവ മാതൃകയായിരുന്നു എറണാകുളത്ത് നടന്ന മത്സരങ്ങൾ പകർന്നത്.

### സ്കിൽ സെന്ററുകൾ

തൊഴിലിനെ എങ്ങനെയെല്ലാം സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടത്തിൽ ഉദ്ഗ്രഥിക്കാം എന്നുള്ള അന്വേഷണമാണ് നൈപുണിവികസനകേന്ദ്രങ്ങ

ളിലൂടെ നടക്കുന്നത്. തൊഴിലിനോടുള്ള സമീപനത്തിലും മനോഭാവത്തിലും വളരെ വലിയ മാറ്റങ്ങൾ അനിവാര്യമാണ്. അതിലേക്കുള്ള ചുവടുവയ്പായി ഈ സെന്ററുകളെ കാണാം.

## പ്രാദേശിക പ്രതിഭാകേന്ദ്രങ്ങളും ഊരുവിദ്യാകേന്ദ്രങ്ങളും

സാമൂഹികമായി പിന്നാക്കം നിൽക്കുന്നതും എന്നാൽ പഠനപിന്തുണ ആവശ്യമുള്ളതുമായ കുട്ടികൾക്കായി പ്രാദേശിക പ്രതിഭാകേന്ദ്രങ്ങളും ഊരുവിദ്യാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സ്കൂളിന് പുറത്തുള്ള കേന്ദ്രങ്ങളിൽ പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ക്രമീകരണങ്ങൾ ഇതുവഴി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 720 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 2023 വരെ 60 ഊരുവിദ്യാഭ്യാസ കേന്ദ്രങ്ങളും പ്രവർത്തിച്ചിട്ടുണ്ട്.

കേരളത്തിലെ ഏക ആദിവാസി ഗ്രാമ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിലെ കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിനായി പഠിപ്പുറുസി എന്ന പഠന പിന്തുണാപരിപാടി നടപ്പിലാക്കി. അവിടെ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ഭാഷയിൽ തന്നെ പഠനപദ്ധതി ആസൂത്രണം ചെയ്ത് ഇതുവഴി നടപ്പാക്കുന്നു. ഇടമലക്കുടിയിലെ എൽപി സ്കൂൾ, യുപി സ്കൂളിലായി ഈ കാലത്തിനിടയിൽ ഉയർത്തുകയുണ്ടായി.

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ മുന്നേറ്റം കൂടുതൽ ഉയരങ്ങളിലേക്ക് വളർത്തേണ്ടതുണ്ട്. അക്കാദമിക രംഗത്തെ മുന്നേറ്റമാണ് ഇതിൽ ഏറ്റവും പ്രധാനം. ഇതിന് സഹായകമാകും വിധം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രവർത്തനപദ്ധതി അടക്കം ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുക
- മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക
- സാങ്കേതികവിദ്യാസൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക



- ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- അധ്യാപക പരിശീലനങ്ങൾ കാലോചിതമായി പരിവർത്തിപ്പിക്കുക
- വിദ്യാലയ സമിതികളും ജനകീയ സമിതികളും ശക്തിപ്പെടുത്തുക
- നടത്തുന്ന പ്രവർത്തനങ്ങൾ ജനങ്ങളുടേതുമാക്കി മാറ്റുക

മേൽപ്പറഞ്ഞ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്ന ഘട്ടത്തിലാണ് വിദ്യാഭ്യാസ വകുപ്പ്

## ഘടനാപരമായ മാറ്റങ്ങൾ

അക്കാദമികമായ പരിവർത്തനങ്ങൾ സ്ഥായിയാകണമെങ്കിൽ ഘടനാപരമായിട്ടുള്ള മാറ്റങ്ങളും അനിവാര്യമാണ്. സർക്കാർ നിയോഗിച്ച വിദഗ്ധസമിതിയുടെ നിർദ്ദേശപ്രകാരം സ്കൂൾവിദ്യാഭ്യാസ ഘടനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.


## അധ്യാപക പരിവർത്തന പദ്ധതി

ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുന്നുപാധി എന്നത് പഠിപ്പിക്കുന്ന വിഷയമേഖലകളിൽ ആഴത്തിലുള്ള അറിവും പ്രസ്തുത അറിവിനെ ഭിന്നപഠനവേഗമുള്ള കുട്ടികൾക്ക് മനസ്സിലാകുംവിധം വിനിമയം ചെയ്യാനുള്ള അറിവും കഴിവും മനോഭാവവും ഉള്ള അധ്യാപകർ ഉണ്ടാവുക എന്നതാണ്. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വികാസം സങ്കൽപ്പിക്കാൻ കഴിയുന്നതിലും വേഗം നടക്കുകയാണ്. ഇതെല്ലാം പഠനബോധന പ്രവർത്തനങ്ങളെയും സ്വാധീനിക്കും. അതുകൊണ്ടു തന്നെ കാലോചിതമായി നവീകരണം നടക്കേണ്ട വിഭാഗമാണ് അധ്യാപകർ. ഇതിനായി അധ്യാപകരെ സജ്ജമാക്കുന്നതിന് സഹായകമായ തരത്തിലാണ് അധ്യാപക പരിവർത്തന പരിപാടികൾ നടക്കുന്നത്.

കോവിഡ് സമയത്ത് ലോകമാകെ ശ്രദ്ധിക്കുന്നവിധം കുട്ടികളെ ചേർത്തുപിടിച്ചതിന്റെ അനുഭവമാതൃകകൂടി ഓർക്കാതെ കഴിഞ്ഞ ഒൻപത് വർഷമായി നടക്കുന്ന വിദ്യാഭ്യാസ പരിവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അരിച്ചുമാറ്റലും ശ്രദ്ധനൽകാതിരിക്കലും കമ്പോളവിദ്യാഭ്യാസത്തിന്റെ സവിശേഷതയായി തുടരുമ്പോഴും, എല്ലാവരെയും ഉൾച്ചേർത്തും ഉൾക്കൊണ്ടും ഇടംനൽകിയും മുന്നേറുന്ന കേരളത്തിലെ ജനകീയവിദ്യാഭ്യാസം നിലനിർത്താൻ ശ്രമിക്കുന്ന ചിന്താധാരകളെ ശക്തിപ്പെടുത്തുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി നിലകൊള്ളുന്നവരുടെ കടമയാണ്.■

> **കേരളത്തിലെ ഏക ആദിവാസി ഗ്രാമ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിലെ കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിനായി പഠിപ്പുറുസി എന്ന പഠന പിന്തുണാപരിപാടി നടപ്പിലാക്കി.**

ഇൻഫോ ഗൈഡ് >> ഡോ. ടി. പി. സേതുമാധവൻ
എഡ്യൂക്കേഷൻ & കരിയർ കൺസൾട്ടന്റ്





പത്തിനും പ്ലസ് ടുവിനും ശേഷം ഉപരിപഠനം തിരഞ്ഞെടുക്കുമ്പോൾ ഈ കാര്യങ്ങൾ ശ്രദ്ധിക്കാം...

# അറിയാം ഭാവിയുടെ പഠനമേഖലകൾ



പ്ലസ്ടുവിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തേക്കു കടക്കുമ്പോൾ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും എളുപ്പത്തിൽ തൊഴിൽ ലഭിക്കുന്ന കോഴ്സുകളെക്കുറിച്ചറിയാനാണ് താൽപര്യം. കോഴ്സുകളുടെ കാര്യത്തിൽ ലോകത്തെമ്പാടും മാറ്റം പ്രകടമാണ്. വ്യവസായസ്ഥാപനങ്ങളുമായിച്ചേർന്നുള്ള കോഴ്സുകൾക്ക് പ്രസക്തിയേറി വരുന്നു. ബിരുദതലത്തിൽ രണ്ടു മേഖലകൾ കൂടിച്ചേർന്നുള്ള മൾട്ടി ടാസ്ക്കിങ് കോഴ്സുകൾക്കും പ്രിയമേറിവരുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ക്ലൈമറ്റ് ചേഞ്ച് & ഇക്കണോമിക്സ്, എനർജി & ഇക്കണോമിക്സ് കോഴ്സുകൾക്കും ലോകമെമ്പാടും പ്രാധാന്യം ലഭിച്ചുവരുന്നു.

## ഉപരിപഠന മേഖല തിരഞ്ഞെടുക്കുമ്പോൾ

പത്താം ക്ലാസിനുശേഷവും പ്ലസ്ടു വിനുശേഷവും ഉപരിപഠന മേഖല തിരഞ്ഞെടുക്കുമ്പോൾ വ്യക്തമായ തീരുമാനമെടുക്കണം. പത്താം ക്ലാസ്സിനുശേഷം ഉപരിപഠന മേഖല കണ്ടെത്തുമ്പോൾ വിദ്യാർഥിയുടെ താൽപര്യം, അഭിരുചി, ലക്ഷ്യം, പ്രാപ്തി, പഠിക്കാനുദ്ദേശിക്കുന്ന വിഷയത്തിന്റെ പ്രസക്തി, തുടർപഠന സാധ്യത മുതലായവ വ്യക്തമായി വിലയിരുത്തണം. മാറുന്ന ഉപരിപഠന, തൊഴിൽ സാധ്യതകൾ, ആഗോള വിദ്യാഭ്യാസ സാഹചര്യം എന്നിവ മനസ്സിലാക്കിയിരിക്കണം. പത്താം ക്ലാസ്സിനുശേ

ഷം ഭൂരിഭാഗം വിദ്യാർഥികളും പ്ലസ്ടുവിനാണ് ചേരുന്നത്. വൊക്കേഷണൽ ഹയർ സെക്കൻഡറി, ഡിപ്ലോമ, ഐടിഐ കോഴ്സുകൾക്ക് താൽപര്യപ്പെടുന്നവരുണ്ട്.

പ്ലസ്ടുവിനു കോമ്പിനേഷനുകൾ തിരഞ്ഞെടുക്കുമ്പോൾ പ്ലസ്ടുവിനുശേഷമുള്ള തുടർപഠന സാധ്യത, ലക്ഷ്യം എന്നിവ ശ്രദ്ധാപൂർവം വിലയിരുത്തണം. പ്ലസ്ടുവിന് ശേഷം പഠിക്കാനുദ്ദേശിക്കുന്ന കോഴ്സിനനുസരിച്ച് വിഷയങ്ങൾ കണ്ടെത്തണം. ഇതുകൂടാതെ നിരവധി സ്കിൽ അധിഷ്ഠിത കോഴ്സുകളുമുണ്ട്.

ബിസിനസ്സ് & മാനേജ്മെന്റ്, ബിസിനസ് & സൈക്കോളജി, എന്റർപ്രെന്യൂർഷിപ് & മാനേജ്മന്റ്, ബിബിഎ/ബിഎ/ബികോം/ബിഎസ്ഡബ്ല്യൂ/എൽഎൽബി പ്രോഗ്രാമുകൾ, ഫാഷൻ & ഡിസൈൻ, മെഷീൻ ഡിസൈൻ, പ്രൊജക്റ്റ് മാനേജ്മെന്റ് എന്നിവയ്ക്ക് സാധ്യതകളേറെയുണ്ട്. 2025ൽ ഒരു തൊഴിൽ മേഖലയിൽ നിന്നും മറ്റൊന്നിലേക്ക മാറാനാഗ്രഹിക്കുന്ന പ്രൊഫഷണലുകളുടെ എണ്ണം വർധിച്ചുവരുന്നു. 74 ശതമാനം പേരാണ് സാധ്യതയുള്ള പുത്തൻ തൊഴിൽ മേഖലകളിലേക്ക് ചേക്കേറാനാഗ്രഹിക്കുന്നത്. ആഗോളതലത്തിൽ മൂന്നിലൊന്നോളം തൊഴിലാളികളും തൊഴിൽ മേഖല മാറാനാഗ്രഹിക്കുമ്പോൾ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി എ.ഐ അധിഷ്ഠിതമായ മാറുന്ന സ്കിൽ മേഖലകളാണ്.

ടെക്നോളജി രംഗത്താണ് തൊഴിലുകൾ ഏറിവരുന്നത്. തൊഴിൽ മാറ്റം ആഗ്രഹിക്കുന്നവർ സ്കിൽ കൈവരിക്കാൻ ശ്രമിക്കണം. ഇത് അപ് സ്കില്ലിങ്ങോ, സ്കില്ലുകൾ സ്വായത്തമാക്കാനുള്ള റീ സ്കില്ലിങ്ങോ ആകാം. മാറുന്ന തൊഴിൽ മേഖലകൾ, പുത്തൻ പ്രവണതകൾ, സ്കിൽ വികസന കോഴ്സുകൾ എന്നിവയെക്കുറിച്ച് അറിഞ്ഞിരിക്കണം. മാറുന്ന സ്കിൽ പ്രവണതകൾ 2030 ഓടെ 65 ശതമാനം തൊഴിലുകളെയും ബാധിക്കും.

ലോകത്താകമാനം അതിവേഗം വളരുന്ന തൊഴിൽ മേഖലകളാണ് പ്രോഗ്രാം അനലിസ്റ്റ്, കൺസൾട്ടന്റ്, പ്രൊജക്റ്റ് മാനേജർ എന്നിവ. എല്ലാ മേഖലകളിലും ഇവരുടെ ആവശ്യമുണ്ട്. സുസ്ഥിര വികസന മേഖലയിൽ വിദഗ്ധരുടെ ആവശ്യകത വർധിച്ചു വരും. എൻവിറോൺമെന്റ് കൺസൾട്ടന്റ്, എഞ്ചിനീയർ, സേഫ്റ്റി മാനേജർ എന്നിവയിൽ തൊഴിലവസരങ്ങൾ വർധിക്കും. ഡാറ്റ അനലിറ്റിക്സ്, ഡാറ്റ മാനേജ്മെന്റ്, ഇലക്ട്രിക് വെഹിക്കിൾ/ഹൈബ്രിഡ് ടെക്നോളജി പൂർത്തിയാക്കിയവർക്ക് സുസ്ഥിര വികസനമേഖലയിൽ പ്രവർത്തിക്കാം. ഫിസിയോതെറാപ്പിസ്റ്റ്, നഴ്സുമാർ എന്നിവർക്ക് ലോകത്താകമാനം അവസരങ്ങളേറും. എഐ എഞ്ചിനീയർ, റിക്രൂട്ടർ, എഐ കൺസൾട്ടന്റ് എന്നിവ മികച്ച തൊഴിൽ മേഖലകളാകും.

കമ്മ്യൂണിക്കേഷൻസ് മാനേജർ, സെക്യൂരിറ്റി എഞ്ചിനീയർ, പ്രോഗ്രാം മാനേജർ, പ്ലാനിങ്, സേഫ്റ്റി, അധ്യാപനം, കോച്ചിങ്, സൈക്കോളജി, ഭക്ഷ്യസംസ്കരണം, ഇ-റീറ്റെയ്ൽ, പാക്കേജിങ്, ബ്രാൻഡിങ്, കോസ്മറ്റോളജി, ക്വാണ്ടം കമ്പ്യൂട്ടിങ്, ബിസിനസ്സ് ഇക്കണോമിക്സ്, ഡിസൈൻ, ക്രിയേറ്റിവിറ്റി, ന്യൂമീഡിയ, എനർജി, സേഫ്റ്റി, ജനറ്റിക്സ്, മോളിക്യൂലാർ ബയോളജി, ഹോളിസ്റ്റിക് തെറാപ്പി, അഗ്രിബിസിനസ്സ്, ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഇന്റലിജന്റ് പ്രോസസ്സ് ഓട്ടോമേഷൻ, കമ്പ്യൂട്ടർ എഞ്ചിനീയറിങ് ഇന്റഗ്രേറ്റഡ് നിയമം, അനിമേഷൻ, ഗെയിമിങ്, വിർച്വൽ റിയാലിറ്റി, അക്കൗണ്ടിങ്, കോമിക്സ്, പെറ്റ് കെയർ

ലക്ഷ്യം എന്നിവ വിലയിരുത്തി കോഴ്സുകൾ കണ്ടെത്താം. താൽപര്യമുള്ള വിഷയത്തിൽ ബിരുദം പൂർത്തിയാക്കിയശേഷം മേൽസൂചിപ്പിച്ച മേഖലകളിലേക്ക് കടക്കാനുള്ള നിരവധി ബിരുദാനന്തര, സ്കിൽ വികസന പ്രോഗ്രാമുകളുണ്ട്.

## തൊഴിലിനാവശ്യം പുത്തൻ പഠനമേഖലകൾ

രാജ്യത്ത് സർവകലാശാലകൾ നാലു വർഷ ഓണേഴ്സ് പ്രോഗ്രാം നടപ്പിലാക്കുമ്പോൾ പുത്തൻ പഠനമേഖലകൾ ഉൾപെടുത്തിവരുന്നു. സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ, കാലാവസ്ഥാവ്യതിയാനം,



& മാനേജ്മെന്റ്, പ്രോജക്റ്റ് മാനേജ്മെന്റ്, സംരംഭകത്വം എന്നിവ കൂടുതൽ വളർച്ച കൈവരിക്കും.

പ്ലസ്ടു തലത്തിൽ പഠിച്ച വിഷയങ്ങൾക്കിണങ്ങിയവ തന്നെ തിരഞ്ഞെടുക്കണമെന്നില്ല. താൽപര്യം, അഭിരുചി, കോഴ്സിന്റെ പ്രസക്തി, തൊഴിൽ സാധ്യതകൾ,

ഇന്നവേഷൻ സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടുത്തണം. സ്കിൽ വികസനം, ഇന്റേൺഷിപ് എന്നിവയ്ക്കും, വ്യവസായ സ്ഥാപനങ്ങളുമായി ചേർന്നുള്ള സഹകരണം, ക്യാമ്പസ് പ്ലേസ്മെന്റ്, ഭാഷ, കമ്പ്യൂട്ടർ പ്രാവീണ്യം, പൊതുവിജ്ഞാനം മുതലായവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. മാറുന്ന തൊഴിൽ സാഹചര്യം, ഉപരിപഠന ഗവേഷണ സാധ്യതകൾ,




# പുത്തൻ സാങ്കേതികവിദ്യകളും സൈബർ സെക്യൂരിറ്റിയും

**പുത്തൻ സാങ്കേതികവിദ്യകളായ ഡീപ് ടെക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സ്പേസ് ടെക്, ഫിൻ ടെക് എന്നിവയിൽ കൂടുതൽ സാധ്യതകളേറും. സൈബർസെക്യൂരിറ്റി വെല്ലുവിളികൾ വർധിക്കാനിടവരും. ഹൈപ്പർ ഓട്ടോമേഷൻ, ഇന്റർനെറ്റ് ഓഫ് തിങ്സ്, 5ജി എന്നിവ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കും. മെറ്റാവേഴ്സ്, വെബ് 3.0, ക്ലൗഡ് സേവനങ്ങൾ, എഡ്ജ് കമ്പ്യൂട്ടിങ്, ക്വാന്റം കമ്പ്യൂട്ടിങ്, ഇ എസ് ജി എന്നിവ വിപുലപ്പെടും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സൈബർ സെക്യൂരിറ്റിക്ക് സൈബർ ക്രൈം നിയന്ത്രിക്കുന്നതിൽ ഫലപ്രദമായ പങ്കുവഹിക്കാൻ സാധിക്കും.**

ഭാവി തൊഴിലുകൾ, ഭാവി ഇന്നവേഷനുകൾ എന്നിവ ലക്ഷ്യമിട്ടാണ് പുതിയ ഓണേഴ്സ് പ്രോഗ്രാമുകൾ ആവിഷ്കരിക്കുന്നത്. തൊഴിൽ ലഭ്യത വർധിപ്പിച്ച്, തൊഴിലില്ലായ്മാനിരക്ക് കുറയ്ക്കാനാണ് ലക്ഷ്യം. ഒപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജി ഇ ആർ അനുപാതവും ഗവേഷണമികവും വർധിപ്പിക്കേണ്ടതുണ്ട്.

ബിസിനസ്സ്, ടെക്നോളജി, ഡാറ്റ സയൻസ് സ്കില്ലുകൾക്കാണ് ലോകത്താകമാനം പ്രാധാന്യമേറുന്നത്. അക്കൗണ്ടിങ് കമ്മ്യൂണിക്കേഷൻ, സംരംഭകത്വം, സാമ്പത്തികം, മനുഷ്യവിഭവശേഷി, ലീഡർഷിപ്പ് മാനേജ്മെന്റ്, മാർക്കറ്റിങ്, സെയിൽസ്, സ്ട്രാറ്റജി & ഓപ്പറേഷൻസ് എന്നിവയുമായി ബന്ധപ്പെട്ട സ്കില്ലുകൾക്കു ആവശ്യകതയേറുന്നു. ഓഡിറ്റിങ്, പീപ്പിൾ മാനേജ്മെന്റ്, ബ്ലോക്ക് ചെയിൻ, ഡിജിറ്റൽ മാർക്കറ്റിങ്, ഓപ്പറേഷൻസ് മാനേജ്മെന്റ് എന്നിവ ഇവയിൽപ്പെടുന്നു.

ടെക്നോളജി സ്കില്ലുകളിൽ ക്ലൗഡ് കമ്പ്യൂട്ടിങ്, കമ്പ്യൂട്ടർ നെറ്റ് വർക്കിങ്, കമ്പ്യൂട്ടർ പ്രോഗ്രാമിങ്, ഡാറ്റാബേസ്, മൊബൈൽ ഡെവലപ്മെന്റ്, ഓപ്പറേഷൻസ് സിസ്റ്റംസ്, സെക്യൂരിറ്റി എഞ്ചിനീയറിങ് സോഫ്റ്റ് വെയർ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ സയൻസ്, വെബ് ഡെവലപ്മെന്റ് എന്നിവയ്ക്ക് പ്രാധാന്യമേറുന്നു. സൈബർ സെക്യൂരിറ്റി, ആൻഡ്രോയിഡ് ഡെവലപ്മെന്റ്, സോഫ്റ്റ് വെയർ ആർക്കിടെക്ചർ, അൽഗൊരിതം എന്നിവയ്ക്കാണ് സാധ്യതയേറുന്നത്.

ഡാറ്റ സയൻസിൽ ഡാറ്റ അനാലിസിസ്, ഡാറ്റ മാനേജ്മെന്റ്, ഡാറ്റ വിഷ്വലൈസേഷൻ, മെഷീൻ ലേണിങ്, മാത്തമാറ്റിക്സ്, പ്രോബബിലിറ്റി & സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്കൽ പ്രോഗ്രാമിങ്, കമ്പ്യൂട്ടർ ആർക്കിടെക്ചർ, ബയോ ഇൻഫോർമാറ്റിക്സ്, എപിഡെമിയോളജി എന്നിവ ഉൾപ്പെടുന്നു.

ഓപ്പറേഷൻസ് മാനേജ്മെന്റ്, ലീഡർഷിപ്പ് ഡെവലപ്മെന്റ്, സപ്ലൈ ചെയിൻ സിസ്റ്റംസ്, ബഡ്ജറ്റ് മാനേജ്മന്റ് എന്നിവ വിപുലപ്പെട്ടുവരുന്നു. കമ്മ്യൂണിക്കേഷൻ, സംരംഭകത്വം, ലീഡർഷിപ്പ് & മാനേജ്മെന്റ്, സ്ട്രാറ്റജി & ഓപ്പറേഷൻസ് എന്നിവ ഏറ്റവും കൂടുതലായി ആവശ്യമുള്ള തൊഴിൽ നൈപുണ്യ മേഖലകളാണ്.

## ഫിഷറീസ് നോട്ടിക്കൽ ആൻഡ് എൻജിനീയറിങ് പ്രോഗ്രാമുകൾ

പത്താം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എൻജിനീയറിങ് ട്രെയിനിങ് (CIFNET) പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം. ഏറെ തൊഴിൽ സാധ്യതയുള്ള കോഴ്സാണിത്. ഷിപ്പിങ് കോർപറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കും. 15 -20 വയസ്സാണ് പ്രായപരിധി. എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ചുവർഷത്തെ ഇളവുണ്ട്. രണ്ടു വർഷത്തെ വെസ്സൽ നാവിഗേറ്റർ, മറൈൻ ഫിറ്റർ തുടങ്ങിയ കോഴ്സുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. കൊച്ചി, വിശാഖപട്ടണം, ചെന്നൈ എന്നിവിടങ്ങളിലായി 120 സീറ്റുകളുണ്ട്. അഖിലേന്ത്യാ തലത്തിലുള്ള പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. കൂടുതൽ വിവരങ്ങൾക്ക് www.cifnet.gov.in

## പ്ലസ്ടുവിനു ശേഷം അവസരങ്ങളേറുന്ന ചില മേഖലകൾ

അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിങ്, കോമിക്സ്, ഇതുമായി ബന്ധപ്പെട്ട ടെക്നീഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽതല കോഴ്സുകൾ, ഡിസൈൻ കോഴ്സുകൾ, മെഷീൻ ഡിസൈൻ, പ്രോഡക്ട് ഡിസൈൻ, അപ്പാരൽ ഡിസൈൻ, ഫാഷൻ ഡിസൈൻ, ഫാഷൻ കമ്മ്യൂണിക്കേഷൻ,



# വിദേശപഠനം ലക്ഷ്യമെങ്കിൽ

2025ൽ വിദേശപഠനത്തിന് പ്ലസ്ടുവിനുശേഷമുള്ള അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം തിരഞ്ഞെടുക്കുമ്പോഴും, ബിരുദ ശേഷമുള്ള ഗ്രാജുവേറ്റ് പ്രോഗ്രാം കണ്ടെത്തുമ്പോഴും ഭാവി തൊഴിൽ സാധ്യതകൾ, ടെക്നോളജി, ഗവേഷണ സാധ്യത, വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം എന്നിവ പ്രത്യേകം വിലയിരുത്തണം. അപേക്ഷിക്കുന്നതിനു മുമ്പ് സ്ഥാപനങ്ങളുടെ റാങ്കിങ് നിലവാരം മനസ്സിലാക്കിയിരിക്കണം. ചില വിദ്യാർഥികൾ ലോക റാങ്കിങ്ങിൽ മുൻ നിരയിലുള്ള സർവകലാശാലകളിലേക്കു അപേക്ഷിക്കാൻ താൽപര്യപ്പെടാറുണ്ട്. ഏത് കോഴ്സ് ഇന്ത്യയിൽ പഠിച്ചവർക്കും താൽപര്യമുള്ള മേഖലയിൽ ഉപരിപഠനം നടത്താനുള്ള അവസരങ്ങൾ ലഭിക്കും. അമേരിക്കൻ സർവകലാശാലകളിലെ അന്താരാഷ്ട്ര വിദ്യാർഥികളിൽ 52 ശതമാനവും ചൈനയിൽനിന്നും ഇന്ത്യയിൽ നിന്നുമാണ്. ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികളിൽ 66.4 ശതമാനവും എഞ്ചിനീയറിങ്, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ് കോഴ്സുകളാണ് അമേരിക്കൻ സർവകലാശാലകളിൽ പഠിക്കുന്നത്.

സോഷ്യൽ സയൻസ്, മാനേജ്മന്റ്, ബിസിനസ് സ്റ്റഡീസ്, എഞ്ചിനീയറിങ് എന്നിവയ്ക്ക് യുകെ, ഓസ്ട്രേലിയ എന്നിവ മികച്ച രാജ്യങ്ങളാണ്. ജർമ്മനി ഉൾപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങൾ ടെക്നോളജി, എഞ്ചിനീയറിങ് പ്രോഗ്രാമുകൾക്കും കനഡ ലോജിസ്റ്റിക്സ്, സയൻസ്, ടെക്നോളജി കോഴ്സുകൾക്കും മികച്ച രാജ്യങ്ങളാണ്. ലൈഫ് സയൻസിൽ ഉപരിപഠനത്തിന് അമേരിക്കയിൽ സാധ്യതകളേറെയുണ്ട്. കമ്പ്യൂട്ടർ സയൻസ്, ഐടി പഠനത്തിനും അമേരിക്ക മികച്ച രാജ്യമാണ്. അമേരിക്കയിൽ സൈബർ സെക്യൂരിറ്റി കോഴ്സുകൾക്കും അനന്തസാധ്യതകളിന്നുണ്ട്.

പ്രതിവർഷം 10 ലക്ഷത്തോളം വിദ്യാർഥികളാണ് വിദേശ ക്യാമ്പസുകളിലെത്തുന്നത്. 50,000ത്തോളം മലയാളികളാണ് കേരളത്തിൽനിന്നും പ്രതിവർഷം വിദേശത്തെത്തുന്നത്. കാനഡ, ഓസ്ട്രേലിയ, അമേരിക്ക, യൂകെ, ന്യൂസീലാൻഡ്, അയർലൻഡ്, ജർമ്മനി എന്നിവയാണ് വിദേശപഠനത്തിനായി അന്താരാഷ്ട്ര തലത്തിൽ വിദ്യാർഥികൾ കൂടുതലായി തിരഞ്ഞെടുക്കുന്ന രാജ്യങ്ങൾ. 34 ശതമാനം വിദ്യാർത്ഥികളും കാനഡ, ഓസ്ട്രേലിയ, അമേരിക്ക എന്നീ രാജ്യങ്ങളിൽ പഠിക്കാനാണ് താൽപര്യപ്പെടുന്നത്. 63 ശതമാനം വിദ്യാർത്ഥികളും കോഴ്സ് പൂർത്തിയാക്കിയശേഷം ലഭിക്കാവുന്ന പോസ്റ്റ് സ്റ്റഡി തൊഴിൽ വിസ വിലയിരുത്തിയാണ് രാജ്യങ്ങൾ തിരഞ്ഞെടുക്കുന്നത്. എന്നാൽ കനഡയിലെ കടുത്ത നിയന്ത്രണങ്ങളും യുകെയിലെ സാമ്പത്തിക മാന്ദ്യവും പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. വിദേശപഠനത്തിന് വലിയ തുക മുടക്കി പോകുന്ന വിദ്യാർഥികൾ ഉപരിപഠന, തൊഴിൽ സാധ്യതകൾ വിലയിരുത്താതെ കോഴ്സുകൾ തിരഞ്ഞെടുക്കരുത്.

ആസ്ട്രിയ അടക്കമുള്ള യൂറോപ്യൻ രാജ്യങ്ങൾ 2025ൽ വർക്ക് വിസ നയത്തിൽ മാറ്റം വരുത്തുന്നു. എഞ്ചിനീയറിങ്, ഐടി, സോഫ്റ്റ് വെയർ വികസനം, ഹെൽത്ത് കെയർ, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വർധിച്ചുവരുന്ന തൊഴിൽ ലഭ്യതയ്ക്കനുസരിച്ചാണ് മാറ്റം വരുത്തുന്നത്. ഈ തൊഴിലുകളിൽ പ്രതിവർഷം 45000-70000 ഡോളർ വരെ വരുമാനം ലഭിക്കുകയും ചെയ്യും. ഹെൽത്ത് കെയർ, എഞ്ചിനീയറിങ്, ട്രാൻസ്പോർട്, വിദ്യാഭ്യാസം എന്നിവയിൽ 110 പുതിയ തൊഴിലുകളാണ് രൂപപ്പെട്ടുവരുന്നത്. വിസ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

ടെക്നോളജി അധിഷ്ഠിത സേവന മേഖലയിലാണ് കൂടുതൽ തൊഴിലുകൾ രൂപപ്പെടുക. എല്ലാ വികസിത രാജ്യങ്ങളിലും സയൻസ്, ടെക്നോളജി, എഞ്ചിനീയറിങ്, മാത്തമാറ്റിക്സ് കോഴ്സുകൾക്ക് ഉപരിപഠന, ഗവേഷണ, തൊഴിൽ സാധ്യതകളുണ്ട്.



ഫിറ്റിങ്, വെന്റിലേഷൻ, എയർ കണ്ടിഷനിങ്, (HVAC) മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിങ്, പെയിന്റിങ്, (MEP) തലങ്ങളിൽ ടെക്നിഷ്യൻ, ടൂറിസം

## കാർഷിക മേഖല

അഗ്രിബിസിനെസ്സ് മാനേജ്മന്റ്, സപ്ലൈ ചെയിൻ മാനേജമെന്റ്, ഭക്ഷ്യ സംസ്കരണം, ഫുഡ് ഇ റീറ്റെയ്ൽ, ഫുഡ് ആൻഡ് ന്യൂട്രിഷൻ, ബയോ എഞ്ചിനീയറിങ്, റീജനറേറ്റീവ് ബയോളജി, ഡെർമറ്റോളജി, കോസ്മറ്റോളജി, ഫിസിയോതെറാപ്പി, വൺ ഹെൽത്ത്, മൈക്രോബയോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിങ്, ഓട്ടോമേഷൻ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ ടെക്നോളജി, ഡാറ്റ അനലിറ്റിക്സ്, ഡാറ്റ മാനേജ്മെന്റ്, പ്രെസിഷൻ ഫാമിങ്, ഡ്രോൺ ടെക്നോളജി, ജി ഐ എസ്, സോയിൽ മാപ്പിങ്, ഡാറ്റ സയൻസ്, ഫുഡ് ടെക്നോളജി

## ഊർജമേഖല

ഹൈഡ്രജൻ എനർജി, ഗ്രീൻ എനർജി, ക്ലീൻ എനർജി, എഞ്ചിനീയറിങ് കംപ്യൂട്ടർ സയൻസ്, ബയോമെഡിക്കൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്മ്യൂണിക്കേഷൻ, കെമിക്കൽ, ആർക്കിടെക്ചർ, റോബോട്ടിക്, ഡയറി ടെക്നോളജി, ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി എന്നിവയിൽ തൊഴിലവസരങ്ങളേറും.

ഡിജിറ്റൽ മാർക്കറ്റിങ്, ഇ-കോമേഴ്സ്, അക്കൗണ്ടിങ്, ഹൈബ്രിഡ് ടെക്നോളജി, എഡ്യൂക്കേഷൻ ടെക്നോളജി, ന്യൂ മീഡിയ, ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി, എനർജി, സുസ്ഥിര സാങ്കേതിക വിദ്യ, 6 ജി കണക്ടിവിറ്റി, സോളാർ ജിയോ എഞ്ചിനീയറിങ്, ഡയറക്റ്റ് കാർബൺ ക്യാപ്ചർ, സൂപ്പർസോണിക് എയർ ക്രാഫ്റ്റുകൾ, പറക്കുന്ന കാറുകൾ, ഓപ്പൺ റാൻ സാങ്കേതിക വിദ്യ, പ്രീഫാബ് കൺസ്ട്രക്ഷൻ, ഗ്രീൻ കൺസ്ട്രക്ഷൻ, കാലാവസ്ഥാ മാറ്റത്തിനിണങ്ങിയ ഭൗതിക സൗകര്യ വികസനം, 3 ഡി പ്രിന്റഡ് വീടുകൾ, ഹെൽത്ത് കെയർ ടെക്നോളോജിസ്, ബയോമെഡിക്കൽ സയൻസ്, മോളിക്യൂലാർ ബയോളജി, ഹെൽത്ത് ജനറ്റിക്സ്, വ്യക്തിഗത മരുന്നുകൾ, ഹെൽത്ത് ട്രാക്കറുകൾ, വ്യക്തിഗത പോഷണം, സ്ലീപ് ടെക്നോളോജിസ്, 3 ഡി പ്രിന്റഡ് ബോൺ ഇംപ്ലാന്റുകൾ, സൈക്കോളജി, ഡെവലപ്മെന്റൽ സയൻസ്, പാരിസ്ഥിതിക ശാസ്ത്രം, ബിസിനസ്സ് ഇക്കണോമിക്സ്, സ്പേസ് ടൂറിസം, ഗ്ലോബൽ എന്റർടെയ്ൻമെന്റ് സ്ട്രീമിങ്, മെറ്റാവേർസ്

## ടെക്നോളജി, സംരംഭകത്വം, മീഡിയ

2025 ൽ എ ഐ തന്നെയാകും താരം. ഐടി കമ്പനികൾ ജനറേറ്റീവ് എ ഐ പരീക്ഷ

# പത്താംക്ലാസിനു ശേഷം സ്കിൽ അധിഷ്ഠിത കോഴ്സുകൾ

- ഐടി, ഡിസൈൻ
- ഓട്ടോമൊബൈൽ എഞ്ചിനീയറിങ്
- മറൈൻ ഫിറ്റർ, ഡിജിറ്റൽ മാർക്കറ്റിങ്
- ഫാഷൻ ഡിസൈൻ
- അനിമേഷൻ, ബ്യൂട്ടീഷ്യൻ
- ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
- മൾട്ടിമീഡിയ പെയിന്റിങ്
- ബിഗ്രാഫിക്സ്
- ഇവന്റ് മാനേജ്മെന്റ്
- അക്കൗണ്ടിങ്
- കോസ്മെറ്റോളജി,
- ഹോട്ടൽ മാനേജ്മെന്റ്
- ഐടിഐ കോഴ്സുകൾ
- ജി എസ് ടി കോൺസൾറ്റന്റ്, ഡെന്റൽ ഡിപ്ലോമ
- ഇലക്ട്രിഷ്യൻ, പ്ലംബർ, വെൽഡർ
- ഇന്റീരിയർ ഡിസൈൻ
- ഫുഡ് ടെക്നോളജി
- പെയിന്റിങ്
- ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി
- ലബോറട്ടറി ടെക്നീഷ്യൻ
- പൗൾട്രി സൂപ്പർവൈസർ
- പ്ലാന്റ് നേഴ്സറി സൂപ്പർവൈസർ
- ഓഫീസ് ഓട്ടോമേഷൻ
- വീഡിയോ പ്രൊഡക്ഷൻ, ഫിലിം എഡിറ്റിങ് , മൾട്ടിമീഡിയ ത്രീഡി അനിമേഷൻ, വിർച്വൽ റിയാലിറ്റി, ഗെയിമിങ്, കോമിക്സ്
- ഡയറി ടെക്നോളജി
- റെഫ്രിജറേഷൻ, എയർ കണ്ടിഷനിങ്
- ഫിഷ് പ്രോസസ്സിങ്, അഗ്രി പ്രോസസ്സിങ്
- ഗ്രാഫ്റ്റിങ്, ഓർഗാനിക് ഫാർമിങ് ടെക്നിഷ്യൻ
- അഡ്വെർടൈസിങ്, മാർക്കറ്റിങ്, ഫോട്ടോഗ്രാഫി, ഡി റ്റി പി ഓപ്പറേറ്റർ
- ഡാറ്റ സയൻസ്, പ്രോഗ്രാമിങ് ലാംഗ്വേജ്, ഡെന്റൽ മെക്കാനിക്സ്
- നഴ്സിങ് ഡിപ്ലോമ, പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ/ഡിപ്ലോമ
- ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ
- മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകളും നിരവധി വൊക്കേഷണൽ ട്രെയിനിങ് കോഴ്സുകളുണ്ട്. ഇവയെല്ലാം ടെക്നിഷ്യൻ, സൂപ്പർവൈസർ തലത്തിൽ രാജ്യത്തിനകത്തും, വിദേശത്തും തൊഴിൽ ലഭിക്കാനുപകരിക്കും. സ്കിൽഡ് വർക്കർ വിഭാഗത്തിൽ വിദേശത്തും വിദഗ്ധ തൊഴിൽ നേടാം
- പോർട്ട് മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, പാചകം, ബേക്കിങ്, ടിക്കറ്റിങ്, എയർപോർട്ട് മാനേജ്മെന്റ്, എന്നിവയിലും നിരവധി കോഴ്സുകളുണ്ട്
- കളമശ്ശേരിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിരവധി തൊഴിലധിഷ്ഠിത കോഴ്സുകളുണ്ട്
- പൈലറ്റ്, ക്യാബിൻ ക്രൂ, ഏവിയേഷൻ മാനേജ്മെന്റ് കോഴ്സുകൾ
- എൻ എസ് ഡി സി യുടെ നിരവധി സ്കിൽ വികസന കോഴ്സുകളുണ്ട്. ഇവയിൽ അഞ്ഞൂറോളം ജോബ് റോളുകൾ നിരവധി സെക്ടർ സ്കിൽ കൗൺസിലുകളിലായുണ്ട്
- കേരള സർക്കാരിന്റെ അസാപ്, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, കെഡിഐഎസ്സി(KDISC), ഐ ഐ ഐ സി (IIIC)
- കേരള കാർഷിക, വെറ്റിനറി, ഫിഷറീസ് സർവകലാശാലകളിലും നിരവധി കോഴ്സുകളുണ്ട്

ണത്തിൽനിന്നും പദ്ധതി നടത്തിപ്പിലേക്കാണ് പ്രാധാന്യം നൽകുന്നത്. എ ഐ ക്കു വേണ്ടി കോർപ്പറേറ്റുകൾ ചെലവാക്കുന്ന തുകയിൽ ആറിരട്ടി വർദ്ധനവുണ്ടാകും. ഗൂഗിൾ ക്ലൗഡ്, ക്യാപ്ജമിനി, ഐബിഎം മുതലായ കമ്പനികൾ 2025ൽ കൂടുതൽ മുതൽ മുടക്കും. അഡ്വാൻസ്ഡ് ടെക്നോളജിക്കു പ്രാധാന്യം ലഭിക്കുമ്പോൾ ഡാറ്റ സയൻസ്, സൈബർ സെക്യൂരിറ്റി എന്നിവയിൽ തൊഴിലവസരങ്ങളേറും. മികച്ച തൊഴിലിലെത്താൻ ട്രാൻസ്ഫെറബിൾ സ്കില്ലുകൾ അത്യന്താപേക്ഷിതമാകും. മികച്ച ആശയ വിനിമയം, റീസണിങ്, ലോജിക്കൽ അനലിറ്റിക്സ്, പ്രോബ്ലം സോൾവിങ്, ലീഡർഷിപ്പ്, ടീം വർക്ക് എന്നിവ ഇതിലുൾപ്പെടുന്നു.

## സർഗശേഷിയും പ്രധാനം

ക്രിയേറ്റിവിറ്റി കോഴ്സുകളായ ആർക്കിടെക്ചർ, ഫാഷൻ ഡിസൈൻ, ഫാഷൻ ടെക്നോളജി, ഫാഷൻ കമ്മ്യൂണിക്കേഷൻ എന്നിവയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും. രാജ്യത്തെ മീഡിയ, എന്റർടെയ്ൻമെന്റ് മേഖല പുതുവർഷത്തിൽ കരുത്താർജിക്കും. 2028ഓടെ 8.3 ശതമാനം സിഎജിആർ CAGR കൈവരിച്ച് 365000 കോടി രൂപയുടെ വളർച്ച കൈവരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആഗോളതലത്തിൽ ഇന്ത്യ ഈ രംഗത്ത് ലോകത്ത് എട്ടാം സ്ഥാനത്തെത്തും. ഡിജിറ്റൽ അഡ്വെർടൈസിങ് വൻവളർച്ച കൈവരിക്കും. ഒടിടി പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ ഗെയിമിങ്, ജനറേറ്റീവ് എഐ, വീഡിയോ ഓൺ ഡിമാൻഡ് സേവനം എന്നിവ വളർച്ച കൈവരിക്കും. റീറ്റെയ്ൽ രംഗത്ത് 2026 ഓടുകൂടി ഇന്ത്യ കൂടുതൽ വളർച്ച കൈവരിക്കും. ഇതിന് ആനുപാതികമായി ക്രിയേറ്റിവിറ്റി, ഡിസൈൻ കോഴ്സുകൾ ശക്തിപ്പെടും.

ഇക്കണോമിക്സ് & പബ്ലിക് പോളിസി, ഫിനാൻസ് & അക്കൗണ്ടിങ്, ഇൻഫർമേഷൻ സിസ്റ്റംസ് & അനലിറ്റിക്സ്, മാർക്കറ്റിങ്, ഓപ്പറേഷൻസ് മാനേജ്മെന്റ് & ഡിസിഷൻ സയൻസസ്, ഓർഗനൈസേഷണൽ ബിഹേവിയർ & ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, സ്ട്രാറ്റജി & എന്റർപ്രെന്യൂർഷിപ്പ് എന്നിവ മികച്ച കോഴ്സുകളാകും.

## ചില തൊഴിൽ സാധ്യതയുള്ള പ്രോഗ്രാമുകൾ

ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി

ഓട്ടോമൊബൈൽ എഞ്ചിനീയറിങ്

കോസ്മറ്റോളജി

ഹൈബ്രിഡ് എഞ്ചിനീയറിങ്, ഫാഷൻ ഡിസൈൻ

പ്രോഡക്റ്റ് ഡിസൈൻ

അപ്പാരൽ ഡിസൈൻ

> 2025 ൽ എ ഐ തന്നെയാകും താരം. ഐ ടി കമ്പനികൾ ജനറേറ്റീവ് എ ഐ പരീക്ഷണത്തിൽനിന്നും പദ്ധതി നടത്തിപ്പിലേക്കാണ് പ്രാധാന്യം നൽകുന്നത്. എ ഐ ക്കുവേണ്ടി കോർപ്പറേറ്റുകൾ ചെലവാക്കുന്ന തുകയിൽ ആറിരട്ടി വർദ്ധനവുണ്ടാകും.

ഫാഷൻ കമ്മ്യൂണിക്കേഷൻ
ആൻഡ്രോയിഡ് ഡെവലപ്മെന്റ്
മൊബൈൽ അപ്ലിക്കേഷൻ,
മൊബൈൽ ഹാർഡ് വെയർ
കമ്പ്യൂട്ടർ അപ്ലിക്കേഷൻ,
ഡാറ്റ സയൻസ്,
നോട്ടിക്കൽ സയൻസ്
പോർട്ട് മാനേജ്മന്റ്
ലോജിസ്റ്റിക് മാനേജ്മന്റ്
ക്യാബിൻ ക്രൂ,
പൗൾട്രി പ്രൊഡക്ഷൻ & മാനേജ്മെന്റ്,
ലബോറട്ടറി ടെക്നോളജി, നഴ്സിങ്, ഒപ്റ്റോമെട്രി
ഓഡിയോളജി & സ്പീച് ലാംഗ്വേജ് തെറാപ്പി
ഫിസിയോതെറാപ്പി
ഡയാലിസിസ് ടെക്നീഷ്യൻ
ടെക്നോളജി
പൈലറ്റ്
ഏവിയേഷൻ കോഴ്സുകൾ

ഫുഡ് ടെക്നോളജി, കലിനറി ആർട്സ് (പാചക കല), ഹോട്ടൽ മാനേജ്മെന്റ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകൾ, ബേക്കിങ്, അഗ്രി പ്രോസസ്സിങ്, ഡയറി മാനേജ്മന്റ്, ഡയറി ടെക്നോളജി, ഒക്യുപേഷൻ തെറാപ്പി, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഫ്രന്റ് ഓഫീസ് അസിസ്റ്റന്റ്, ഫാർമസി, ഹോസ്പിറ്റാലിറ്റി മാനേജ്മന്റ്, ഡൈ & ടൂൾ മേക്കിങ്, റേഡിയോളജി, മെഡിക്കൽ റേഡിയോഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ, ഫിലിം, ടെലിവിഷൻ & മീഡിയ കോഴ്സുകൾ, എംഇപി കോഴ്സുകൾ, വയർമാൻ ലൈസൻസിങ്, ഇലക്ട്രീഷ്യൻ എന്നിവയ്ക്ക് തൊഴിൽ സാധ്യതയുണ്ട്.

കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ പ്രോഗ്രാമിങ്, ഓട്ടോമേഷൻ, എഐ, മെഷീൻ ലേണിങ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, സൈബർ സെക്യൂരിറ്റി, ഡാറ്റ സയൻസ്, സൈബർ ഫോറൻസിക്സ്, വെസ്സൽ ഓപ്പറേറ്റർ, ലബോറട്ടറി ടെക്നീഷ്യൻ, പെർഫ്യൂഷൻ ടെക്നോളജി, ഒക്യുപേഷൻ തെറാപ്പി എന്നിവയിൽ ഡിപ്ലോമ, ബിരുദ പ്രോഗ്രാമുകളുണ്ട്.

ഹട്ട് വെയർ ഡിസൈൻ, മാരിടൈം മാനേജ്മെന്റ്, ജിഐഎസ്, ജിഎസ്ടി, കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ, സോളാർ എനർജി കോഴ്സ് പൂർത്തിയാക്കിയവർക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിലവസരങ്ങളുണ്ട്. സ്കിൽഡ് വർക്കർ വിഭാഗത്തിൽ വിദേശത്ത് തൊഴിൽ നേടാം.

കാലാവസ്ഥ വ്യതിയാനങ്ങളെ നേരിടാനുള്ള ടെക്നോളജി, ഗവേഷണം, കാർബൺ നെറ്റ് സിറോവിലെത്തിക്കാനുള്ള ഗവേഷണം, സുസ്ഥിര സാങ്കേതിക വിദ്യ എന്നിവയിൽ ആഗോളതലത്തിൽ വൻ വളർച്ച പ്രതീക്ഷിക്കാം. എനർജി മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളിൽ ഹൈഡ്രജൻ എനർജി, ഗ്രീൻ എനർജി, ക്ലീൻ എനർജി എന്നിവ വിപുലപ്പെടും.

## ജീവശാസ്ത്രക്കാർക്ക് ബയോടെക്നോളജി മുതൽ മോളിക്യുലാർ മെഡിസിൻവരെ

മോളിക്യുലർ മെഡിസിൻ, നാനോ മെഡിസിൻ, മോളിക്യുലർ ബയോളജി, ജനറ്റിക്സ്, ബയോടെക്നോളജി, അഗ്രിക്കൾച്ചർ, ഹോർട്ടികൾച്ചർ, ഫോറസ്ട്രി, ഫിഷറീസ് സയൻസ്, വെറ്ററിനറി സയൻസ് എന്നിവ ബയോളജിയിൽ താൽപര്യമുള്ളവർക്ക് തിരഞ്ഞെടുക്കാം.

ബയോ ഇ3 നയം രാജ്യത്ത് പ്രവർത്തികമാകുന്നതോടെ സാമ്പത്തികം, പരിസ്ഥിതി, തൊഴിൽ മേഖലയിൽ രാജ്യത്ത് വൻ വളർച്ച കൈവരിക്കാം. ബയോ മാനുഫാക്ച്ചറിങ്ങിൽ കൂടുതൽ ഊന്നൽ നൽകുന്നത് ബയോടെക്, ജീവശാസ്ത്ര ബിരുദധാരികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കാൻ ഉപകരിക്കും.

## ബി.വോക് കോഴ്സുകൾ

നിരവധി ബി.വോക് പ്രോഗ്രാമുകൾ പ്ലസ്ടു വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാം. മികച്ച അറിവ്, തൊഴിൽ നൈപുണ്യം എന്നിവ പ്രദാനം ചെയ്യുന്ന കോഴ്സുകൾ കണ്ടെത്തണം. നിർമ്മാണ മേഖല, ഫാക്ടറി നിർമാണം, ഐടി, സേവന മേഖലകളിൽ മികച്ച പ്രോഗ്രാമുകളുണ്ട്. പൈലറ്റ് ട്രെയിനിങ് പ്രോഗ്രാമിന് ചെലവേറുമെങ്കിലും അവസരങ്ങളേറെയാണ്. ലോക്കോ പൈലറ്റ്, സീമെൻ വിഭാഗത്തിലും സാധ്യതകളുണ്ട്. പോളി ടെക്നിക്കുകൾ, ഐടിഐകൾ, ASAP, KDISC, KASE, IIIC എന്നിവിടങ്ങളിൽ മികച്ച സ്കിൽ വികസന പ്രോഗ്രാമുകളുണ്ട്.

## പ്രവേശന പരീക്ഷകൾ

ജെഇഇ മെയിൻ, അഡ്വാൻസ്ഡ്, സിയുഇടി -യുജി, നീറ്റ്- യുജി, ഡിസൈൻ കോഴ്സുകൾ, വിവിധ എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾ, CLAT, KLEE തുടങ്ങി നിരവധി പ്രവേശന പരീക്ഷകളുമുണ്ട്.

## നീറ്റ് യുജി

നാഷണൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന നീറ്റ് യുജി ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിലാണ് എംബിബിഎസ്, ബിഡിഎസ്, ആയുർവേദ, സിദ്ധ, യൂനാനി, അഗ്രികൾച്ചർ, വെറ്ററിനറി സയൻസ്, ഫിഷറീസ്, ബയോടെക്നോളജി, കോഓപ്പറേഷൻ & ബാങ്കിങ്, ക്ലൈമറ്റ് ചേഞ്ച് ബിരുദ കോഴ്സുകൾക്ക് പ്രവേശനം. മിലിട്ടറി നഴ്സിങ് കോളേജുകൾ, കേന്ദ്ര സർവകലാശാലയുടെ കീഴിലുള്ള നഴ്സിങ് കോളേജുകൾ എന്നിവിടങ്ങളിൽ ബിഎസ്സി നഴ്സിങ്ങിനായി നീറ്റ് സ്കോർ വിലയിരുത്തും. ജിപ്മെർ പുതുച്ചേരിയുടെ കീഴിലുള്ള നഴ്സിങ് കോളേജുകളിൽ ബിഎസ്സി നഴ്സിങ് പ്രവേശനം നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ്.


ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, കസ്തൂർബ ഹോസ്പിറ്റൽ, സെന്റ് സ്റ്റീഫൻസ്, സഫ്ദർജംഗ്, ഫ്ളോറൻസ് നൈറ്റിംഗേൽ ഇൻസ്റ്റിറ്റ്യൂട്ട്, എഎഫ്എംസിയുടെ കീഴിലുള്ള ആറ് നഴ്സിംഗ് കോളേജുകളിൽ ബിഎസ്സി നഴ്സിങ് പ്രവേശനം നീറ്റ് റാങ്ക് വഴിയാണ്. ജിപ്മറിൽ അലൈഡ് ഹെൽത്ത് സയൻസ് കോഴ്സ് പ്രവേശനവും നീറ്റ് വഴിയാണ്.■

## കേരളത്തിന്റെ അനിമേഷൻ നയം

സംസ്ഥാന സർക്കാർ 2029 ഓടു കൂടി 50,000 പേർക്ക് തൊഴിൽ നൽകാനുതകുന്ന അനിമേഷൻ നയത്തിനു രൂപം കൊടുത്തിട്ടുണ്ട്. അനിമേഷൻ, വിഷ്വൽ ഗ്രാഫിക്സ്, കോമിക്സ്, ഗെയിമിങ് ടെക്നോളജി, വിർച്വൽ/ഓഗ്മെന്റഡ് റിയാലിറ്റി മേഖലയിൽ വരാനിരിക്കുന്ന തൊഴിലവസരങ്ങൾ, സാധ്യതകൾ, ഉപരിപഠന, സ്കിൽ വികസന സാധ്യതകൾ, മീഡിയ, എന്റർടെയ്ൻമെന്റ് രംഗത്തെ അവസരങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പോളിസിയിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഈ മേഖലയിൽ യഥേഷ്ടം സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദ പ്രോഗ്രാമുകളുണ്ട്. ഗെയിമിങ് ടെക്നോളജിയിൽ ബിടെക് പ്രോഗ്രാമുണ്ട്.



**കെ. അൻവർ സാദത്ത്**
സിഇഒ, കൈറ്റ്



**ലക്ഷ്യബോധവും കാഴ്ചപ്പാടുമുള്ള ഒരു വലിയ മാറ്റത്തിന്റെ ചാലകശക്തിയാവാൻ കൈറ്റിന്റെ പ്രവർത്തനങ്ങൾക്കായി. അധ്യാപകരെ ശാക്തീകരിക്കുകയും വിദ്യാർഥികളെ ഉൾച്ചേർക്കുകയും ചെയ്തുകൊണ്ട് ശക്തമായ ഒരു ഡിജിറ്റൽ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് കൈറ്റ് ചെയ്യുന്നത്.**

# ക്ലാസ്മുറികളിൽ ഡിജിറ്റൽ വിപ്ലവം

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (K-ITE) കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ കേരളത്തിലെ ഡിജിറ്റൽ വിദ്യാഭ്യാസത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്. മുമ്പ് IT@School പ്രോജക്റ്റ് എന്നറിയപ്പെട്ടിരുന്ന പദ്ധതി 2001 ലാണ് ആരംഭിച്ചത്. അധ്യാപക ശേഷി വർദ്ധിപ്പിക്കൽ, ICT ഉള്ളടക്ക വികസനം, സ്കൂളുകളിലെ ICT അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ, ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ KITE ഇപ്പോൾ എഐ അധിഷ്ഠിത പരിശീലനത്തിലാണ് ശ്രദ്ധ ചെലുത്തുന്നത്. അധ്യാപകർക്കുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പരിശീലനം, വിദ്യാർത്ഥികൾക്കുള്ള റോബോട്ടിക് കിറ്റുകളുടെ വിന്യാസം, സ്കൂൾ പാഠ്യപദ്ധതിയിൽ അക സംയോജിപ്പിക്കൽ എന്നിവയിലേക്ക് KITE പ്രവർത്തനം വ്യാപിപ്പിച്ചു.





## ഹൈടെക് ക്ലാസ് റൂം വിപ്ലവം

2016നും 2019നും ഇടയിൽ കിഫ്ബി ധനസഹായത്തോടെ 4,752 സെക്കൻഡറി സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ 45,000 ക്ലാസ് മുറികളെ കൈറ്റ് ഹൈടെക് ആക്കി മാറ്റി. രാജ്യത്തെ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ ഐസിടി സംരംഭമാണ് ഈ പദ്ധതി. ദശലക്ഷക്കണക്കിന് വിദ്യാർഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. ഓരോ ഹൈടെക് ക്ലാസ് മുറിയിലും ലാപ്ടോപ്പ്, സീലിംഗ്-മൗണ്ടഡ് പ്രൊജക്ടർ, യുഎസ്ബി സ്പീക്കറുകൾ, നെറ്റ്‌വർക്കിങ്, സമഗ്ര റിസോഴ്സ് പോർട്ടലിലേക്കുള്ള ആക്സസ് എന്നിവ സജ്ജീകരിച്ചിരുന്നു. തുടർന്ന് ഹൈടെക് ലാബ് പ്രോജക്ട് വഴി പ്രാഥമിക വിദ്യാഭ്യാസത്തിലും കൈറ്റ് പ്രവർത്തനം വ്യാപിപ്പിച്ചു, സെക്കൻഡറി സ്കൂളുകളുടെ സാങ്കേതിക നിലവാരവുമായി പൊരുത്തപ്പെടുന്നതിന് 11,257 പ്രൈമറി സ്കൂളുകളെ അപ്ഗ്രേഡ് ചെയ്തു. ഈ പദ്ധതികൾ വഴി 450,000 ത്തിലധികം ഐസിടി ഉപകരണങ്ങളാണ് സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നൽകിയത്. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി, അഞ്ച് വർഷത്തെ വാറന്റി, കോൾ സെന്റർ, വെബ് പോർട്ടൽ, ലാപ്ടോപ്പുകൾക്കും പ്രോജക്ടറുകൾക്കുമുള്ള വാർഷിക അറ്റകുറ്റപ്പണി കരാറുകൾ എന്നിവയുൾപ്പെടെ ഉറപ്പാക്കുന്നുണ്ട്. അക്കാദമിക് മികവ്, പഠനാന്തരീക്ഷം, ലബോറട്ടറികൾ, ലൈബ്രറികൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന സമഗ്ര വികസന കാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു ഈ അടിസ്ഥാനസൗകര്യ നവീകരണം.

> **കൈറ്റിന്റെ വിവിധ ഡിജിറ്റൽ പ്രവർത്തനങ്ങളുടെ നട്ടെല്ല് 1 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പഠനസഹായികളുടെ സമഗ്രമായ ശേഖരമായ 'സമഗ്ര' റിസോഴ്സ് പോർട്ടലാണ്.**

## സമഗ്ര- ഡിജിറ്റൽ നിധിശേഖരം

കൈറ്റിന്റെ വിവിധ ഡിജിറ്റൽ പ്രവർത്തനങ്ങളുടെ നട്ടെല്ല് 1 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പഠനസഹായികളുടെ സമഗ്രമായ ശേഖരമായ 'സമഗ്ര' റിസോഴ്സ് പോർട്ടലാണ്. ചിത്രങ്ങൾ, വീഡിയോകൾ, അനിമേഷനുകൾ, സംവേദനാത്മക വിവരണങ്ങൾ, ട്യൂട്ടോറിയലുകൾ എന്നിവയുൾപ്പെടെ വിവിധ ഫോർമാറ്റുകളിലുള്ള ഇ-റിസോഴ്സുകൾ, പാഠപുസ്തകങ്ങൾ, ചോദ്യബാങ്കുകൾ എന്നിവ പോർട്ടലിൽ ലഭ്യമാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാല് ഭാഷകളിൽ ഇവ ലഭിക്കും. കേരളത്തിന്റെ വൈവിധ്യമാർന്ന ഭാഷാ ഭൂപ്രകൃതിയെക്കൂടി തൃപ്തിപ്പെടുത്തുന്നതാണ് ഈ പോർട്ടൽ. ഉയർന്ന നിലവാരമുള്ളതും പാഠ്യപദ്ധതിക്ക് അനുസൃതവുമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്നതിലൂടെ അധ്യാപകരെയും വിദ്യാർത്ഥികളെയും ഒരുപോലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്- സാങ്കേതിക വിദഗ്ധരെ പരിപോഷിപ്പിക്കൽ

2018-19ൽ വിദ്യാർഥികളിൽ സർഗാത്മകതയും സാങ്കേതിക വൈദഗ്ധ്യവും വളർത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ ആരംഭിച്ചു. എട്ടാം ക്ലാസ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ളതാണ് പരിപാടി. ഐസിടിയിലുള്ള താൽപര്യം വിലയിരുത്തുന്ന ഒരു അഭിരുചി പരീക്ഷയിലൂടെയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 20

മുതൽ 40 വരെ വിദ്യാർഥികൾ ഉൾപ്പെടുന്ന ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും നയിക്കുന്നത് ഒരു യൂണിറ്റ് ലീഡറും ഡെപ്യൂട്ടി ലീഡറുമാണ്. പ്രധാനാധ്യാപകൻ നാമനിർദ്ദേശം ചെയ്യുന്ന അധ്യാപകരായ കൈറ്റ് മാസ്റ്ററും കൈറ്റ് മിസ്ട്രസും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. പ്രത്യേക ക്യാമ്പുകളിലൂടെ എഐ, റോബോട്ടിക്സ്, 3ഡി ക്യാരക്ടർ ഡിസൈനിങ്, സൈബർ സേഫ്റ്റി, ഭാഷാ കമ്പ്യൂട്ടിങ് തുടങ്ങിയ നൂതന മേഖലകളിൽ ക്ലബ്ബുകൾ പ്രായോഗികപരിശീലനം നൽകുന്നു.

2023-24ൽ കൈറ്റ് 29,000 ആർഡ്വിനോ യുനോ റോബോട്ടിക് കിറ്റുകൾ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾക്ക് വിതരണം ചെയ്തു. ഇത് വിദ്യാർഥികളെ റോബോട്ടിക്സ് പര്യവേക്ഷണം ചെയ്യാനും പ്രായോഗിക കഴിവുകൾ വികസിപ്പിക്കാനും പ്രാപ്തരാക്കി. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ക്ലബ്ബുകളെയും വിദ്യാർഥികളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മികച്ച പ്രകടനം കാഴ്ചവയ്ക്കാത്ത യൂണിറ്റുകളെ ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്നു. അറിവ് പകരുന്നതിനൊപ്പം സാങ്കേതികവിദ്യയുടെ സാമൂഹിക പ്രയോഗം പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുകയാണ് ലിറ്റിൽ കൈറ്റ്സ്.

## അധ്യാപകർക്കുള്ള എഐ പരിശീലനം

2024ൽ 80,000 അധ്യാപകർക്കായി കൈറ്റ് വിപ്ലവകരമായ എഐ പരിശീലന പരിപാടി അവതരിപ്പിച്ചു. സമ്മറൈസേഷൻ സാങ്കേതികവിദ്യകൾ, ഡേറ്റ വിഷ്വലൈസേഷൻ, പ്രോംപ്റ്റ് എഞ്ചിനീയറിങ്, മെഷീൻ ലേണിങ് എന്നിവയുൾപ്പെടെ അവശ്യ എഐ ആശയങ്ങൾ മൂന്ന് ദിവസത്തെ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. ഉത്തരവാദിത്വമുള്ള എഐ ഉപയോഗത്തിന്റെ സംസ്കാരം വളർത്തിയെടുക്കുന്നതിനായി ഡീപ്ഫേക്കുകൾ, സ്വകാര്യത, അൽഗോരിതം ബയസ് തുടങ്ങിയ നിർണായക വിഷയങ്ങൾ പഠനവിഷയമാക്കി. പ്രായോഗിക പഠനം പ്രോത്സാഹിപ്പിക്കൽ, അധ്യാപകരുടെ ജോലിഭാരം കുറയ്ക്കൽ, അധ്യാപന രീതികളിൽ എഐ ഫലപ്രദമായി സംയോജിപ്പിക്കൽ എന്നിവ ഉൾപ്പെട്ട പരിശീലനം വ്യാപകമായി പ്രശംസിക്കപ്പെട്ടു.

## പാഠ്യപദ്ധതിയിൽ എഐ രാജ്യത്ത് ആദ്യം

2024-ൽ സ്കൂൾ പാഠ്യപദ്ധതിയിൽ എഐ ഉൾപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറി. ഏഴാം ക്ലാസിലെ ICT പാഠപുസ്തകത്തിൽ എഐയെക്കുറിച്ചുള്ള ഒരു പ്രത്യേക അധ്യായം ഉൾപ്പെടുത്തി. അതിൽ 'കമ്പ്യൂട്ടർ വിഷൻ' പോലുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. മനുഷ്യന്റെ മുഖഭാവങ്ങൾ തിരിച്ചറിയുന്നതിനും ഏഴ് വികാരങ്ങൾ വരെ



തിരിച്ചറിയുന്നതിനും കഴിയുന്ന എഐ പ്രോഗ്രാമുകൾ വിദ്യാർഥികൾക്ക് സൃഷ്ടിക്കാനാകും. വിഷ്വൽ പ്രോഗ്രാമിങ്, പഠിപ്പിക്കുകയും എഐ, റോബോട്ടിക്സ്, മറ്റ് ICT കഴിവുകൾ എന്നിവയിൽ പഠനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്ന സ്ക്രാച്ചിന് സമാനമായ "PictoBlox" പാക്കേജും പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ധ്യം വളർത്തുക മാത്രമല്ല, ജീവിതനൈപുണ്യം, സൈബർ സുരക്ഷ, വ്യാജവാർത്തകൾ തിരിച്ചറിയാ

> **2024-ൽ സ്കൂൾ പാഠ്യപദ്ധതിയിൽ എഐ ഉൾപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറി.**

നുള്ള കഴിവ് എന്നിവ പ്രോത്സാഹിപ്പിക്കുകയും സമഗ്രമായ വിദ്യാഭ്യാസ അനുഭവം ഉറപ്പാക്കുകയും ചെയ്യുന്നു.

## സമഗ്ര പ്ലസ് എഐ - പ്രത്യേക എഐ എഞ്ചിൻ

നിലവിലെ എഐ സങ്കേതങ്ങളുടെ പരിമിതികൾ പരിഹരിച്ച് കേരളത്തിന്റെ അക്കാദമിക് ചട്ടക്കൂടിന് അനുസൃതമാക്കുന്നതിനായി കൈറ്റ് സമഗ്ര പ്ലസ് എഐ എന്ന പ്രത്യേക എഐ എഞ്ചിൻ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ പ്രോട്ടോടൈപ്പ് പരീക്ഷണ ഘട്ടത്തിലുള്ള ഈ പ്ലാറ്റ്ഫോം പാഠ്യപദ്ധതിക്കനുസൃതമായ ഡിജിറ്റൽ വിഭവങ്ങൾ അധ്യാപകർക്ക് നൽകുന്നതിനും ലെസൻ പ്ലാൻ തയ്യാറാക്കുന്നതിനും എഐ അധിഷ്ഠിത വ്യക്തിഗത ക്ലാസ്റൂം പഠനം സാധ്യമാക്കുന്നതിനും ഉതകുന്നതാണ്. വിദ്യാർഥികളുടെ തുടർ വിലയിരുത്തലിനും വ്യക്തിഗത ഫീഡ്ബാക്ക് ശേഖരണത്തിനും പ്രയോജനകരമാണിത്.

## ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള ആഗോളമാതൃക

എഐ, റോബോട്ടിക്സ് ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളെ സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി (FOSS)സംയോജിപ്പിക്കുന്നതിലൂടെകൈറ്റ് സമഗ്രമായ ഒരു വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ തനതായ അധ്യാപന ആവശ്യങ്ങളുമായി അത്യാധുനിക ഉപകരണങ്ങളെ സംയോജിപ്പിച്ച് കൈറ്റ് ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഒരു ആഗോള മാനദണ്ഡം ഉണ്ടാക്കി. ഹൈടെക് ക്ലാസ് മുറികൾ, സമഗ്ര എന്നിവ മുതൽ ലിറ്റിൽ കൈറ്റ്സ്, സമഗ്ര പ്ലസ് എഐ വരെയുള്ള അതിന്റെ സംരംഭങ്ങൾ വിദ്യാഭ്യാസത്തിൽ നവീകരണം, തുല്യത, മികവ് എന്നിവ വളർത്തിയെടുക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധത പ്രകടമാക്കുന്നു. ■

ഡോ. ജയപ്രകാശ് ആർ കെ
ഡയറക്ടർ, എസ് സി ഇ ആർ ടി





**ജ്ഞാനസമൂഹ നിർമ്മിതിയിലൂടെ നവകേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീപ്രൈമറിതലം മുതൽ ഹയർസെക്കൻഡറിതലം വരെ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണപ്രവർത്തനങ്ങൾ സംസ്ഥാനം ഏറ്റെടുത്തത്.**

# പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ നവകേരളത്തിലേക്ക്

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല ലോകത്തിലെ വികസിതരാജ്യങ്ങൾക്കുകൂടി മാതൃകയാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ പരിവർത്തനവും വികാസവും ജനകീയമായ ഇടപെടലിന്റെയും സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പിൻബലത്തോടെയും ഉണ്ടായിവന്നതാണ്. മതനിരപേക്ഷ ജനാധിപത്യ സമൂഹത്തെ സൃഷ്ടിച്ചെടുത്തു എന്നതാണ് ഈ മേഖലയിൽ നാം നേടിയെടുത്ത നേട്ടങ്ങളുടെ അടിത്തറ. സമൂഹത്തിന്റെ വ്യത്യസ്ത ശ്രേണികളിൽ ജീവിച്ചിരുന്ന മുഴുവൻ മനുഷ്യരെയും ചേർത്തുപിടിച്ച പൊതുവിടം കൂടിയാണ് നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല.

നമ്മുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നാം നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പംതന്നെ പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ കൂടി നാം സജ്ജമാകേണ്ടതുണ്ട്. ജ്ഞാനസമൂഹ നിർമ്മിതിയിലൂടെ നവകേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീപ്രൈമറിതലം മുതൽ ഹയർസെക്കൻഡറിതലം വരെ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണപ്രവർത്തനങ്ങൾ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തത്. കഴിഞ്ഞ 10 വർഷത്തിലധികമായി പരിഷ്കരിക്കാതിരുന്ന പാഠ്യപദ്ധതി പരിഷ്കരിക്കുക എന്ന കാലികമായ ഉത്തരവാദിത്വം ഏറ്റെടുത്ത എസ്.സി.ഇ.ആർ.ടി. രണ്ടര വർഷം കൊണ്ട് ഈ പ്രവർത്തനം പൂർത്തീകരിച്ചു.

## ജനാഭിപ്രായം അറിഞ്ഞ് പരിഷ്കരണം

പൊതുവിദ്യാഭ്യാസ മേഖലയിലെ നയങ്ങൾ എക്കാലത്തും കേരളം രൂപപ്പെടുത്തിയത് ജനകീയാഭിപ്രായങ്ങളും അഭിലാഷങ്ങളും പരിഗണിച്ചാണ്. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ചും ചരിത്രത്തിൽ ആദ്യമായി ക്ലാസ്മുറികളിൽ പാഠ്യപദ്ധതി രൂപവൽക്കരണ ചർച്ചകൾ സംഘടിപ്പിച്ചും ലക്ഷക്കണക്കിന് വിദ്യാർഥികളുടെ അഭിപ്രായങ്ങൾ കേട്ടുമാണ് പാഠപദ്ധതി ചട്ടക്കൂട് രൂപവൽക്കരണ പ്രക്രിയ





ആരംഭിച്ചത്. ഇതിനെ തുടർന്ന് 26 മേഖലകളിൽ നിലപാട് രേഖകൾ തയ്യാറാക്കി. തുടർന്ന് സ്കൂൾ വിദ്യാഭ്യാസം, പ്രൈമറി വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം എന്നീ നാല്ല മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചു. പിന്നീട് സിലബസ് ഗ്രിഡിലേക്കും പാഠപുസ്തകനിർമ്മാണത്തിലേക്കും പ്രവേശിച്ചു.

1. പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ അതിസങ്കീർണ്ണമായ സാമൂഹിക യാഥാർഥ്യങ്ങളെ പരിഗണിക്കേണ്ടതായുണ്ട്. മുൻകാലങ്ങളിൽ പരിവർത്തനത്തിന്റെ ഒരുഘട്ടം കഴിഞ്ഞ് അടുത്ത ഘട്ടം എത്താൻ ഒരു നൂറ്റാണ്ടിനടുത്ത് സമയമെടുക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അഞ്ച് വർഷങ്ങൾക്ക് താഴെ സമയം മാത്രമേ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുവാൻ എടുക്കുന്നുള്ളൂ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ലോകം അനിയന്ത്രിതമായ ഒന്നായി രൂപപ്പെട്ട ഈ കാലഘട്ടത്തിൽ ഭാവിസമൂഹത്തിന്റെ പ്രതീക്ഷകളെ രൂപപ്പെടുത്തണമെങ്കിൽ സൂക്ഷ്മമായ ആസൂത്രണവും ഗവേഷണത്തിലധിഷ്ഠിതമായ മുന്നൊരുക്കവും അത്യാവശ്യമാണ്. ഈ ഘടകങ്ങളെല്ലാം പരിഗണിച്ചാണ് 21-ാം നൂറ്റാണ്ടിന്റെ ശേഷികളായ സർഗശേഷിയും സഹവർത്തന നൈപുണിയും വിമർശനാത്മകചിന്തയും വിശകലന നൈപുണിയും ആശയവിനിമയശേഷിയും പ്രശ്നപരിഹാരനൈപുണിയും വികസിപ്പിക്കാനുതകുന്ന തരത്തിൽ പുതിയ പാഠ്യപദ്ധതി കേരളം വികസിപ്പിച്ചത്.

വൈജ്ഞാനിക സമൂഹവും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയും തുടർന്ന് ക്രിയേറ്റീവ് ഇക്കോണമിയും ലോകത്ത് യാഥാർഥ്യമായിരിക്കുകയാണ്. ഈ സവിശേഷമായ കാലത്ത് പാഠപുസ്തകങ്ങൾ മാത്രമാണ് ഏക പഠനോപാധി എന്ന കാഴ്ചപ്പാടിൽ മാറ്റമുണ്ടായേ തീരൂ. അനുദിനം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സമൂഹത്തിൽ വർഷങ്ങളോളം ഒരേ പാഠപുസ്തകങ്ങൾ പഠിക്കുക എന്നത് ആത്മഹത്യാപരമായ ഒന്നായിരിക്കും. ആയതിനാൽ വളരുന്ന പാഠപുസ്തകം (evolving text) എന്ന ആശയത്തിനാണ് ഈ പരിഷ്കരണത്തിൽ പ്രാധാന്യം നൽകിയത്. എല്ലാ വർഷവും പാഠപുസ്തകങ്ങൾ മാറ്റത്തിന് വിധേയമാകും എന്നർത്ഥം.

2. ഈ പരിഷ്കരണ ഘട്ടത്തിൽ നേരത്തെ സൂചിപ്പിച്ച വിശാലമായ ലക്ഷ്യങ്ങളെ എല്ലാം പരിഗണിച്ചു. ആദ്യഘട്ടം 1, 3, 5, 7, 9 ക്ലാസുകളിലെ 238 ടൈറ്റിൽ പാഠപുസ്തകങ്ങൾ നാല് ഭാഷകളിലായി പരിഷ്കരിച്ചു. രണ്ടാംഘട്ടം 2, 4, 6, 8, 10 ക്ലാസുകളിലെ 205 ടൈറ്റിൽ പുസ്തകങ്ങളും പരിഷ്കരിച്ചു. രാജ്യത്ത് ആദ്യമായി രക്ഷിതാക്കൾക്കായുള്ള പാഠപുസ്തകങ്ങളും കേരളം നിർമ്മിച്ചു. ഓരോഘട്ടത്തിലും കുട്ടികൾ നേടേണ്ട ശേഷികളെക്കുറിച്ചും കുട്ടികൾക്ക് അത്യന്താപേക്ഷിതമായി നൽകേണ്ട ശാരീരിക മാനസിക പിന്തുണയെക്കുറിച്ചുമെല്ലാം ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ടീച്ചർ ടെക്സ്റ്റും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നത് അഭിനാർഹമായ നേട്ടമാണ്.

## മാറുന്ന ക്ലാസ് മുറികൾ

നേരത്തെ സൂചിപ്പിച്ച ജ്ഞാനസമൂഹ സൃഷ്ടിയും ജ്ഞാന സമ്പദ്‌വ്യവസ്ഥയും സൃഷ്ടിപര സമ്പദ്‌വ്യവസ്ഥയും കെട്ടിപ്പടുക്കണമെങ്കിൽ നമ്മുടെ ക്ലാസ്മുറികളും വലിയ മാറ്റത്തിന് സജ്ജമാകേണ്ടതുണ്ട്. ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിഭ്യാഭ്യാസം എന്നിവ ഏറെ പ്രാധാന്യത്തോടെയാണ് ഈ പരിഷ്കരണ ഘട്ടത്തിൽ പരിഗണിച്ചത്. ഈ മേഖലയെയും അനുഭവാധിഷ്ഠിത പഠനത്തിലൂടെ കുട്ടികൾക്ക് നൽകാൻ കഴിഞ്ഞാൽ ആധുനിക ലോകം പ്രതീക്ഷിക്കുന്ന ശേഷികൾ നമ്മുടെ കുട്ടികൾക്കും നൽകാൻ കഴിയും. 21-ാം നൂറ്റാണ്ടിന്റെ ശേഷികളിൽ പ്രധാനപ്പെട്ടവയായ വിവര വിനിമയ സാങ്കേതികവിദ്യ സാക്ഷരതയും ശാസ്ത്ര, സാമ്പത്തിക സാക്ഷരതകളും നമ്മുടെ സാംസ്കാരിക വൈജാത്യങ്ങളെക്കുറിച്ചുള്ള അറിവും നൽകുന്നതിനായുള്ള ശ്രമങ്ങളും ഈ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഒന്ന്, രണ്ട് ക്ലാസുകൾ കഴിയുമ്പോൾ തന്നെ അടിസ്ഥാന സാക്ഷരതയും അടിസ്ഥാന ഗണിതജ്ഞാനവും നേടുന്നതിന് കുട്ടികൾക്ക് ചെയ്തുപഠിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനപുസ്തകങ്ങളും തയ്യാറാക്കി നൽകിയിട്ടുണ്ട്. കലാവിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യം നൽകിയാണ് പുസ്തകങ്ങൾ തയ്യാറാക്കിയത്. 5 മുതൽ 10 വരെ ക്ലാസുകളിൽ നൃത്തം, സംഗീതം, നാടകം, സിനിമ, ചിത്രകല എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് പുസ്ത

## തുടരണം ഈ കരുതൽ

പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പും വികസന ക്ഷേമവും മുൻനിർത്തി കരുതലോടെ പ്രവർത്തിക്കുന്ന സർക്കാരാണിത്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന ഞങ്ങളുടെ സ്കൂളിനെ ഏറ്റെടുത്ത് ഇന്ന് 2000 ത്തോളം വിദ്യാർഥികൾ പഠിക്കുന്ന സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളായി സംസ്ഥാനത്ത് തല ഉയർത്തി നിൽക്കാൻ പ്രാപ്തമാക്കിയത് സർക്കാരിന്റെ ഭരണ നേട്ടം തന്നെയാണ്. എസ് എസ് എൽ സിക്ക് തുടർച്ചയായി നൂറുശതമാനം വിജയത്തിനൊപ്പം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർഥികളുടെ എണ്ണവും മികച്ച രീതിയിൽ ഉയർന്നു നിൽക്കുന്നു. ഇത്തരത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നിരവധി പൊതുവിദ്യാലയങ്ങളെയാണ് ഈ സർക്കാർ സുരക്ഷിതമാക്കിയത്. സ്കൂളുകൾക്ക് കോടികൾ ചെലവഴിച്ചാണ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത്. കായിക മികവിനായി കളിസ്ഥലങ്ങൾക്കും സ്റ്റേഡിയങ്ങളും സജ്ജമാക്കി. വിദ്യാർഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവയെല്ലാം സമയബന്ധിതമായി ലഭ്യമാക്കി. പാഠപുസ്തകങ്ങൾ കാലോചിതമായി പരിഷ്കരിച്ചു. സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് ഹൈടെക് വിദ്യാലയങ്ങളായി നമ്മുടെ സ്കൂളുകളെ മാറ്റുകയും ചെയ്തു. സാധാരണക്കാരുടെ മക്കൾക്ക് അറിവു നേടാൻ വിദ്യാലയങ്ങളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കി നല്കി. പഠന, പാഠ്യേതര രംഗങ്ങളിലെല്ലാം വിദ്യാർഥികളെ മികവിന്റെ പാതയിലെത്തിക്കാൻ സർക്കാർ മുൻകൈ എടുത്തതോടെ ജനപ്രതിനിധികളും അധ്യാപക-അനധ്യാപകരും, കുട്ടികളും രക്ഷിതാക്കളുമെല്ലാം ഒപ്പം ചേർന്നു.

ഇതോടെ രാജ്യത്തെ തന്നെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് മാതൃകയായിരിക്കുകയാണ് നമ്മുടെ സർക്കാരും പൊതുവിദ്യാലയങ്ങളും.



**കെ.ജെ. ഷൈൻ**
രക്ഷിതാവ്, ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ, ശാന്തിഗ്രാം

കങ്ങൾ തയ്യാറാക്കിയത്. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് കേരളത്തിൽ ആദ്യമായാണ് വലിയ പ്രാധാന്യത്തോടെ 2 മുതൽ 12 ക്ലാസ് വരെ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നത്. അറിവിനും കഴിവിനും നൈപുണിക്കും പ്രാധാന്യം കൽപ്പിക്കുന്ന ആധുനികലോകത്ത് കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കൾക്ക് അനുസൃതമായി വ്യത്യസ്തമേഖലകൾ തിരഞ്ഞെടുക്കാൻ കഴിയുന്ന രൂപത്തിൽ 12 മേഖലകളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കൃഷി, ഭക്ഷ്യവ്യവസായം, വസ്ത്രം, പാർപ്പിടം, പ്ലമ്പിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഹരിത സാങ്കേതിക വിദ്യ, ധനകാര്യം, പ്രിന്റിങ് ആൻഡ് സ്റ്റേഷനറി, ടൂറിസം, മാധ്യമങ്ങളും വിനോദവും കരകൗശലം എന്നിവയാണിവ. നിർമ്മിത ബുദ്ധിയുടെ വികാസവും വളർച്ചയും എല്ലാം കുട്ടികൾക്ക് പഠിക്കാനും പരിചയപ്പെടാനമായി ഏഴാം ക്ലാസ് മുതൽ ഐടി പാഠപുസ്തകത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### മൂല്യനിർണ്ണയം

പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാണ് മൂല്യനിർണ്ണയം. ആധുനികലോകത്തിന് അനുയോജ്യമാകുന്ന തരത്തിൽ ഇവ പരിഷ്കരിക്കേണ്ടതുണ്ട്. കാണാതെ പഠിച്ച് പരീക്ഷ എഴുതി മാർക്ക് വാങ്ങുന്ന പഴയ കാലം ഓർമ്മയായി. നിരന്തരമൂല്യനിർണ്ണയ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകിയും കൂടുതൽ പ്രകടാനാധിഷ്ഠിത വിശകലന രീതികൾ പരീക്ഷിച്ചും ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ മൂല്യനിർണ്ണയ ഉപാധികൾ വികസിപ്പിച്ചും മുന്നോട്ടുപോകേണ്ടതുണ്ട്.

കേവലമായ പാഠപുസ്തക പരിഷ്കരണ പ്രവർത്തനത്തിലൂടെ മാത്രം നമുക്ക് ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയില്ല. പാഠ്യപദ്ധതി മുന്നോട്ടുവെക്കുന്ന രീതിശാസ്ത്രം മുന്നിൽനിർത്തി നവീനമായ ആശയങ്ങൾ സ്വയം പഠനത്തിലൂടെ ഓരോ അധ്യാപകനും ആർജിച്ച് ക്ലാസ്മുറികളെ സൃഷ്ടിപരമായ ക്ലാസ്മുറികളാക്കി മാറ്റുമ്പോൾ മാത്രമെ ആധുനികലോകം ആവശ്യപ്പെടുന്ന തരത്തിലുള്ള ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ കഴിയൂ. കേരളം എക്കാലവും ഉയർത്തിപ്പിടിച്ച ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളും ഭരണഘടന മുന്നോട്ടുവെച്ച ലക്ഷ്യങ്ങളും മുൻനിർത്തിയാണ് ഈ പരിഷ്കരണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് നീങ്ങുന്നത്. ലിംഗനീതിയും പാരിസ്ഥിതിക അവബോധവും ശാസ്ത്രീയ മനോഭാവവും പരിഗണിക്കുന്ന ഈ പരിഷ്കരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ മുന്നോട്ടുപോക്കിന് ഊർജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.■



സിന്ധു എസ് എസ്
സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷ അഭിയാൻ



ഗോത്രവിഭാഗങ്ങളുടെ സംസ്കാരത്തെ മാനിച്ചുകൊണ്ട് അവർക്ക് വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഈ മേഖലയിൽ സ്തുത്യർഹമായ ഇടപെടലാണ് സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

# 'എങ്കക്കൂട്ട'ത്തിന് പഠിപ്പിന്റെ തേൻരുചി



സവിശേഷ പാരമ്പര്യമുള്ള ആദിവാസി വിഭാഗങ്ങളുടെ വൈവിധ്യം കൊണ്ട് സമ്പന്നമാണ് കേരളം. 1991 ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ ജനസംഖ്യ നാലര ലക്ഷത്തിൽപരമാണ്. ആകെ ജനസംഖ്യയുടെ 1.5%. 37 വിഭാഗം ആദിവാസികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ ചോലനായ്ക്കർ, കാട്ടുനായ്ക്കർ, കുറുമ്പർ, കാടർ, കൊറഗർ എന്നീ വിഭാഗക്കാരെ പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പായി കണക്കാക്കുന്നു. ഗോത്രസംസ്കൃതിയുടെ ഈടുവെപ്പുകളിൽ ജീവിക്കുമ്പോഴും നിരവധിയായ ചൂഷണങ്ങൾക്ക് അവർ വിധേയരാക്കപ്പെടുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ഇതിന് ഒരു പ്രധാന കാരണം. അക്ഷരലോകത്തേക്കെത്താൻ വൈമുഖ്യം കാണിക്കുന്നവരാണ് അവിടുത്തെ കുട്ടികൾ. പരമസ്വതന്ത്രരായി കാടിന്റെ മടിത്തട്ടിൽ കളിച്ചുരസിക്കുന്ന കുട്ടികൾക്ക് വിലക്കുകൾ നിറഞ്ഞ സ്കൂൾ അന്തരീക്ഷം അരോചകമായി തോന്നുന്നതാവാം കാരണം. ഈ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷ കേരള എന്നിവയുടെ നേതൃത്വത്തിൽ പട്ടികവർഗ വികസന വകുപ്പിന്റെ സഹകരണത്തോടെ വിദ്യാഭ്യാസ പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്. ഇവിടെ നടത്തുന്ന ഓരോ പ്രവർത്തനവും കൃത്യമായ പുരോഗതി അടയാളപ്പെടുത്താൻ സാധിക്കുന്നതാണ്.

## വിദ്യാഭ്യാസ പശ്ചാത്തലം

വിവിധ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗവിഭാഗം കുട്ടികളുടെ എണ്ണം 1,33,662 ആണ്. സാധാരണ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ, മലമ്പ്രദേശത്തും ഉൾവനത്തിലും താമസിക്കുന്ന കുട്ടികൾ എന്നിങ്ങനെ രണ്ട് വിഭാഗക്കാരായി കാണാം. ഹോസ്റ്റൽ താമസ സൗകര്യം നൽകിയിട്ടും അത് പ്രയോജനപ്പെടുത്താത്ത വരുമുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസവും പ്രത്യേക പരിഗണന അർഹിക്കുന്നു. അവിടങ്ങളിലെ പ്രത്യേകതകൾ കണ്ടെത്തുന്നതിനായി സർവെ നടത്തിയിരുന്നു.

## എങ്കെ എങ്കക്കൂട്ടം

ഏഷ്യയിലെ തന്നെ ഏറ്റവും ആദിമമായ ഗോത്രവിഭാഗക്കാരാണ് ചോലനായ്ക്കർ. നിലമ്പൂരിലെ ഉൾവനങ്ങളിൽ താമസിക്കുന്ന ഈ വിഭാഗക്കാർ പൊതുസമൂഹവുമായി സമ്പർക്കം പുലർത്താതെ ഉൾവലിഞ്ഞു ജീവിക്കുന്നവരാണ്. ജനസംഖ്യയിൽ 350ഓളം വരുന്ന ചോലനായ്ക്കരുടെ എണ്ണം കുറഞ്ഞുവരികയാണ്. ചോലനായ്ക്കർ വിഭാഗത്തിലെ 60ഓളം കുട്ടികൾ ഇന്ദിരാഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്നു. പൂച്ചപ്പാറ, മഞ്ചേരി, കുമ്പളപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാലയ പ്രവേശനം നേടാത്ത കുട്ടികളുണ്ടെന്ന് മനസ്സിലാക്കിയ സമഗ്ര ശിക്ഷാ കേരള 2023 അക്കാദമിക് വർഷം മഞ്ചേരിക്കടുത്തുള്ള പുലിമുണ്ട കോളനി കേന്ദ്രീകരിച്ച് 'ഞാനും എന്റെ കൂട്ടരും' (എങ്കെ എങ്കക്കൂട്ടം) എന്ന പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഈ പദ്ധതി വിജയമായി. 2022 മേയിൽ ഒരുമാസം നീണ്ടുനിൽക്കുന്ന പരിപാടി അവരുടെ വാസസ്ഥലം കേന്ദ്രീകരിച്ച് നടപ്പിലാക്കി. ഒരു കുടുംബത്തിലെ സഹോദരങ്ങൾ ഒരുമിച്ച് ജീവിക്കുന്ന പുലിമുണ്ട കോളനിയിൽ ഭക്ഷണം പാകം ചെയ്യാനുള്ള സാധനസാമഗ്രികൾ, കുട്ടികൾക്ക് കളിക്കാനായി കളിയുപകരണങ്ങൾ, ഫുട്ബോൾ, സ്കിപ്പിങ് റോപ്പ് തുടങ്ങിയവ എത്തിച്ചു. ആരോഗ്യ, വിദ്യാഭ്യാസ, വിനോദോപാധികൾ സമ്മാനിച്ചുകൊണ്ട് അവരുമായി സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചു. ഇവരുടെ വിശ്വാസം നേടിയെടുക്കാനുള്ള ആദ്യ ചുവടുവയ്പ് ആയിരുന്നു ഇത്.

## ചോലനായ്ക്കർ ഭാഷയും മലയാളത്തിലെ പരിഭാഷയും

സ്കൂളിൽ ചേർന്നുപഠിക്കാത്ത 13 കുട്ടികൾ ഈ കോളനിയിൽ ഉണ്ടായിരുന്നു. ലിപിയില്ലാത്ത ഭാഷയാണ് ചോലനായ്ക്കർ ഭാഷ. ഇത് ആശയവിനിമയത്തിന് തടസ്സമായിരുന്നു. എന്നാൽ മലയാളം ലിപി ഉപയോഗിച്ച് അവരുടെ ഭാഷയിൽത്തന്നെ പാഠഭാഗങ്ങൾ രൂപപ്പെടുത്തി. ഓരോ പാഠവും അവരുടെ ജീവിത സന്ദർഭങ്ങളുമായി ബന്ധമുള്ളതായിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 2022 അക്കാദമിക വർഷത്തിൽ ഈ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞു. ഇവരിൽ സുകുമാരൻ, സുന്ദരി എന്നീ കുട്ടികൾ ഹയർ സെക്കൻഡറി പരീക്ഷ പാസായി. സുകുമാരൻ എസ്.എസ്.കെയുടെ നേതൃത്വത്തിൽ നിലമ്പൂരിൽ നടത്തുന്ന ഹോസ്റ്റലിലും സുന്ദരി മഹിളാ സമഖ്യയുടെ ഹോസ്റ്റലിലുമാണ് താമസിച്ചുപഠിച്ചിരുന്നത്.

കേരളത്തിലെ 14 ജില്ലകളിലെയും പാർശ്വവൽക്കരിക്കപ്പെട്ട മേഖല/ജനങ്ങൾ ഉള്ള ഒരു പഞ്ചായത്ത് സേവാസ് പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ തിരഞ്ഞെടുത്തിട്ടുണ്ട്. അവർക്കായി പ്രത്യേക പ്രവർത്തനങ്ങൾ നൽകിവരുന്നു. പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ വിശദമായ ഒരു സർവെ നടത്തി റിപ്പോർട്ട് ക്രോഡീകരിച്ചു. തുടർനടപടികൾ സ്വീകരിച്ചു.

## 'തിരികെ' പദ്ധതി

നിലമ്പൂരിൽ കുമ്പളപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ 57 കുട്ടികളെ 'തിരികെ' പദ്ധതിയുടെ ഭാഗമായി സ്കൂളിൽ തിരിച്ചെത്തിച്ചു. ഈ മേഖലയിൽ പഠനത്തിൽനിന്ന് കൊഴിഞ്ഞുപോയ കുട്ടികളെ തിരിച്ച് സ്കൂളിൽ എത്തിക്കാനുള്ള നടപടികൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മലപ്പുറം അസിസ്റ്റന്റ് കളക്ടറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സേവാസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ സ്വന്തമായി വീടുകൾ ഇല്ലാത്ത 18 പേർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകാനും തീരുമാനമെടുത്തിട്ടുണ്ട്.



## പഠിപ്പുറുസി പദ്ധതി


മുതുവാൻ ഭാഷയിലെ പഠിപ്പുറുസി എന്ന പദത്തിന്റെ അർഥം 'പഠിപ്പിന്റെ രുചി' എന്നാണ്.കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി കേന്ദ്രീകരിച്ച് നടത്തിയ പരിപാടിയാണ് പഠിപ്പുറുസി. മുതുവാൻ ഭാഷ മാതൃഭാഷയായുള്ള കുട്ടികൾ സ്കൂളിൽ പഠിക്കുന്നത് അധ്യയനഭാഷയായ മലയാളത്തിലാണ്. ഇത് കുട്ടിക്കും രക്ഷിതാവിനും വിദ്യാലയവുമായി ഒരു ആശയവിനിമയ വിടവ് ഉണ്ടാക്കുന്നു. ഇതിനു പരിഹാരം എന്ന നിലയ്ക്കാണ് പഠിപ്പുറുസി എന്ന പരിപാടി എസ്.എസ്.കെയുടെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. കുട്ടിയുടെ പരിചിതമായ ചുറ്റുപാടിൽ നിന്ന് കാട്, മഴ, വനം, പൂവ്, ഭക്ഷണം, ആഭരണം, ആഘോഷങ്ങൾ എന്നിവ ഉൾപ്പെടുത്തി പാഠഭാഗങ്ങൾ തയ്യാറാക്കുന്നു. ലിപി ഇല്ലാത്ത ഭാഷ ആയതിനാൽ മലയാള ലിപി ഉപയോഗിച്ചാണ് മുതുവാൻ ഭാഷയിലെ പാഠഭാഗങ്ങൾ തയ്യാറാക്കുന്നത്.

## ഇടമലക്കുടി

വിദ്യാലയത്തിലെ സ്ഥിരാധ്യാപകൻ സ്കൂളിലെ പ്രഥമാധ്യാപകനാണ്. ദിവസവേതന നിലയ്ക്കും കരാർ അടിസ്ഥാനത്തിലും എസ്.എസ്.കെയും പൊതുവിദ്യാഭ്യാസ വകുപ്പും യോഗ്യരായ അധ്യാപകരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. എല്ലാ അധ്യാപകർക്കും പഠിപ്പുറുസി പാക്കേജിന്റെ പരിശീലനം നൽകി. എസ്.എസ്.കെയുടെ ട്രെയിനർമാർ ഇടമലക്കുടി വിദ്യാലയത്തിൽ താമസിച്ച് കുട്ടികൾക്ക് പിന്തുണ നൽകുകയും ചെയ്തു. വിദ്യാലയത്തിൽ ക്ലാസ് ലൈബ്രറി, ജനറൽ ലൈബ്രറി എന്നിവ ക്രമീകരിച്ചു. വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കാനായി സോളാർ പാനലുകൾ സജ്ജീകരിച്ചു.

പഠിപ്പുറുസി പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തേക്ക് പഠനയാത്ര നടത്തി. ആദ്യമായി കുട്ടികൾ ട്രെയിനിലും മെട്രോയിലും യാത്ര ചെയ്തു. ആദ്യമായി കടലുകണ്ടു. തുടർന്ന് മുഖ്യമന്ത്രിയെ സന്ദർശിക്കുകയും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കുട്ടികൾ വായനാകാർഡുകളും കഥാപുസ്തകങ്ങളും വായിക്കുകയും ചെയ്തു. മുഖ്യമന്ത്രി പഠിപ്പുറുസി പദ്ധതിയുടെ വിജയപ്രഖ്യാപനം നടത്തിയതിനൊപ്പം ഇടമലക്കുടി എൽ.പി സ്കൂളിനെ യു.പി സ്കൂൾ ആയി ഉയർത്തുമെന്നും പ്രഖ്യാപിച്ചു. പഠിപ്പുറുസി പദ്ധതിയുടെ ഭാഷ അനുരൂപീകരണം പൂർത്തീകരിച്ചു. ഗണിത പരിപോഷണ പദ്ധതിയുടെ മൊഡ്യൂൾ തയ്യാറാക്കി.

കുട്ടികളുടെ ഹാജർ ഇല്ലായ്മ പഠന പി



പഠിപ്പുറുസി

ന്നാക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്. ഇത് പരിഹരിക്കാനായി അടുത്തടുത്ത രണ്ടു കുടികളിലെ കുട്ടികളെ നിത്യേന സ്കൂളിൽ കൊണ്ടെത്തിക്കാനും തിരിച്ചെത്തിക്കാനും ഒരാൾ എന്ന കണക്കിൽ മൂന്നുപേരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു. അങ്ങനെ കുട്ടികളുടെ ഹാജർനില കൂട്ടാൻ സാധിച്ചിട്ടുണ്ട്. 2025-26 അക്കാദമിക വർഷം ഇടമലക്കുടിയിൽ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുവാനുള്ള ശ്രമം നടന്നുവരുന്നു.



പഠിപ്പുറുസി പരിപാടി വയനാട് ജില്ലയിലെ ജി.എൽ.പി.എസ്. ചെറുനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഗോട്ടിയാർകണ്ടി ജി.ടി.എൽ.പി.എസ്. എന്നീ വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.

## ഹോസ്റ്റലുകൾ

പട്ടികവർഗവകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പുറമേ ഉൾവനത്തിലെ ആദിവാസിവിഭാഗത്തിലെ കുട്ടികൾ കൊഴിഞ്ഞുപോകാതിരിക്കാനും ഈ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും ആയി ആറ് റെസിഡൻഷ്യൽ ഹോസ്റ്റലുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. 50 ആൺകുട്ടികൾക്ക് വീതം ഓരോ ഹോസ്റ്റലിലും താമസിച്ചുപഠിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. കൊഴിഞ്ഞുപോയതും സ്കൂളിൽ ചേരാത്തതുമായ കുട്ടികളെ സർവെയിലൂടെ കണ്ടെത്തി വിദ്യാലയ പ്രവേശനം നടത്തുകയും പഠനപിന്തുണ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നു. പൊതുപരീക്ഷകളിൽ 100% വിജയം ഈ കുട്ടികൾ കൈവരിക്കുന്നുമുണ്ട്.

## യാത്രാസൗകര്യം ഒരുക്കൽ

പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽനിന്നും വിദ്യാലയങ്ങളിലേക്ക് ദിനംതോറും വന്നു പഠിക്കുന്ന കുട്ടികൾക്കായി യാത്രാസൗകര്യം നൽകുന്നു. യാത്രാസൗകര്യം ലഭ്യമല്ലാത്തതിനാൽ ഒരു കുട്ടി പോലും കൊഴിഞ്ഞുപോകാൻ പാടില്ല എന്ന സർക്കാർ നയം നടപ്പിലാക്കി.

## ഊരുവിദ്യാ കേന്ദ്രങ്ങൾ

മലയോര പ്രദേശങ്ങളിലെ കുട്ടികളുടെ അക്കാദമിക നൈപുണി ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഊരു വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചത്. 60 ഊരു വിദ്യാകേന്ദ്രങ്ങളാണ് വിവിധ മലയോര പ്രദേശങ്ങളിലായി പ്രവർത്തിച്ചിരുന്നത്. കുട്ടികളുടെ ഹാജർനില കൂട്ടുന്നതിന് ഊരു വിദ്യാകേന്ദ്രങ്ങളിലെ വിദ്യാ വോളന്റിയർമാർ പ്രത്യേകം ശ്രദ്ധ നൽകിയിരുന്നു.

## ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം

സ്കൂളിൽ പ്രവേശനം നേടാത്തതും പല കാരണങ്ങളാലും കൊഴിഞ്ഞുപോയതുമായ കുട്ടികളെ കണ്ടെത്തി വിദ്യാലയ പ്രവേശനം നടത്തി വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കുട്ടികൾക്ക് സ്പെഷ്യൽ ട്രെയിനിങ് സെന്ററിൽ വിദ്യാ വോളന്റിയർമാരുടെ സഹായത്തോടെ ബ്രിഡ്ജിങ് കോഴ്സ് സംഘടിപ്പിക്കുന്നു. 2025-26 അക്കാദമി വർഷത്തിൽ ആദിവാസി മേഖലയിലെ എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. പുതുക്കിയ പാഠ്യപദ്ധതിയിൽ പല ക്ലാസുകളിലും പാഠപുസ്തകങ്ങളിൽ ആദിവാസി വിഭാഗങ്ങളുടെ സവിശേഷതകൾ, സംസ്കാരം എന്നിവ പ്രതിഫലിപ്പിക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പരിപാടികൾ വളരെ സാവധാനം മാത്രം വിജയത്തിലേക്ക് എത്തുന്നവയാണ്. ക്ഷമയോടെ ഇടപെട്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പും എസ്.എസ്.കെയും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഈ മേഖലയിൽ മാറ്റത്തിന്റെ വിത്തുകൾ വിതച്ചുകഴിഞ്ഞു. ഇനി കൃത്യമായ പരിപോഷണമാണ് ആവശ്യം. ഗോത്രവിഭാഗങ്ങളുടെ സംസ്കാരത്തെ മാനിച്ചുകൊണ്ട് അവർക്ക് വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഈ മേഖലയിൽ സ്തുത്യർഹമായ ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ■

ബിജോ വേലിക്കകത്ത്
മാധ്യമപ്രവർത്തകൻ



# അറിവ് പൂക്കുന്ന കാടകങ്ങൾ



ഇടുക്കി കുറത്തിക്കുടി ഏകാധ്യാപക സ്കൂൾ

കൂറ്റൻ മരങ്ങളും ചെറുതോടുകളും അതിരുതീർക്കുന്ന ഭൂമികയിൽ രണ്ടുമുറികളുള്ള ഒരു കെട്ടിടം. സമീപമുള്ള രണ്ടുമൂന്നു കുടിലുകൾ ഒഴിച്ചാൽ തീർത്തും വിജനം. ഇവിടെ രാവിലെ ഒമ്പതര കഴിഞ്ഞാൽ കുട്ടികളുടെ കളിചിരിയാൽ മറ്റൊരു ലോകമാണ്. ഇടുക്കിയിലെ മാങ്കുളത്തിനടുത്ത് ഗോത്രഗ്രാമമായ കുറത്തിക്കുടിയിലെ കുട്ടികൾ അറിവിന്റെ ഹരിശ്രീ കുറിക്കുന്നത് ഇവിടെയാണ്.

ഗ്രാമീണമേഖലയിലെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായുള്ള ഏകാധ്യാപക വിദ്യാലയമായ ഇവിടെ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി കഴിഞ്ഞ അധ്യായന വർഷം 32 കുട്ടികളാണ് ഉണ്ടായിരുന്നത്. ഈ വർഷം പത്തോളം കുട്ടികൾ എത്തുമെന്നാണ് കരുതുന്നതെന്ന് സ്കൂളിലെ അധ്യാപകനായ പി. കെ മുരളീധരൻ പറഞ്ഞു. മുതുവാൻ വിഭാഗത്തിൽപെട്ട ജനത മാത്രം താമസിക്കുന്ന കുറത്തിക്കുടിയിൽ മുന്നൂറ്റിഅറുപതിലധികം കുടുംബങ്ങളുണ്ട്. കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമാണ് ഈ സ്കൂൾ. സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കണമെന്ന സർക്കാരിന്റെ ഇച്ഛാശക്തിയുടെ നേർക്കാഴ്ചയാണ് വനത്തിനുള്ളിലെ ഈ ഏകാധ്യാപക വിദ്യാലയം. കുറത്തിക്കുടിക്ക് തൊട്ടടുത്തുള്ള സർക്കാർ സ്കൂൾ 15 കിലോമീറ്റർ അപ്പുറത്തുള്ള ചിക്കണാംകുടി എൽപി സ്കൂളാണ്.

നേരത്തെ ഉണ്ടായിരുന്ന ഏകാധ്യാപക വിദ്യാലയങ്ങളിൽ ചുരുക്കം ചിലതാണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിനു സൗകര്യമില്ലാത്ത ഗ്രാമീണ മേഖലകളിലെ കുട്ടികൾക്കു വിദ്യാഭ്യാസം ഉറപ്പു നൽകുന്നതിനായി ആവിഷ്കരിച്ച (ഇജിഎസ്) പദ്ധതിയിൽ 2000 ത്തിലാണ് ഇത്തരം സെന്ററുകൾ തുടങ്ങിയത്. മൾട്ടി ഗ്രേഡ് ലേണിങ് സെന്റർ എന്നും അറിയപ്പെട്ടിരുന്നു. 2010ൽ ഡിപിഇപി ഈ പദ്ധതി ഉപേക്ഷിച്ചെങ്കിലും സർക്കാർ ഇതു തുടരാൻ തീരുമാനമെടുത്തു. ഇതോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായി ഏകാധ്യാപക വിദ്യാലയങ്ങൾ.

തൊട്ടടുത്ത് സ്കൂൾ ഇല്ലാത്ത ഗോത്രമേഖലയിലെ കുട്ടികൾ എംആർഎസ് ഹോ

സ്റ്റലുകളിലും മറ്റും നിന്നാണ് പഠിക്കുന്നത്. എന്നാൽ ചെറിയ പ്രായത്തിൽ തന്നെ മാതാപിതാക്കളിൽ നിന്നു അകന്നു നിൽക്കുക പ്രായോഗികമല്ല. അതിനാൽ ചിലർക്ക് വിദ്യാഭ്യാസമേ ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. പത്തു വയസ്സിനുശേഷം ഒന്നാം ക്ലാസിൽ ചേരുന്ന ആദിവാസി കുട്ടികളും ധാരാളമുണ്ടായിരുന്നു. 4-5 ക്ലാസുകളിൽ എത്തുമ്പോൾ പ്രായത്തിന്റെ അന്തരം മൂലം ഒപ്പമുള്ള കുട്ടികളുമായി മാനസികമായി ഒത്തുപോകാനാകാതെ ഇവർ പഠനം അവസാനിപ്പിക്കും. ഇത്തരം

തുടങ്ങുന്ന ക്ലാസ് 3.30ന് അവസാനിക്കും. കാട്ടുമൃഗങ്ങളുടെ ശല്യമുള്ളതിനാലാണ് നേരത്തെ ക്ലാസ് അവസാനിപ്പിക്കുന്നത്. മറ്റു പൊതുവിദ്യാലയങ്ങളിൽ ലഭിക്കുന്ന സൗകര്യങ്ങളെല്ലാം കുട്ടികൾക്ക് ഇവിടെ ലഭിക്കും. ഉച്ചഭക്ഷണവും പാഠപുസ്തകങ്ങളും യൂണിഫോമും ഉൾപ്പെടെ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കും. മറ്റു പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ അതേ പാഠപുസ്തകങ്ങൾ തന്നെയാണ് പഠിക്കുന്നത്. സിലബസിൽ മാറ്റമില്ല. പരീക്ഷകളും സംസ്ഥാനത്തെ മറ്റു സ്കൂളുകളിലെ





പാഠപുസ്തകങ്ങളെ അവരുടെ ഭാഷയിലേക്ക് മാറ്റുന്നതിനായി സർവ്വ ശിക്ഷ കേരള (എസ്എസ്കെ) പഠിപ്പുറസി എന്ന പദ്ധതി നടപ്പാക്കിയിരുന്നു. മലയാളത്തോടൊപ്പം മുതുവാൻ ഭാഷയും അറിയാവുന്നവരെ ഉപയോഗപ്പെടുത്തിയാണ് പഠിപ്പുറസി എന്ന ഭാഷാപഠന സഹായത്തിനുള്ള പുസ്തകം തയ്യാറാക്കിയത്. ലിപിയില്ലാത്ത മുതുവാൻ ഭാഷയിലെ വാമൊഴിവാക്കുകൾ മലയാള ലിപിയിൽ ചിത്രങ്ങളുടെ സഹായത്തോടെ കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കുകയാണ് ചെയ്യുന്നത്. മുതുവാൻ വാമൊഴിവാക്കുകൾ മലയാളലിപിയിൽ എഴുതിയ 'സചിത്ര പാഠപുസ്തകം' എന്ന പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്.

നിലവിൽ പന്ത്രണ്ടിലധികം പേരാണ് വിവിധ ഏകാധ്യാപക വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നത്. ഇവരുടെ ശമ്പളം വർധിപ്പിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാരാണ്. 2015 വരെ 3,000 രൂപ മാത്രമായിരുന്നു ലഭിച്ചിരുന്നത്. 2016ൽ സർക്കാർ ഇത് 5,000 രൂപയാക്കി. 2017ൽ 17,500 ആക്കി വർധിപ്പിച്ചു. പിന്നീടത് 18,500 ആക്കി. അലവൻസ് കൂടി ചേർത്ത് 19,000

> **മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ പവർ സ്റ്റേഷൻ കുറത്തിക്കുടിയിൽ ആയതിനാൽ അവിടേക്ക് ജീപ്പ് മാത്രം വരുന്ന ഒരു വഴിയുണ്ട്. ഇതു മാത്രമാണ് പുറംലോകത്തേക്കുള്ള പാത.**

പ്രതിസന്ധികൾക്കുള്ള ആശ്രയമാണ് ഏകാധ്യാപക വിദ്യാലയങ്ങൾ.

## പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

അടിമാലി പഞ്ചായത്തിലെ ഒന്നാം വാർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. മാങ്കുളത്തു നിന്ന് 15 കിലോമീറ്റർ ഉള്ളിലാണ് ഈ പ്രദേശം. മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ പവർ സ്റ്റേഷൻ കുറത്തിക്കുടിയിൽ ആയതിനാൽ അവിടേക്ക് ജീപ്പ് മാത്രം വരുന്ന ഒരു വഴിയുണ്ട്. ഇതു മാത്രമാണ് പുറംലോകത്തേക്കുള്ള പാത. രാവിലെ 9.30ന്

അതേ ടൈംടേബിളിൽ തന്നെ നടക്കും. കൃത്യമായ ഇടവേളകളിൽ എഇഒയും നൂൺ മീൽ ഓഫീസറും സ്കൂളിൽ സന്ദർശനം നടത്തി അക്കാദമിക് പ്രവർത്തനങ്ങൾ വിലയിരുത്തും.

മലയാളത്തിൽ അച്ചടിച്ച പുസ്തകങ്ങൾ അതേപടി കുട്ടികളെ പഠിപ്പിക്കുക പ്രയാസമാണ്. കാരണം, മലയാളം ഒട്ടും അറിയാത്ത കുട്ടികളുണ്ട്. മുതുവാൻഭാഷയാണ് ഇവർ സംസാരിക്കുന്നത്. ഇതിന് ലിപിയില്ല. അതുകൊണ്ട് അവരുടെ ഭാഷയെയും ഉച്ചാരണത്തെയും കൂടി ഉൾക്കൊണ്ടുകൊണ്ടാണ് പഠനമെന്ന് മുരളീധരൻ പറഞ്ഞു.

രൂപയാണ് ഇപ്പോൾ ലഭിക്കുന്നത്.

കാടോ മലയോ കടലോ ഏത് ഭൂപ്രകൃതിയോ ആകട്ടെ, അവിടങ്ങളിലെ ഒരു കുഞ്ഞിനു പോലും വിദ്യാഭ്യാസം നിഷേധിക്കപ്പെടരുതെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഏത് പ്രതിസന്ധിയിലും കേരളത്തിന്റെ ഭാവി പ്രകാശപൂർണ്ണമാകണമെന്ന നിലപാടിനൊപ്പം നാടും കൈകോർക്കുന്നു. ഈ ഏകാധ്യാപക വിദ്യാലയങ്ങൾ അധ്യാപകരുടെ ഇച്ഛാശക്തിയുടെയും നാട്ടുകാരുടെ കരുതലിന്റെയും കൂടി പ്രതീകമാകുന്നു. അത് നന്മയുടെ നിറമുള്ള പാഠങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. ■

എ. ജി ഒലീന
ഡയറക്ടർ, സാക്ഷരതാ മിഷൻ



അനൗപചാരികവിദ്യാഭ്യാസത്തിന്റെ വഴികളിലൂടെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ജനകീയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.



# നിരക്ഷരതയുടെ തുരുത്തുകൾ ഇല്ലാതാകുമ്പോൾ

സമ്പൂർണ്ണസാക്ഷരത നേടിയ സംസ്ഥാനമെന്ന നിലയിൽ രാജ്യത്തിന് തന്നെ മാതൃകയാണ് നമ്മുടെ നാട്. 'നിരക്ഷരതയുടെ തുരുത്തുകൾ ഇല്ലാതാക്കുക' എന്ന സർക്കാർ നയം പ്രാവർത്തികമാക്കാനായി അനൗപചാരികവിദ്യാഭ്യാസത്തിന്റെ വഴികളിലൂടെ കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ജനകീയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തുടർവിദ്യാഭ്യാസ പരിപാടികൾക്കും വ്യത്യസ്തങ്ങളായ വൈജ്ഞാനിക പരിപാടികൾക്കും സംസ്ഥാന സാക്ഷരതാമിഷൻ നേതൃത്വം നൽകുന്നു.

ലോക സാക്ഷരതദിനത്തിൽ സംഘടിപ്പിച്ച കേന്ദ്രയോഗത്തിൽ കേരളത്തിൽ നടത്തുന്ന നൂതനപദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന അഭിപ്രായമുയർന്നതും സാക്ഷരതാപാഠാവലി നിർമ്മാണത്തിൽ കേരളത്തിന്റെ സമീപനം മാതൃകയാക്കണമെന്ന് എൻ സി ഇ ആർ ടിയോട് യോഗം നിർദേശിച്ചതും അഭിമാനകരമാണ്.

## ചങ്ങാതി പദ്ധതി

ഇതരസംസ്ഥാനതൊഴിലാളികളെ മലയാളവും കേരള സംസ്കാരവും പഠിപ്പിക്കുന്ന പദ്ധതിയാണിത്. രാജ്യത്താദ്യമാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളെ മലയാളഭാഷയിൽ സാക്ഷരരാക്കുക എന്നതാണെങ്കിലും ആരോഗ്യ-സാമ്പത്തിക-ശുചിത്വ സാക്ഷരതയെക്കുറിച്ചും അവബോധം വളർത്തുന്ന നിലയിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ മൈനോറിറ്റി ഗവേഷണ വിഭാഗവുമായി ചേർന്നുകൊണ്ട് പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുകയാണ്. 469 പേർ സാക്ഷരരായി. പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയായി.

## സമന്വയ

ട്രാൻസ്ജെൻഡർ, എൽ.ജി.ബി.ടി.ക്യൂ+ വിഭാഗങ്ങളെ പഠനത്തോടൊപ്പം സാംസ്കാരികവും വൈജ്ഞാനികവുമായി മികവുള്ളവരാക്കി മാറ്റി സമൂഹത്തിന്റെ മുഖ്യ

ധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് സമന്വയ തുടർവിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ സാക്ഷരതയിൽ തുടങ്ങി ഹയർ സെക്കൻഡറി തലം വരെയാണ് രജിസ്ട്രേഷൻ നടത്തുന്നത്. പദ്ധതിയിൽ തൊഴിൽ/ജീവിതനൈപുണി സാധ്യതകൾകൂടി ഉൾപ്പെടുത്തി ട്രാൻസ്ജെൻഡർ വിഭാഗക്കാരെ കൂടുതൽ ആത്മവിശ്വാസമുള്ള സമൂഹമായി മാറ്റുവാനുള്ള ശ്രമമാണ് നടക്കുന്നത്. സാക്ഷരതാ-തുല്യതാ കോഴ്സുകളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പിന് പുറമേ പഠനകാലയളവിൽ താമസിക്കുന്നതിനായുള്ള പഠനവീട് സമ്പ്രദായവും ഒരുക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലാണ് പഠനവീട് പ്രവർത്തിക്കുന്നത്.

## സമഗ്ര

ആദിവാസിവിഭാഗക്കാർക്കും അറിവ് ലഭ്യമാക്കാനുള്ള ശ്രമമാണ് സമഗ്ര ആദിവാസി തുടർവിദ്യാഭ്യാസ പദ്ധതി. പട്ടികവർഗ വികസനവകുപ്പിന്റെ സഹകരണത്തോടെ 100 ആദിവാസി സങ്കേതങ്ങളിൽ ആരംഭിച്ച സമഗ്ര ആദിവാസി തുടർവിദ്യാഭ്യാസ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1966 പേരാണ് സാക്ഷരരായത്. രണ്ടാം ഘട്ടം 100 ഊരുകളിലേക്ക് കൂടി വ്യാപിച്ചിരുന്നു. ഊരുകളിൽ നാലും ഏഴും തുല്യതാകോഴ്സുകൾ നടത്തി.

## പരിസ്ഥിതി സാക്ഷരതാപദ്ധതി

പാരിസ്ഥിതിക മലിനീകരണവിഷയങ്ങളിൽ ജനങ്ങളുടെ അവബോധം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രാരംഭപ്രവർത്തനങ്ങൾക്കായി 2023 ഓഗസ്റ്റിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, വയനാട് ജില്ലകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. പഠിതാക്കൾക്കും ജീവനക്കാർക്കുമായി ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി പരിസ്ഥിതി ക്യാമ്പുകൾ, സംസ്ഥാന ജില്ലാ ഓഫീസുകളിലും പഠനകേന്ദ്രങ്ങളിലും പരിസ്ഥിതി ദിനാഘോഷം എന്നിവ സംഘടിപ്പിച്ചു. കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

## അക്ഷരസാഗരം

സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കിയ തീരദേശ സാക്ഷരതാ പരിപാടിയാണ് അക്ഷരസാഗരം. 2017ൽ ഒന്നാംഘട്ടം പൂർത്തിയാവുമ്പോൾ 39 തദ്ദേശ സ്ഥാപനങ്ങളിലെ 234 തീരദേശ വാർഡുകളിൽ സാക്ഷരതാതുല്യതാപരിപാടി നടപ്പിലാക്കി.

## തുല്യതാ കോഴ്സുകൾ

ഇന്ത്യയിൽ തുല്യതാവിദ്യാഭ്യാസ പരിപാടി നടക്കുന്ന ഏകസംസ്ഥാനമാണ് കേരളം. മാറുന്ന ലോകത്തിനും കാലത്തിനും അനുസരിച്ച് അറിവ് പകർന്നു കൊടുക്കുകയെന്ന സാമൂഹിക കടമ നിർവഹിക്കുന്ന സാക്ഷരതാമിഷൻ സാക്ഷരത പദ്ധതിയ്ക്ക് പിന്നാലെ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കൻഡറി തുല്യതാകോഴ്സുകൾ നടപ്പാക്കുന്നു. സാക്ഷരത നേടിയ എല്ലാവിഭാഗം ആളുകളെയും തുടർവിദ്യാഭ്യാസത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് നാലാംതരം തുല്യതാകോഴ്സ് മിഷൻ പ്രാവർത്തികമാക്കുന്നത്. മലയാളം, ഇംഗ്ലീഷ്, പരിസ്ഥിതി പഠനം, ഗണിതം, തൊഴിൽ പരിശീലനം എന്നീ അഞ്ചു വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് നാലാംതരം പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഔപചാരിക നാലാം ക്ലാസിന് അവസരം ലഭിക്കാത്ത, 15 വയസ്സ് പൂർത്തിയായവർക്ക് ഈ കോഴ്സിൽ ചേരാം. സാമൂഹിക-സാമ്പത്തിക അരക്ഷിതാവസ്ഥകൾക്കിടയിൽ മുടങ്ങിപ്പോയ വിദ്യാഭ്യാസം പൂർത്തിയാക്കാനും ജോലി ലഭിക്കുന്നതിനും തൊഴിൽ മേഖലയിൽ സ്ഥാനക്കയറ്റത്തിനും നിരവധിപേർക്ക് തുല്യതാകോഴ്സുകളിലൂടെ അവസരം ലഭിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് കോഴ്സുകൾ നടപ്പാക്കുന്നത്. പൂർണ്ണമായും സൗജന്യമായി നടത്തുന്ന നാലാംതരം, ഏഴാം തരം ക്ലാസുകളുടെ കോഴ്സുകൾ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്.

## പത്താംതരം തുല്യത

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഫീസ് തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തുന്നു. പട്ടികജാതി, പട്ടികവർഗ, ട്രാൻസ്ജൻഡർ പഠനം സൗജന്യമാണ്. ഭാഷാന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി തമിഴ്, കന്നഡ മീഡിയങ്ങളിലും വിദ്യാഭ്യാസം നേടാൻ അവസരം തുല്യതാകോഴ്സുകളിൽ ഒരുക്കിയിട്ടുണ്ട്. പൊതുപരീക്ഷ നടത്തിപ്പിന്റെയും സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും പൂർണ്ണ ചുമതല സംസ്ഥാന സർക്കാർ പൊതുപരീക്ഷാ ബോർഡിനാണ്. എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേക്ക് പി.എസ്.സി പത്താംതരം തുല്യതാ സർട്ടിഫിക്കറ്റും അംഗീകരിച്ചിട്ടുണ്ട്. ലക്ഷദ്വീപ്, ദുബായ്, അജ്മാൻ എന്നിവിടങ്ങളിൽ പത്താംതരം തുല്യതാ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പത്താമുദയം, ആലപ്പുഴ ജില്ലയിൽ പാഠം ഒന്ന് ആലപ്പുഴ എന്ന രണ്ടു പദ്ധതികളിലൂടെ സമ്പൂർണ്ണ പത്താംതരം നടപ്പാക്കുകയാണ്. ജയിൽജ്യോതി പദ്ധതിയിലൂടെ കേരളത്തിലെ ജയിലുകളിൽ തുല്യതാപഠനത്തിന് അവസരം ഒരുക്കുന്നതിനോടൊപ്പം കേരള പോലീസിന്റെ ഹോപ്പ് പദ്ധതിയിലൂടെ നിരവധി ആളുകൾക്ക് ജീവിത വെളിച്ചം പകരാനും മിഷന് കഴിയുന്നുണ്ട്.



## ഹയർ സെക്കൻഡറി തുല്യത

കേരള സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹയർ സെക്കൻഡറി തുല്യതാകോഴ്സ് മാനവിക വിഷയങ്ങളായ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ആരംഭിച്ചിട്ടുള്ളത്. തുല്യതാ കോഴ്സിന്റെ ഒന്നാംവർഷം 10 വിഷയങ്ങളിലായി 13 സ്വയംപഠന സാമഗ്രികളും രണ്ടാം വർഷം 10 വിഷയങ്ങളിലായി 15 സ്വയംപഠനസാമഗ്രികളുമാണ് തയ്യാറാക്കിയിട്ടുള്ളത്. ഔപചാരിക പത്താം ക്ലാസ് വിജയിച്ചശേഷം പഠനം തുടരാൻ കഴിയാത്തവർ, പത്താംതരം തുല്യത വിജയിച്ചവർ, വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്തവർ തുടങ്ങി തുടർപഠനത്തിന് അവസരം ലഭിക്കാത്തവരാണ് ഹയർ സെക്കൻഡറി തുല്യതാകോഴ്സിന്റെ ഗുണഭോക്താക്കൾ. ഏഴ് ബാച്ചുകൾ പൂർത്തിയായി. എട്ടാം ബാച്ചിന്റെ രണ്ടാംവർഷ ക്ലാസുകളും

ഒൻപതാം ബാച്ചിന്റെ ഒന്നാം വർഷക്ലാസു കളും നടന്നുവരുന്നു. പൊതുപരീക്ഷ 2025 ജൂലൈ മാസത്തിൽ നടക്കും.

## പച്ച മലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ്

മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ആരംഭിച്ച പദ്ധതികളാണ് പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ്.

പതിനേഴ് വയസ്സ് പൂർത്തിയായ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവർക്കും മലയാളം പഠിക്കാൻ അവസരം നല്കുന്ന കോഴ്സാണ് പച്ച മലയാളം കോഴ്സ്. പത്താംതരം മലയാളം ഭാഷാശേഷികൾ പഠിതാവ് ആർജിക്കുന്ന വിധത്തിൽ ഒരു വർഷം ദൈർഘ്യത്തിൽ കോഴ്സ് പരിഷ്കരിച്ച് രണ്ടു ഘട്ടങ്ങളിലായാണ് ഇപ്പോൾ നടപ്പാക്കുന്നത്. പച്ച മലയാളം അടിസ്ഥാന കോഴ്സിന്റെ (ഒന്നാംഘട്ടം) പൊതുപരീക്ഷ നടത്തുന്നത് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും അഡ്വാൻസ് കോഴ്സിന്റെ (രണ്ടാംഘട്ടം) പൊതുപരീക്ഷ നടത്തുന്നത് പരീക്ഷാഭവനുമായിരിക്കും. വിവിധ തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചമലയാളം കോഴ്സ് നടപ്പാക്കുന്നുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിൽ എട്ടാംക്ലാസ് മുതലുള്ള വിദ്യാർഥികൾക്കും പത്താംക്ലാസ്/പത്താംതരം തുല്യത വിജയിച്ചവർക്കും ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകളിൽ ചേരാം. പച്ചമലയാളം, ഗുഡ്ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ നിലവിൽ ആറ് ബാച്ചുകൾ പൂർത്തീകരിച്ചു.

## ഇ-മുറ്റം

സംസ്ഥാനസർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സമൂഹത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിടവ് മറികടക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, സാക്ഷരതാമിഷൻ അതോറിറ്റി, കൈറ്റ് കേരള എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഡിജിറ്റൽ ബോധവത്കരണ പരിപാടിയാണ് ഇ-മുറ്റം.

ഇന്റർനെറ്റിൽ വരുന്ന വ്യാജവാർത്തകൾ, തെറ്റായ പ്രചരണങ്ങൾ, കുറ്റകൃത്യങ്ങൾ, അക്രമവാസന ഉളവാക്കുന്ന പരിപാടികൾ എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണത്തിന്റെ ആവശ്യകതയിൽ നിന്നുമാണ് ഇത്തരമൊരു പദ്ധതി ഉടലെടുക്കുന്നത്. ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിലെ അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവരെ കണ്ടെത്തി ആ പഞ്ചായത്തിനെ ഡിജിറ്റൽ പഞ്ചായത്താക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 14 ജില്ലകളിലായി പദ്ധതിയിൽ ആകെ 26,971 പേർ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഡിജി കേരളം പദ്ധതി പ്രഖ്യാപിച്ചതോടെ ഇ-മുറ്റം അതിന്റെ ഭാഗമായി മാറി.



## മുന്നേറ്റം

തുടർവിദ്യാഭ്യാസം നൽകുന്നതോടൊപ്പം സ്ത്രീകളുടെ ഉന്നമനം, സ്ത്രീശാക്തീകരണം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന സാക്ഷരതാമിഷനും മഹിളാസമഖ്യ സൊസൈറ്റിയുമായി ചേർന്നുള്ള പദ്ധതിയാണ് മുന്നേറ്റം. സാക്ഷരതാമിഷന്റെ ബഹുഭൂരിഭാഗം വരുന്ന ഗുണഭോക്താക്കളായ സ്ത്രീകളുടെ വിദ്യാഭ്യാസം നിലവാരം, ജീവിത നൈപുണി, തൊഴിൽ നൈപുണി എന്നിവ മെച്ചപ്പെടുത്തി സമൂഹത്തിൽ അവരുടെ അന്തസ്സ് ഉയർത്തുന്നതിന് അനുയോജ്യമായ വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എസ്.ടി. വിഭാഗത്തിലെ പഠിതാക്കൾ നാല്, ഏഴ്, പത്ത്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ രജിസ്ട്രേഷൻ ചെയ്തു. രണ്ടാം ഘട്ടത്തിൽ ജൻഡർ അവബോധം, കുട്ടികൾക്കെതിരയുള്ള അക്രമം, ഗാർഹിക പീഡനം, ആരോഗ്യം, പോഷകാഹാരം, ശുചിത്വം, സാങ്കേതിക പരിജ്ഞാനം എന്നീ വിഷയങ്ങളിൽ പഠന ക്യാമ്പുകൾ സംഘടിപ്പിച്ചു. ആകെ 807 പഠിതാക്കളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു (നാലാം തരം-79, ഏഴാംതരം-125, പത്താംതരം-313, ഹയർ സെക്കൻഡറി-290).

## ദീപ്തി-ബ്രെയിലി സാക്ഷരതാ പദ്ധതി

കാഴ്ചപരിമിതർക്ക് ബ്രെയിൽ ലിപിയിൽ സാക്ഷരരാക്കുന്ന പദ്ധതിയാണ് 'ദീപ്തി -ബ്രെയിലി സാക്ഷരതാ പദ്ധതി'. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് എന്ന സംഘടനയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. കാഴ്ച വെല്ലുവിളി നേരിടുന്നവരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും വർധിപ്പിക്കുക, ഒറ്റപ്പെട്ടു നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക, കലാപരമായ കഴിവുകൾ വികസിപ്പിക്കാനും പ്രകടിപ്പിക്കാനും അവസരം ഒരുക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. അസാപ് കേരളയുമായി ചേർന്നുകൊണ്ട് ബ്രെയിലി സാക്ഷരതാ പഠിതാക്കൾക്ക് തൊഴിൽ മുന്നേറ്റം സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് സാക്ഷരാതാമിഷൻ.■

> **സംസ്ഥാനസർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സമൂഹത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിടവ് മറികടക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, സാക്ഷരതാമിഷൻ അതോറിറ്റി, കൈറ്റ് കേരള എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഡിജിറ്റൽ ബോധവത്കരണ പരിപാടിയാണ് ഇ-മുറ്റം**

**നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2017-18 വർഷത്തിൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും തുടർന്നുണ്ടായ വിദ്യാകിരണം പദ്ധതിയും പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവികസനത്തിലടക്കം വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.**

# കിഫ്ബിയുടെ ചിറകിലേറി ഉയരങ്ങളിലേക്ക



**ജി എച്ച് എസ് എസ് മുണ്ടേരി, കണ്ണൂർ**

കേരളത്തിന്റെ വികസനമെന്നാൽ മനസിൽ ആദ്യം തെളിയുന്ന ചിത്രങ്ങളിലൊന്നായി സ്കൂളുകൾ മാറി. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂളുകളും ഇന്ന് വിദേശസ്കൂളുകളെ വെല്ലുന്ന സൗകര്യങ്ങളോടെ തലയുയർത്തി നിൽക്കുന്നു. ഈ മാറ്റങ്ങൾക്ക് ചുക്കാൻ പിടിച്ചത് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (കിഫ്ബി) ആണ്. കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടെ കിഫ്ബി അടക്കം വിവിധ പദ്ധതികളുടെ ഭാഗമായി 5000 കോടി രൂപക്ക് മുകളിലുള്ള വികസന പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയത്.

പൊതുവിദ്യാലയങ്ങളെ ലോക നിലവാരത്തിൽ എത്തിക്കാനുള്ള അക്ഷീണ പരിശ്രമത്തിലാണ് നമ്മുടെ സർക്കാർ. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകളുടെ കാലത്ത് പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ആകെ 1427 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സ്കൂൾ മികവിന്റെ കേന്ദ്രമാക്കി പരിഷ്കരിച്ചുകൊണ്ടായിരുന്നു തുടക്കം. സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചപ്പോൾ പുറംമോടി മാത്രമല്ല, പ്രൈമറി ക്ലാസ്സുകളിൽ പോലും ഐടി അധിഷ്ഠിത സ്മാർട്ട് ക്ലാസ്സ് പദ്ധതികൾ, വൃത്തിയുള്ള ക്ലാസ് മുറികൾ, ശുചിമുറികൾ എന്നീ നിരവധി സംവിധാനങ്ങളൊരുക്കി.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2017-18 വർഷത്തിൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും തുടർന്നുണ്ടായ വിദ്യാകിരണം പദ്ധതിയും പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവികസനത്തിലടക്കം വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. ഇതിനുള്ള  ചാലകശക്തിയായും ധനസഹായമടക്കമുള്ള പിന്തുണയായും കിഫ്ബി നിലയുറപ്പിച്ചു. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ടാണ്  കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ-കൈറ്റ് സെക്കൻഡറി, ഹയർ സെക്കൻഡറി



ചിത്രങ്ങൾ: ജഗത് ലാൽ

**കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് എച്ച് എസ് എസ്**

ക്ലാസ് മുറികൾ സമ്പൂർണമായി ഡിജിറ്റലാക്കുകയും പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്യുത്. ഇതുവഴി രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഒന്ന് മുതൽ 12 വരെ ക്ലാസ്സുകളിലേക്ക് 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

മികവിന്റെ കേന്ദ്രങ്ങളാക്കാൻ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 973 സ്കൂളുകളിൽ 513 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. വിദ്യാലയ കെട്ടിടങ്ങൾ നവീകരിക്കുന്നതിന് 2350 കോടി രൂപയും ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 786 കോടി രൂപയും വകയിരുത്തി. ആകെ 158 പദ്ധതികളിലായി 3218 കോടി രൂപയാണ് കിഫ്ബി പൊതുവിദ്യാഭ്യാസമേഖലയിൽ മാത്രം വകയിരുത്തിയത്. സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് മാത്രം കൈറ്റ് 682.06 കോടി രൂപ കിഫ്ബി മുഖേന ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നത്, പൊതുവിദ്യാഭ്യാസരംഗത്ത് കിഫ്ബി മുന്നോട്ട് വെക്കുന്ന വികസനത്തിന്റെ വ്യാപ്തി വരച്ചിടുന്നു.

ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ




**ജി എച്ച് എസ് എസ് അരീക്കോട്, മലപ്പുറം**



ജി എച്ച് എസ് പന്നിപ്പാറ, മലപ്പുറം

**പൊതുവിദ്യാഭ്യാസമേഖലയിൽ കിഫ്ബി ഫണ്ടിൽ സാധ്യമായ വികസനപ്രവർത്തനങ്ങളിൽ ചിലത്**

- സംസ്ഥാനത്തെ 513 വിദ്യാലയ കെട്ടിടങ്ങളുടെ നിർമ്മാണപൂർത്തീകരണം,
- 141 സ്കൂളുകളിൽ അഞ്ചുകോടി മുടക്കിൽ പുതിയ കെട്ടിടം നിർമ്മാണം
- 386 സ്കൂളുകളിൽ മൂന്നുകോടി മുടക്കി അടിസ്ഥാന സൗകര്യവികസനം
- 493 കോടി മുടക്കി ഹൈടെക് 45,000 ക്ലാസ്സ്മുറികൾ
- എല്ലാ എൽപി - യുപി സ്കൂളുകളിലും സ്മാർട്ട് ലാബിനായി 292 കോടി
- തീരദേശത്തെ സ്കൂളുകൾക്ക് 56 കോടി...

മുഴുവൻ പാഠപുസ്തകങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ലഭിക്കുന്ന സമഗ്ര പോർട്ടൽ, ഹാജർ, പഠന നിലവാരം, അനുബന്ധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ എന്നിവയടക്കം രക്ഷിതാക്കൾക്കും അധ്യാപകർക്കും വിദ്യാർഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന സമ്പൂർണ പ്ലസ് മൊബൈൽ ആപ്ലിക്കേഷൻ, വിദ്യാർഥിയുടെ പഠനമികവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ രേഖപ്പെടുത്താൻ അധ്യാപകർക്കായി സജ്ജമാക്കിയ



ജി എച്ച് എസ് എസ് കാരാപ്പറമ്പ്, കോഴിക്കോട്



'സഹിതം' പോർട്ടൽ എന്നിവയ്ക്കെല്ലാം ആധാരമാകുന്നത് കിഫ്ബിയിലൂടെ സാധ്യമായ ഡിജിറ്റലൈസേഷനാണ്. ഇതിനൊക്കെ പുറമേ രാജ്യത്തെ സ്കൂൾ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ അടിസ്ഥാനവും ഈ ഡിജിറ്റൽ സംവിധാനങ്ങളാണ്. നിർമ്മിതബുദ്ധി, ഫാക്ട് ചെക്കിങ്, റോബോട്ടിക്സ് തുടങ്ങിയ നവീന മേഖലകൾ വരെ രാജ്യത്താദ്യമായി നമ്മുടെ ഐ.സി.ടി. പാഠപുസ്തകത്തിൽ ഉൾപ്പെടുത്താനായി.

ആയിരത്തോളം സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യവികസനത്തിന് കിഫ്ബി ധനസഹായം നിർണ്ണായക പങ്കാണ് വഹിച്ചത്. അഞ്ച് കോടി, മൂന്ന് കോടി, ഒരുകോടി കിഫ്ബി ധനസഹായമാണ് പ്രാരംഭഘട്ടത്തിൽ വിഭാവനം ചെയ്തതെങ്കിലും നിരക്ക് പുതുക്കൽ വന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്ത മൂന്ന് കോടി ധനസഹായം 3.9 കോടിയായും ഒരുകോടി 1.3 കോടിയായും വർധിച്ചിട്ടുണ്ട്. ഏതാണ്ട് 2,565 കോടിരൂപയുടെ ഭരണാനുമതി കിഫ്ബി മുഖേന ഭൗതികസൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന് ഇതുവരെ ലഭ്യമായിട്ടുണ്ട്.

ഫിഷറീസ് വകുപ്പിലൂടെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന 57 സ്കൂളുകൾക്ക് 66 കോടി രൂപ ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. കായികവകുപ്പിലൂടെ അഞ്ച് സ്കൂൾ കളിസ്ഥലങ്ങൾ വിപുലീകരിക്കുന്നതിനായി 76.38 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകിയതും പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് തന്നെയാണ് മുതൽക്കൂട്ടാകുന്നത്. ■

പി. ടി. രാഹേഷ്



കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന അതിഥിതൊഴിലാളികളുടെ മക്കൾക്ക് യാതൊരു വിവേചനവുമില്ലാതെ പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള ശ്രമം വേറിട്ടതാണ്

# കേരളത്തിൽ പഠിക്കാനെത്തുന്ന ഇന്ത്യ



ചിത്രം: അഭിജിത് വി കെ

കേരളത്തിന്റെ തൊഴിൽ മേഖലയിലെ സുപ്രധാന സാന്നിധ്യമാണ് ഇപ്പോൾ അതിഥിതൊഴിലാളികൾ. വിവിധ തൊഴിൽ മേഖലകളിൽ ഏകദേശം 35 ലക്ഷം അതിഥിതൊഴിലാളികളാണ് വ്യാപൃതരായിട്ടുള്ളത്. അവരവരുടെ നാട്ടുകളിൽ ലഭിക്കുന്നതിനേക്കാൾ കൂടുതലും, മലയാളികൾക്ക് ലഭിക്കുന്നതിനോടൊപ്പം നിൽക്കുന്നതുമായ ദിവസവേതനം ലഭിക്കുന്നതാണ് മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് കേരളത്തെ ആകർഷകമാക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് അതിഥിതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം കേരളത്തിന്റെ ഉത്തരവാദിത്വമായി ഈ സർക്കാർ ഏറ്റെടുക്കുന്നത്. വിദ്യാഭ്യാസ അവകാശനിയമപ്രകാരം ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ നൂറുശതമാനം നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം.


പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന അതിഥിതൊഴിലാളികളുടെ മക്കൾക്ക് യാതൊരു വിവേചനവുമില്ലാതെ പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള ശ്രമം വേറിട്ടതാണ്. സ്കൂളിലെത്താത്ത കോടിക്കണക്കിന് കുട്ടികളും സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്ന ലക്ഷക്കണക്കിന് കുട്ടികളുമുള്ള രാജ്യമാണ് നമ്മുടേത്.

## ശ്രദ്ധേയമായ വർധന

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി ഇവിടത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായെന്ന് ദേശീയമാധ്യമങ്ങൾ ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തി ഇവിടത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായെന്ന് ദേശീയമാധ്യമങ്ങൾ ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

2023-24 അധ്യയന വർഷത്തിൽ 21,229 അതിഥി സംസ്ഥാന വിദ്യാർഥികളാണ് കേരളത്തിൽ പഠിച്ചിരുന്നതെങ്കിൽ 2024-25 വർഷത്തിൽ 24,525 ആയി വർധിച്ചിരിക്കയാണ്. മെച്ചപ്പെട്ട തൊഴിലും വേതനവും ലഭിക്കുന്നതിനോടൊപ്പം മക്കൾക്കും മികച്ച ജീവിതനിലവാരം ഉറപ്പുവരുത്താൻ കേരളത്തിൽ കഴിയുമെന്ന തിരിച്ചറിവിന്റെ തെളിവാണ് അതിഥിതൊഴിലാളികളുടെ മക്കളുടെ സ്കൂൾ പ്രവേശനത്തിൽ ഒരു വർഷം കൊണ്ട് ഉണ്ടായ പതിനഞ്ച് ശതമാനത്തിലധികം വർധനവ്. സർക്കാർ സ്കൂളുകളിൽ 8,490 വിദ്യാർഥികളും എയ്ഡഡ് സ്കൂളുകളിൽ 12,421 വിദ്യാർഥികളുമാണ് കഴിഞ്ഞ അധ്യയനവർഷമുണ്ടായിരുന്നത്. ഇത്തവണ അത് സർക്കാർ സ്കൂളുകളിൽ 10,018 വിദ്യാർഥികളും എയ്ഡഡ് സ്കൂളുകളിൽ 13,619 വിദ്യാർഥികളുമായി വർധിച്ചു. ഈ കണക്കുകൾ നോക്കുമ്പോൾ 18 ശതമാനം വർധനയാണ് സർക്കാർ വിദ്യാലയങ്ങളിൽ മാത്രമുണ്ടായിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ 9.65 ശതമാനത്തിന്റെ വർധനയുമുണ്ടായതായി കാണാം. (പട്ടിക 1)



ബീഹാർ സ്വദേശി ബോലാറായി മകൻ മഹേന്ദ്രസിംഗ് ധോണിയോടൊപ്പം കഞ്ചിക്കോട് ഗവ എൽ പി സ്കൂളിലേക്ക്

**പട്ടിക 1**
**വിവിധ ജില്ലകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം**

| ജില്ല | 2023-24 | 2024-25 |
|---|---|---|
| തിരുവനന്തപുരം | 1657 | 1559 |
| കൊല്ലം | 535 | 680 |
| പത്തനംതിട്ട | 450 | 612 |
| ആലപ്പുഴ | 757 | 854 |
| കോട്ടയം | 946 | 951 |
| ഇടുക്കി | 1453 | 1349 |
| എറണാകുളം | 5653 | 6506 |
| തൃശൂർ | 2109 | 2029 |
| പാലക്കാട് | 815 | 924 |
| മലപ്പുറം | 2133 | 2467 |
| കോഴിക്കോട് | 1554 | 2028 |
| വയനാട് | 395 | 509 |
| കണ്ണൂർ | 1339 | 1926 |
| കാസർകോട് | 1502 | 2131 |
| ആകെ | 21299 | 24525 |

പൊതു വിദ്യാഭ്യാസവകുപ്പ് സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം ഡേറ്റ

**പട്ടിക 2**
**കേരളത്തിൽ പഠിക്കുന്ന അതിഥി തൊഴിലാളികളുടെ മക്കളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വർഗീകരണം**

| സംസ്ഥാനം | 2023-24 | 2024-25 |
|---|---|---|
| തമിഴ്നാട് | 4296 | 4294 |
| അസം | 3161 | 3882 |
| പശ്ചിമ ബംഗാൾ | 3032 | 3758 |
| ബീഹാർ | 2631 | 3380 |
| ഉത്തർപ്രദേശ് | 2570 | 2731 |
| കർണ്ണാടക | 1311 | 1762 |
| ഝാർഖണ്ഡ് | 1099 | 1055 |
| ഒറീസ്സ | 890 | 1003 |
| രാജസ്ഥാൻ | 648 | 653 |
| മധ്യപ്രദേശ് | 305 | 304 |

പൊതു വിദ്യാഭ്യാസവകുപ്പ് സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം ഡേറ്റ

# ദറക്സ തുന്നിച്ചേർക്കുന്നു മലയാളത്തിന്റെ നന്മകൾ




ബിഹാറിലെ ദർഭംഗയിൽനിന്ന് പന്ത്രണ്ട് വർഷം മുമ്പ് അച്ഛനമ്മമാരോടൊപ്പം കേരളത്തിലെത്തിയ ദറക്സ പർവീണയെ അറിയാതെ പോകരുത്. അതിഥി തൊഴിലാളികളുടെ കുട്ടികളുടെ ഭാഷാപഠനത്തിനായി രൂപീകരിച്ച രോഷ്നി പദ്ധതിയിലൂടെ ജീവിതം കരുപ്പിടിപ്പിച്ച ദറക്സ എറണാകുളം ബിനാനിപുരം ഗവ. ഹൈസ്കൂളിലാണ് പഠിച്ചത്. ഹൈസ്കൂൾ പഠനകാലത്തുതന്നെ തയ്യലിലും എംബ്രോയിഡറിയിലും ഫാഷൻ ഡിസൈനിങ്ങിലും ദറക്സ പ്രകടിപ്പിക്കുന്ന താൽപര്യവും മികവും മനസ്സിലാക്കിയ അവളുടെ ടീച്ചർ ഒരു തയ്യൽ മെഷീൻ വാങ്ങിക്കൊടുത്തു. തയ്യൽയന്ത്രവും അധ്യാപകരുടെ പിന്തുണയും പ്രോത്സാഹനവും സ്വന്തം ഇഷ്ടവും ചേർന്ന് അവളെ നയിച്ചത് ഫാഷൻ ഡിസൈനിങ്ങിലേക്കായിരുന്നു. എസ്എസ്എൽസി കഴിഞ്ഞ് ദറക്സ കളമശ്ശേരി ഗവ. പോളി ടെക്നിക്കിൽ ഫാഷൻ ഡിസൈനിങ് ഡിപ്ലോമ കോഴ്സിന് ചേർന്നു. പോളിടെക്നിക്കിൽ ഒന്നാം സ്ഥാനത്തോടെ ഫാഷൻ ഡിസൈനിങ്ങ് ഡിപ്ലോമ കോഴ്സ് വിജയിച്ച് അവൾ തന്റെ തൊഴിൽ മേഖലയിലേക്ക് പ്രവേശിച്ചു.

ബിനാനിപുരം സ്കൂളിലെ 1 മുതൽ 7 വരെ ക്ലാസിൽ പഠിക്കുന്ന ഇതര സംസ്ഥാനങ്ങളിലെ കുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്ന രോഷ്നി വളണ്ടിയറാണ് ഇപ്പോൾ ദറക്സ. തൊട്ടടുത്ത മുപ്പത്തടം സ്കൂളിലും കുട്ടികളെ മലയാളം പരിശീലിപ്പിക്കുന്നു. ബിനാനിപുരം ഹൈസ്കൂളിലെ പ്രവൃത്തിപരിചയ വിഭാഗത്തിന്റെ അനൗദ്യോഗിക ഇൻസ്ട്രക്റ്ററുമാണ് ദറക്സ. ഗാർമെന്റ് മെയ്ക്കിങ്, എംബ്രോയ്ഡറി, ഫാബ്രിക് പെയിന്റിങ്, പാഴ്വസ്തുക്കൾ കൊണ്ടുള്ള ഉൽപന്നങ്ങൾ തുടങ്ങിയ ഇനങ്ങളിൽ ദറക്സയുടെ പ്രാവീണ്യം ആ സ്കൂളുകളിലെ കുട്ടികൾക്ക് ഉപജില്ല - ജില്ലാ തലങ്ങളിൽ പ്രവൃത്തിപരിചയമേളയിൽ നിരവധി സമ്മാനങ്ങൾ നേടിക്കൊടുക്കുന്നു.

ആറാം ക്ളാസിലെ പുതിയ മലയാളം പാഠപുസ്തകത്തിൽ ദറക്സയുടെ ജീവിതമുന്നേറ്റം പാഠഭാഗമായി ഉൾപ്പെടുത്താൻ പാഠപുസ്തക സമിതി തീരുമാനിച്ചു. ദറക്സയുടെ ചെറുതെങ്കിലും ആവേശകരമായ ജീവിതത്തിന്റെ ആഖ്യാനം അവൾ കൂട്ടുകാരിക്കെഴുതുന്ന കത്തിന്റെ രൂപത്തിൽ ഈ ജൂൺ മുതൽ കുട്ടികൾ പഠിക്കും. പാലക്കാട് മുണ്ടൂർ ഐആർടിസിയിൽ നടന്ന യു.പി. മലയാളം എസ്ആർജി ശില്പശാലയിലെത്തിയ ദറക്സ ബിഹാറിൽനിന്ന് തൊഴിൽ തേടി അച്ഛനും അമ്മയ്ക്കുമൊപ്പം പത്താം വയസ്സിൽ കേരളത്തിലെത്തിയതു മുതലുള്ള തന്റെ അനുഭവങ്ങൾ അധ്യാപകരോട് വിശദീകരിച്ചപ്പോൾ ആത്മവിശ്വാസവും ലക്ഷ്യബോധവും പക്വതയുമുള്ള കുട്ടികളെ രൂപപ്പെടുത്തുന്നതിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസം വഹിച്ച പങ്കുകൂടിയാണ് പറഞ്ഞുവെച്ചത്. ജന്മനാട്ടിൽ ഇല്ലാത്തതും കേരളത്തിൽ ലഭിക്കുന്നതുമായ വിദ്യാഭ്യാസ സൗകര്യങ്ങളും പെൺകുട്ടികൾക്കടക്കം ലഭിക്കുന്ന പരിഗണനയും അവർ വിശദീകരിച്ചു. ഇന്ത്യക്കാകെ പഠിക്കാനുള്ള പാഠപുസ്തകമാണ് കേരളമെന്നും ദറക്സ പറയുന്നു.

തമിഴ്നാട്ടിൽ നിന്നുള്ള കുട്ടികളാണ് ഏറ്റവും കൂടുതലുള്ളത്. അസം, പശ്ചിമബംഗാൾ, ബിഹാർ, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് തൊട്ടുപിറകിൽ. 2024-25 വർഷത്തിൽ തമിഴ്നാട്ടിലെ 4294 കുട്ടികളും അസമിലെ 3882 കുട്ടികളും പശ്ചിമബംഗാളിലെ 3758 കുട്ടികളും ബിഹാറിലെ 3380 കുട്ടികളും ഉത്തർപ്രദേശിലെ 2731 കുട്ടികളും കേരളത്തിൽ പഠിക്കുന്നുണ്ട്. ഇന്ത്യയുടെ വ്യത്യസ്ത സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി പഠിക്കുന്ന 24,189 വിദ്യാർഥികളെ കേരളത്തിന്റെ സ്വന്തം മക്കളായാണ് ഇവിടെ കണക്കാക്കുന്നത്. ഭാഷാപരമായ പരിമിതികളും

സാംസ്കാരിക അനുഭവങ്ങളുടെ വ്യത്യാസവും നിർമ്മിക്കാനിടയുള്ള പഠനവിടവ് നികത്താൻ അതിഥിതൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനും വിദ്യാഭ്യാസ വകുപ്പിന് നേതൃത്വത്തിൽ ഈ അധ്യയന വർഷം മുതൽ തീരുമാനിച്ചിട്ടുണ്ട്. ജാതിമത ചിന്തകളും ഭാഷയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളും ശക്തമാകുന്ന നമ്മുടെ രാജ്യത്ത് കേരളം സൃഷ്ടിക്കുന്ന ഒരുമയുടെ ഈ വിദ്യാഭ്യാസ മാതൃക വലിയ മൂല്യങ്ങളാണ് ഉയർത്തിപ്പിടിക്കുന്നത്. അതിഥിതൊഴിലാളികളുടെ മക്കൾ സ്കൂളിൽ പോകുന്നു എന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പാക്കണമെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ നിർദേശം നൽകിയിരുന്നു.■



കഞ്ചിക്കോട് ഗവ എൽ പി സ്കൂളിലെ ഇതരസംസ്ഥാനക്കാരായ വിദ്യാർഥികൾ
ഫോട്ടോ: ശരത് കൽപാത്തി

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് തിരുവനന്തപുരത്ത് സമാപനം

# തുടരും ഈ നേട്ടങ്ങൾ...




കേരളത്തിന്റെ സർവമേഖലകളിലും വികസനത്തിന്റെയും സാമൂഹിക ക്ഷേമത്തിന്റെയും നവമാതൃക തീർത്ത്, പുരോഗതിയുടെ വിജയത്തിളക്കം സൃഷ്ടിച്ച സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് ജനഹൃദയങ്ങളിൽ നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് പരിസമാപ്തി.

ഒൻപത് വർഷം തുടർച്ചയായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ അധികാരത്തിലിരുന്ന സർക്കാരിന്റെ രണ്ടാം ഭരണഘട്ടം നാല് വർഷം പൂർത്തിയാക്കുമ്പോൾ കാസർഗോട്ട് തുടക്കമിട്ട ആഘോഷങ്ങൾക്ക് എല്ലാ ജില്ലകളിലും ഉത്സവഛായ പകർന്ന ശേഷം തലസ്ഥാനനഗരിയിലാണ് സമാപനം കുറിച്ചത്.

വെറും ആഘോഷ പരിപാടികൾക്ക് അപ്പുറം കേരളത്തെ ഇനിയും ഊർജസ്വലമായി മുന്നോട്ട് നയിക്കാനും ജനകീയ ഇടപെടലിന്റെ സാധ്യതകളിലൂടെ എല്ലാ മേഖലകളെയും ഉണർവിന്റെ ഭാഗമാക്കാനും ഉതകുന്ന വിധമാണ് എന്റെ കേരളം ആസൂത്രണം ചെയ്തത്. എല്ലാ ജില്ലകളിലും മുഖ്യമന്ത്രി നേരിട്ടെത്തി ജില്ലാതല, മേഖലാതല യോഗങ്ങളിൽ പങ്കെടുത്തതും അതത് ജില്ലകളിലെ സത്വര ശ്രദ്ധ ആവശ്യമായ വിഷയങ്ങൾ നേരിൽ കേൾക്കുന്നതിനാണ്. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചാണ് ഓരോ ജില്ലകളിലും പരിപാടികൾ കുറ്റമറ്റ രീതിയിൽ ഏകോപിപ്പിച്ചത്. 'എന്റെ കേരളം' വാർഷികാഘോഷത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും ഏഴ് ദിവസത്തെ പ്രദർശന വിപണന മേളകൾ നടന്നത് ഉത്സവ പ്രതീതി ഉണർത്തി.

വകുപ്പുകളുടെ സ്റ്റാളുകൾക്ക് പുറമെ വിപണന സ്റ്റാളുകളും ജനശ്രദ്ധയാകർഷിച്ചു. വകുപ്പുകളുടെ സ്റ്റാളുകളിൽ സർക്കാരിന്റെ ഒൻപത് വർഷത്തെ വികസന - ക്ഷേമ പ്രവർത്തനങ്ങളും നേട്ടങ്ങളും പ്രദർശിപ്പിച്ചു. ഐ&പിആർഡിയുടെ തീം പവലിയൻ, കെ.എസ്.എഫ്.ഡി.സിയുടെ മിനി തിയറ്റർ, പൊലീസിന്റെ ഡോഗ്ഷോ, കാരവൻ ടൂറിസം, മൃഗസംരക്ഷണ വകുപ്പിന്റെ പ്രദർശനം, കുടുംബശ്രീ ഉൾപ്പെടെയുള്ളവരുടെ ഫുഡ് കോർട്ടുകൾ, പുസ്തകമേള, കാർഷിക പ്രദർശനം, ഹരിത കേരള



സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിന്റെ പ്രകാശന വേളയിൽ

## നമുക്ക് കരുത്തോടെ തുടരാം

**സാമ്പത്തിക പുരോഗതിയും സാമൂഹ്യനീതിയും ഉറപ്പുവരുത്തി വികസിത രാജ്യങ്ങൾക്ക് സമാനമായ നിലയിലേയ്ക്ക് കേരളത്തെ ഉയർത്തുക എന്ന ലക്ഷ്യമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. സുസ്ഥിരവും സമത്വപൂർണ്ണവുമായ വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ആ നവകേരളം യാഥാർത്ഥ്യമാക്കാൻ കേരള ജനതയാകെ സർക്കാരിനൊപ്പമുണ്ട്. അടിയുറച്ച പിന്തുണയാണ് ജനങ്ങൾ സർക്കാരിനു ഓരോ ഘട്ടത്തിലും നൽകി വരുന്നത്. പ്രതിസന്ധികളിൽ കരുത്തായും ഉപദേശനിർദേശങ്ങൾ പകർന്നും അവർ കൂടെയുണ്ട്. അതു നൽകുന്ന കരുത്താണ് ഈ നേട്ടങ്ങൾ യാഥാർത്ഥ്യമാക്കാൻ സർക്കാരിനു പ്രചോദനവും ഊർജ്ജവും പകർന്നത്. നാടിനെ വിഭജിക്കുന്ന ശക്തികളെ ഒറ്റക്കെട്ടായി ചെറുത്ത് നവകേരളത്തിനായി നമുക്ക് ഒരുമിച്ചു മുന്നേറാം. ഈ നാലാം വാർഷികാഘോഷങ്ങൾ അതിനു സഹായകമാകട്ടെ. ഇതൊരു ചരിത്രമുഹൂർത്തമാണ്. കേരളത്തിന് ആവശ്യമായതെന്തോ, കേരള ജനത ആഗ്രഹിക്കുന്നതെന്തോ, അത് മികച്ച രീതിയിൽ തുടരാൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കുന്ന മുഹൂർത്തം. ഈ കൂട്ടായ്മയും ഈ ആത്മസമർപ്പണവും ഈ മുന്നേറ്റവും കൂടുതൽ കരുത്തോടെ തുടരാം എന്നാണ് ഈ സന്ദർഭത്തിൽ ആവർത്തിച്ച് പറയാനുള്ളത്.**



മിഷന്റെ പ്രവർത്തനം സംബന്ധിച്ച ഇൻസ്റ്റലഷൻ, സ്റ്റാർട്ടപ്പ് മിഷൻ, ടൂറിസം, കിഫ്ബി, സ്പോർട്സ് എന്നിവയുടെ പ്രത്യേക ഇടങ്ങൾ, കലാപരിപാടികൾ, കലാകാരൻമാരുടെ ലൈവ് ഡെമോൺസ്ട്രേഷൻ, വിദ്യാഭ്യാസ ചർച്ച, വനിതാ മുന്നേറ്റം സെമിനാറുകൾ എന്നിവയെല്ലാം വാർഷികാഘോഷങ്ങൾക്ക് നിറപ്പകിട്ടേകി.

ജനങ്ങൾക്കാവശ്യമായ സേവന ങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ കഴിയുന്ന രീതിയിലാണ് മേള സംഘടിപ്പിച്ചത്. പ്രദർശന-വിപണന മേളയുടെ ഏകോപനം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നിർവഹിച്ചു. കിഫ്ബിയാണ് അടിസ്ഥാന സൗകര്യം ഒരുക്കിയത്.വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്ത വകുപ്പുകൾ സംഘടിപ്പിച്ച സംസ്ഥാനതല യോഗങ്ങളും പരിപാടിയുടെ ഭാഗമായി നടന്നു.

മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷങ്ങളുടെ സമാപന സമ്മേളന ഉദ്ഘാടനവും സർക്കാരിന്റെ വാർഷിക പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും തിരുവനന്തപുരം പുത്തരിക്കണ്ടത്ത്  മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച 'മിഴിവ്' ഷോർട്ട് വീഡിയോ മത്സരത്തിലെ വിജയികൾക്ക് മുഖ്യമന്ത്രി അവാർഡുകൾ വിതരണം ചെയ്തു. ■





License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.06.2025**
KERMAL2014/58028 Price: **12.00**




ലഹരി ഉപേക്ഷിക്കാം
ജീവിതം ആസ്വാദ്യകരമാക്കാം

**SAY NO TO DRUGS**

ഹെൽപ്പ് ലൈൻ നമ്പർ 1938 | 9497979794 | 9497927797

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS